ചെറുകുന്ന് ഗ്രാമ പഞ്ചായത്ത്

# വികസനരേഖ



## ചെറുകുന്ന് ഗ്രാമ പഞ്ചായത്ത്



### വാർഡുകൾ

① താവം
② പുന്നച്ചേരി.കാലിൽ
③ കുന്നനങ്ങാട്. പഴുങ്ങോട്
④ പാടിയിൽ
⑤ ഒണ്ടേമ്പാടം
⑥ പള്ളിച്ചാൽ
⑦ കണ്ണപുരം
⑧ മുണ്ടപ്പുറം, ചുങ്കാറ്
⑨ പള്ളിക്കര

# ജനകീയ ആസൂത്രണ പദ്ധതി
# ചെറുകുന്ന് ഗ്രാമ പഞ്ചായത്ത്
# സമഗ്ര വികസന രേഖ 1996

**വികസന സെമിനാർ 1996 ഡിസംബർ 8**

**ഒതയമ്മാടം യു. പി. സ്കൂൾ.**

**1996 നവംബർ 27 ന് ചേർന്ന പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്നത്.**

കേരളം
കണ്ണൂർ ജില്ല
ചെറുകുന്ന് ഗ്രാമ പഞ്ചായത്ത്



# കണ്ണൂർ ജില്ല




ചെറുകുന്ന് ഗ്രാമ പഞ്ചായത്ത്
വാർഡുകൾ
① താവം
⑥ പള്ളിച്ചാൽ
⑨ പള്ളിക്കര
I
II
III
IV
V
VI
VII
VIII
IX

# വിഷയവിവരം

1 ആമുഖം
2 പൊതുവിവരണം
3 സാമൂഹ്യ-സാംസ്കാരിക ചരിത്രം
4 ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം
5 സാമൂഹ്യ-സാമ്പത്തിക മേഖലകൾ :
5-1 കൃഷിയും ജലസേചനവും
5-2 മൃഗസംരക്ഷണവും മത്സ്യബന്ധനവും
5-3 വ്യവസായം
5-4 വിദ്യാഭ്യാസം
5-5 കുടിവെള്ളവും പൊതുജനാരോഗ്യവും
5-6 ഗതാഗതം, ഊർജ്ജം
5-7 പാർപ്പിടം, സാമൂഹ്യക്ഷേമം
5-8 സംസ്കാരം
5-9 വനിതാക്ഷേമം
5-10 സഹകരണം
5-11 പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം
5-12 വിഭവസമാഹരണം

# പഞ്ചായത്ത് പൊതുവിവരങ്ങൾ

| | | | |
|---|---|---|---|
| 1 | പഞ്ചായത്തിന്റെ പേര് | - | ചെറുകുന്ന് ഗ്രാമ പഞ്ചായത്ത് |
| 2 | വില്ലേജ് | - | ചെറുകുന്ന് |
| 3 | താലൂക്ക് | - | കണ്ണൂർ |
| 4 | ബ്ളോക്ക് | - | തളിപ്പറമ്പ് |
| 5 | ജില്ല | - | കണ്ണൂർ |
| 6 | ബ്ളോക്ക് പഞ്ചായത്ത് ഡിവിഷൻ | - | ചെറുകുന്ന് |
| 7 | ജില്ലാ പഞ്ചായത്ത് ഡിവിഷൻ | - | ചെറുകുന്ന് |
| 8 | അസംബ്ളി മണ്ഡലം | - | അഴീക്കോട് |
| 9 | പാർലിമെന്റ് മണ്ഡലം | - | കണ്ണൂർ |
| 10 | വിസ്തീർണ്ണം | - | 15.37 ച. കി. മി. |
| 11 | ജനസംഖ്യ | - | 17,089 (പുരുഷൻ 7800, സ്ത്രീകൾ 9289) (അവലംബം 1996 ലെ കണക്ക്.) |
| 12 | വാർഡുകളുടെ എണ്ണം | - | 9 |
| 13 | പ്രസിഡണ്ട് | - | പി. പി. നാണി. |
| 14 | വൈസ് പ്രസിഡണ്ട് | - | വി. വി. നാരായണൻ മാസ്റ്റർ |
| 15 | സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ | - | അഡ്വ. ഇ. കെ. രാമകൃഷ്ണൻ |

# അതിരുകൾ

| | | |
|---|---|---|
| വടക്ക് | - | പഴയങ്ങാടി പുഴ |
| പടിഞ്ഞാറ് | - | മാട്ടൂൽ പുഴ |
| തെക്ക് | - | കണ്ണപുരം പഞ്ചായത്ത് |
| കിഴക്ക് | - | കണ്ണപുരം പഞ്ചായത്ത് കുറ്റിക്കോൽ പുഴ, പട്ടുവം പുഴ |

ജനസംഖ്യ - 16246 ( പുരുഷൻ : 7473
സ്ത്രീ : 8773)
അവലംബം : ( 1991 - ലെ കാനേഷുമാരി കണക്ക്)

## ഭരണപരമായ ചരിത്രം

1958 മുതൽ 1963 വരെ.

| | | |
|---|---|---|
| പ്രസിഡണ്ട് | - | കെ. വി. അമ്പുക്കുട്ടി |
| വൈ: പ്രസിഡണ്ട് | - | കെ. കെ. ആർ. നമ്പ്യാർ |

1964 മുതൽ 1979 വരെ.

| | | |
|---|---|---|
| പ്രസിഡണ്ട് | - | കെ. ഒതേനൻ |
| വൈ: പ്രസിഡണ്ട് | - | എൻ. സി. ശേഖരൻ |

1979 മുതൽ 1984 വരെ.

| | | |
|---|---|---|
| പ്രസിഡണ്ട് | - | പി.എം. ചെമ്മരൻ |
| വൈ: പ്രസിഡണ്ട് | - | കെ. പി. അബ്ദുൾ ജബ്ബാർ |

1984 മുതൽ 1988 വരെ. ഉദ്യോഗസ്ഥ ഭരണം.

1988 മുതൽ 1995 വരെ.

| | | |
|---|---|---|
| പ്രസിഡണ്ട് | - | വി. വി. നാരായണൻ മാസ്റ്റർ |
| വൈ: പ്രസിഡണ്ട് | - | കെ. കുമാരൻ മാസ്റ്റർ. |

## 1995 മുതൽ നിലവിലുള്ള ഭരണസമിതി അംഗങ്ങൾ.

| | | |
|---|---|---|
| പി. പി. നാണി | - | പ്രസിഡണ്ട്. |
| വി. വി. നാരായണൻ മാസ്റ്റർ | - | വൈസ് പ്രസിഡണ്ട്. |
| അഡ്വ: ഇ. കെ. രാമകൃഷ്ണൻ | - | സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ. |
| എം. മോഹനൻ | - | മെമ്പർ. |
| പി. പി. പുരുഷോത്തമൻ | - | " |
| കെ. വി. ഇന്ദിര | - | " |
| കെ. വി. നാരായണി ടീച്ചർ | - | " |
| ടി. ഗ്രേഷ്യൻ മാസ്റ്റർ | - | " |
| കെ. സുരേഷ് | - | " |

ജനകീയാസൂത്രണം-ചെറുകുന്ന് ഗ്രാമ പഞ്ചായത്ത്

ശ്രീ. കെ. കുമാരൻ മാസ്റ്റർ

കൺവീനർ

## വിഷയ ഗ്രൂപ്പ് കൺവീനർമാർ

| | | | |
|---|---|---|---|
| 1 | കൃഷി-ജലസേചനം | - | ഇ. ടി. ദാമോദരൻ |
| 2 | മൃഗസംരക്ഷണം, മത്സ്യബന്ധം | - | ബാലൻ പാടിയിൽ |
| 3 | വിദ്യാഭ്യാസം , സംസ്ക്കാരം | - | എം. ശെൽവകുമാർ മാസ്റ്റർ |
| 4 | കുടിവെള്ളം, പൊതുജനാരോഗ്യം | - | സി. ഗോപിനാഥൻ |
| 5 | വ്യവസായം, ഊർജ്ജം, ഗതാഗതം | - | എൻ. വി. ബാലകൃഷ്ണൻ മാസ്റ്റർ |
| 6 | പാർപ്പിടം, സാമൂഹ്യക്ഷേമം, വനിതാക്ഷേമം, പട്ടിക-ജാതി പട്ടികവർഗക്ഷേമം | - | കെ. സുമിത്രൻ മാസ്റ്റർ |
| 7 | സഹകരണം, വിഭവ സമാഹരണം | - | സി. എച്ച്. പ്രദീപ് കുമാർ |

# ആമുഖം

പഞ്ചവത്സര പദ്ധതികളുടെ പ്രയോജനങ്ങൾ എല്ലാ വിഭാഗങ്ങളിലും പെട്ട ജനങ്ങൾക്ക് ലഭിക്കുവാൻ പദ്ധതികൾ ശാസ്ത്രീയമായും ശ്രദ്ധാപൂർവ്വവും സംവിധാനം ചെയ്യപ്പെടേണ്ടതുണ്ടല്ലോ. കഴിഞ്ഞ കാല പദ്ധതികൾ വികസനരംഗത്ത് വേണ്ടരീതിയിൽ സ്വാധീനം ചെലുത്താത്തത് എന്തുകൊണ്ടാണെന്നകാര്യം ഈ സന്ദർഭത്തിൽ ചിന്തനീയമാണ്. ഗ്രാമതലങ്ങളിൽ വെച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയാലേ ജനങ്ങൾക്ക് പ്രയോജനകരമാവൂ എന്ന വസ്തുത ഇന്ന് എല്ലാവരും അംഗീകരിച്ചിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ പ്രസക്തിയും പ്രാധാന്യവും ഈ പശ്ചാത്തലത്തിൽ വേണം പരിഗണിക്കുവാൻ.

ഭരണഘടനയിലെ 73, 74 ഭേദഗതികൾ നടപ്പായതോടെയാണ് പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വരുന്നത്. നിയമം നടപ്പിലായതോടെ അധികാര വികേന്ദ്രീകരണത്തിന്റെ പ്രാധാന്യത്തെ പറ്റി ജനങ്ങളിൽ വ്യാപകമായ പ്രചാരവും ബോധവൽക്കരണവും ഉണ്ടായി. നമ്മുടെ കഴിഞ്ഞകാല പദ്ധതികളുടെ രൂപീകരണത്തിലുംനടത്തിപ്പിലും ജനങ്ങൾക്കു യാതൊരു പങ്കാളിത്തവും ഉണ്ടായിരുന്നില്ല. മുകളിൽ നിന്നുള്ള തീരുമാനങ്ങളുടെയും, ധാരണകളുടെയും അടിസ്ഥാനത്തിലായിരുന്നു പദ്ധതികൾ തയ്യാറാക്കിയിരുന്നത്. അതുകൊണ്ടുതന്നെ ജനങ്ങളുടെ ആവശ്യങ്ങളും, താത്പര്യങ്ങളും അവഗണിക്കപ്പെട്ടു. ഈ ദുരവസ്ഥയ്ക്കു മാറ്റം വരുത്താനുള്ള ശ്രമമാണ് ജനകീയ ആസൂത്രണം.

പഞ്ചായത്ത് രാജ് നിയമത്തിന്റെ 175-ാം വകുപ്പ് പഞ്ചായത്തുകൾക്കു ആസൂത്രണ രംഗത്ത് വിപുലമായ അധികാരം നൽകുന്നുണ്ടല്ലോ. ഈ അധികാരം ഫലപ്രദമായും കാര്യക്ഷമമായും വിനിയോഗിക്കാനും ഓരോ പ്രദേശത്തിനും അനുയോജ്യമായ പദ്ധതികൾക്കു രൂപം നൽകാനും ജനകീയ ആസൂത്രണ പരിപാടി ലക്ഷ്യമാക്കുന്നു. വികസനരംഗത്തെ പ്രതിസന്ധികളെ മറികടക്കാനും വെല്ലുവിളികളെ നേരിടാനും, ജനങ്ങളെ സജ്ജരാക്കുവാൻ ഇത്തരം ഒരാസൂത്രണത്തിലൂടെ സാധിക്കുമെന്ന കാര്യത്തിൻ സംശയമില്ല. വികസന പ്രവർത്തനങ്ങൾ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും വിവിധ തലങ്ങളിൽ നിന്നും ലഭിക്കുന്ന സൗജന്യങ്ങളല്ലെന്നും ജനങ്ങളുടെ ജീവിത സാഹചര്യങ്ങളെ മെച്ചപ്പെടുത്താനുള്ള ജനങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങളാണെന്നുമുള്ള പുതിയ അവബോധമാണ് ജനകീയ ആസൂത്രണത്തിന്റെ കാതൽ.

ജനകീയാസൂത്രണത്തിന്റെ ഈ പുതിയ പാതയിലൂടെ മുന്നോട്ടു നീങ്ങിയാൽ നമ്മുടെ ഗ്രാമ പഞ്ചായത്തിന് ശോഭനമായ മുഖച്ഛായ നൽകാൻ സാധിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. ആസൂത്രണത്തിനനുസരിച്ച് പ്രവർത്തനങ്ങൾ പ്രായോഗികമാക്കുവാൻ ജനങ്ങൾ തന്നെ മുന്നിട്ടിറങ്ങുമ്പോൾ നേട്ടങ്ങൾ അത്ഭുതകരമായിരിക്കുമല്ലോ.

അധികാരം ജനങ്ങളിലെത്തിക്കുവാനും ജനാഭിലാഷങ്ങൾക്കു രൂപം കൊടുക്കുവാനും കേരളമാകെ തയ്യാറെടുത്തുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ചെറുകുന്ന് പഞ്ചായത്തും വ്യക്തമായ ദിശാബോധത്തോടെ മുന്നോട്ടു നീങ്ങുകയാണ്. ഒമ്പതാം പഞ്ചവത്സരപദ്ധതിക്കു രൂപം കൊടുക്കാനുള്ള ജനകീയ ആസൂത്രണ പരിപാടിയുടെ ഭാഗമായി ഈ പഞ്ചായത്തിൽ നടന്ന വിശേഷാൽ ഗ്രാമ സഭകൾ പ്രത്യേകം ശ്രദ്ധാർഹമാണ്. തങ്ങളുടെ പ്രദേശത്തെപ്പറ്റി ചിന്തിക്കുവാനും പ്രാദേശികമായ ആവശ്യങ്ങളെയും, പ്രശ്നങ്ങളെയും പറ്റി ചർച്ചചെയ്യുവാനും ജനങ്ങൾ കാണിച്ച താത്പര്യവും, ഉത്സാഹവും ആവേശകരമാണ്. ജനപങ്കാളിത്തത്തിന്റെയും കൂട്ടായ്മയുടെയും കേന്ദ്രങ്ങളായി മാറിയ ഗ്രാമ സഭകൾ നാട്ടുകാർക്കു വികസനത്തെയും, ആസൂത്രണത്തെയും സംബന്ധിച്ച് നൂതനമായ അവബോധവും, കാഴ്ചപ്പാടും നൽകാൻ പ്രയോജനപ്പെട്ടു എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 13-9-96 ന് പഞ്ചായത്ത് തല ജനകീയാസൂത്രണ ശില്പശാലയും തുടർന്ന് വിശേഷാൽ ഗ്രാമ സഭകളും നടന്നു. ഗ്രാമ സഭകൾ 22.9.96ന് ആരംഭിക്കുകയും 2.10.96ന് അവസാനിക്കുകയും ചെയ്തു.

വിശേഷാൽ ഗ്രാമസഭകളിൽ നിന്ന് ഒട്ടേറെ പ്രശ്നങ്ങളും ആവശ്യങ്ങളും നിർദ്ദേശങ്ങളും ഉയർന്നുവരികയുണ്ടായി. അവയെല്ലാം സമഗ്രമായ ചർച്ചകൾക്കു വിധേയമാവുകയും ചെയ്തു. ഗ്രാമ സഭകളിൽവെച്ചു നടന്ന ചർച്ചകളുടെയും ദ്വിതീയ വിവരശേഖരണത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ വികസന റിപ്പോർട്ട്. വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്ന ഒട്ടേറെ ആളുകളുടെ സേവനങ്ങൾ ഈ റിപ്പോർട്ടിനു രൂപം നൽകാൻ സഹായകമായിട്ടുണ്ടെന്ന വസ്തുതയും ചൂണ്ടിക്കാണിക്കേണ്ടതുണ്ട്.

ചെറുകുന്നിന്റെ ഒമ്പതാം പദ്ധതി രൂപീകരിക്കാനും അതിന്റെ ഭാഗമായുള്ള വിവിധ സ്കീമുകൾ തയ്യാറാക്കാനും മാർഗ ദർശകങ്ങളായ കാര്യങ്ങൾ ഈ വികസന റിപ്പോർട്ടിലുണ്ട്. പഞ്ചായത്ത് വികസന സെമിനാറിന്റെ സമഗ്രമായ പരിഗണനയ്ക്കും ചർച്ചയ്ക്കുമായി ഞങ്ങൾ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

# സാമൂഹ്യ സാംസ്കാരിക ചരിത്രം

**മധ്യകാലഘട്ടത്തിൽ കോലത്തുനാട് (ചിറക്കൽ) രാജവംശത്തിന്റെ അധീനതയിലായ ഒരു ഭൂവിഭാഗമാണ് ചെറുകുന്ന്. കൊച്ചുകൊച്ചു കുന്നുകളുള്ള സ്ഥലം എന്നനിലയിൽ 'ചെറുകുന്ന്' എന്ന പേര് അന്വർത്ഥമാണല്ലോ. സുപ്രസിദ്ധമായ അന്നപൂർണ്ണേശ്വരിക്ഷേത്രവുമായി ബന്ധപ്പെടുത്തിക്കൊണ്ട് ചോറ് 'കുന്നുപോലെ ഉണ്ടായിരുന്ന സ്ഥലം' കാലാന്തരത്താൽ ചെറുകുന്നായി മാറിയതാവാം എന്ന് ഐതിഹ്യമുണ്ട്. വിശ്വാസങ്ങളും സങ്കല്പങ്ങളും എന്തായാലും പ്രകൃതി രമണീയമായ ഒരു ഭൂഭാഗമെന്ന നിലയിൽ ശ്രദ്ധേയമായ തനിമയും മഹിമയും ചെറുകുന്നിനുണ്ടെന്ന കാര്യത്തിൽ തർക്കമില്ല.**

**ലഫ്റ്റനന്റ് വാർഡ് പഠനം നടത്തി, 1906-ൽ പ്രസിദ്ധീകരിച്ച മലബാറിന്റെ ഒരു സ്മൃതി (A Descriptive Memoir of Malabar) എന്ന പുസ്തകത്തിൽ ചിറക്കൽ താലൂക്കിൽ 22-ാം നമ്പർ ഗ്രാമമായി ചെറുകുന്ന് പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. വളപട്ടണം പുഴയ്ക്കും പഴയങ്ങാടി പുഴയ്ക്കും ഉടനീളമായി വിസ്തൃതമായ വയൽപ്പാടങ്ങളെപ്പറ്റിയും അവിടങ്ങളിലുള്ള ചെറുതും വലുതുമായ കുളങ്ങളെപ്പറ്റിയും ലഫ്. വാർഡ് വിവരിച്ചിട്ടുണ്ട്.**

**1932-ൽ വില്ലേജുകൾ പുനർ നിർണ്ണയം ചെയ്തപ്പോൾ ആദ്യകാലത്ത് ചെറുകുന്നിന്റെ ഭാഗമായിരുന്ന കണ്ണപുരം മറ്റൊരു വില്ലേജായി മാറി. ഇപ്പോൾ കണ്ണപുരം പഞ്ചായത്തിൽ ഉൾപ്പെട്ട സബ് പോസ്റ്റ് ഓഫീസ്, ഹൈസ്കൂൾ, പ്രാഥമിക ആരോഗ്യകേന്ദ്രം എന്നിവ ചെറുകുന്നിന്റെ പേരുമായി ബന്ധപ്പെട്ടിട്ടാണ് അറിയപ്പെടുന്നത് എന്ന വസ്തുത അവികല ചെറുകുന്നിന്റെ പ്രാധാന്യം വിളിച്ചറിയിക്കുന്നു.**

പഴയ ചിറക്കൽ താലൂക്കിൻെറ ഭാഗമായ ചെറുകുന്നിൽ ബ്രിട്ടീഷ് ഭരണ കാലത്ത് ഭൂമിയുടെ ഉടമസ്ഥത ഭൂരിഭാഗവും സവർണ്ണജാതിക്കാർക്കായിരുന്നു. ഭൂസ്വത്ത് മിക്കവാറും അത്തരക്കാർ കൈയടക്കി യതിനാൽ സാധാരണ ഗ്രാമീണ ജനത സാമൂഹ്യമായും സാമ്പത്തികമായും സാംസ്ക്കാരികമായും പിന്നോക്കാവസ്ഥ യിൽ കഴിഞ്ഞുകൂടി.

പൊതുവഴികളിലൂടെ നടക്കാനും ക്ഷേത്രങ്ങളിൽ പ്രവേശിക്കാനും സമൂഹ ത്തിലെ ദരിദ്ര-പിന്നോക്ക-അധഃസ്ഥിത വിഭാഗങ്ങൾക്ക് സ്വാതന്ത്ര്യവും സൗകര്യവു മില്ലാതിരുന്ന കാലഘട്ടത്തിൽ ഉൽപതി ഷ്ണുക്കളും പുരോഗമനേച്ഛുക്കളുമായ ആളുകൾ ചെറുകുന്നിൻെറ പല പ്രദേശ ങ്ങളിലുമായി പ്രവർത്തന രംഗത്തേക്കു വന്നു. ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാന ത്തിൻെറ ഭാഗമായി കോൺഗ്രസ് പ്രസ്ഥാ നം, കർഷക പ്രസ്ഥാനം, കമ്യൂ: പ്രസ്ഥാനം എന്നിവയുടെ പ്രവർത്തനങ്ങൾ സജീവ മായി. ഇത്തരം പ്രവർത്തനങ്ങളുടെ ഫല മായി ജനങ്ങളിൽ സ്വാതന്ത്ര്യ ദാഹവും, അവകാശബോധവും, സംഘബോധവും ശക്തമാവാൻ തുടങ്ങി. ദരിദ്ര-പിന്നോ ക്ക-അധഃകൃത വിഭാഗങ്ങളിൽപ്പെട്ട ആളു കളെ വിദ്യാഭ്യാസത്തിൻെറ ആവശ്യകതയും, പ്രാധാന്യവും ബോദ്ധ്യപ്പെടുത്താൻ ദേശീ യ-പുരോഗമന ബോധമുള്ള നേതാക്കൾ സജീവമായി പ്രവർത്തിച്ചു. അധഃസ്ഥിത വിഭാഗങ്ങളിൽപ്പെട്ട ജനങ്ങളുടെ ഉന്നമന ത്തിനായി പ്രവർത്തിച്ച ഫാദർ കയ്റോ ണിയുടെ സേവനങ്ങൾ എടുത്തുപറയത്ത ക്കതാണ്. 'മരത്തനു വഴിനടന്നുകൂടാ, മത്തായിക്കുവഴി നടക്കാം' എന്ന അവസ്ഥ യിൽനിന്നും എല്ലാവർക്കും വഴിനടക്കാനും വിദ്യാഭ്യാസം ചെയ്യാനുമുള്ള സ്വാത ന്ത്ര്യവും, സൗകര്യവും ലഭ്യമാക്കാൻ അവർ അനുഷ്ഠിച്ച ത്യാഗനിർഭരമായ സേവന ങ്ങൾ നമുക്ക് ഒരിക്കലും മറക്കാനാവില്ല. ജാതിയുടെ പേരിലുള്ള ഉച്ചനീചത്വ ത്തിന്നെതിരായി ആ കാലഘട്ടത്തിൽ നടന്ന പ്രവർത്തനങ്ങൾ ആവേശോജ്ജ്വലങ്ങളാണ്. ചെറുകുന്ന് അന്നപൂർണ്ണേശ്വരി ക്ഷേത്ര ത്തിലെ ഉത്സവകാലത്ത് വട്ടപ്പന്തലിൽ വെച്ച് കറുത്തവർക്ക് നേരെയുണ്ടായ മർദ്ദനങ്ങളും അവയ്ക്കെതിരായി കർഷക പുരോഗമന പ്രസ്ഥാനത്തിൻെറ പ്രവർ ത്തകർ സംഘടിപ്പിച്ച ചെറുത്തുനില്പും ഇവിടെ സ്മരണീയമാണ്.

1939 ൽ നടന്ന കെ. പി. സി. സി. സമ്മേളനം ബക്കളം സമ്മേളനം എന്ന പേരിൽ പ്രശസ്തമാണല്ലോ. ഈ സമ്മേളന ത്തിനുശേഷം ചെറുകുന്നിലെ സാമൂ ഹ്യ-രാഷ്ട്രീയ മണ്ഡലങ്ങളിൽ പുതിയ ഉണർവ്വും ഉത്സാഹവുമുണ്ടായി. കൃഷി ക്കാരിൽ നിന്നും തൊഴിലാളികളിൽ നിന്നും ഉല്പന്നങ്ങളും മറ്റും ശേഖരിച്ച് ആറോൺ മിൽ തൊഴിലാളിസമരത്തെ സഹായിക്കാ നുള്ള പ്രവർത്തനങ്ങളും ചെറുകുന്നിൽ നടന്നു.

രണ്ടാം ലോകമഹായുദ്ധത്തെ തുടർന്ന് നാട്ടിലുടനീളം ഉണ്ടായ പട്ടിണി യും ഭക്ഷ്യക്ഷാമവും ജനങ്ങളെ മഹാദുരിത ങ്ങളിലേക്കു നയിച്ചു.

'ഉദയം തൊട്ടന്ത്യോളം ചളിയിൽ നമ്മൾ പണിചെയ്തുവന്നാലും കൊണ്ടായി യല്ലോ' - എന്നതായിരുന്നു സാധാരണ ക്കാരായ കർഷകത്തൊഴിലാളികളുടെ അവസ്ഥ.

ഈ അവസ്ഥയിൽ നിന്നും ദരിദ്ര ജനവിഭാഗങ്ങളെയാകെ മോചിപ്പിക്കാൻ കർഷകപ്രസ്ഥാനവും ഇടതുപക്ഷ പ്രസ്ഥാ നവും രംഗത്തിറങ്ങി. എന്നാൽ സ്വാതന്ത്ര്യ

പ്രസ്ഥാനത്തെയും കർഷക പ്രസ്ഥാനത്തെയും തകർക്കാനും പ്രവർത്തകരെ പീഡിപ്പിക്കാനും അക്കാലത്ത് ചിലർ ഒളിഞ്ഞും തെളിഞ്ഞും ശ്രമിച്ചിരുന്നു.

അയിത്തോച്ചാടന പ്രസ്ഥാനത്തിന്റെ ഭാഗമായ പ്രവർത്തനങ്ങളും ചെറുകുന്നിൽ നടക്കുകയുണ്ടായി. 1942-ൽ ലേബർ സ്കൂളിൽവച്ച് (ഇന്നത്തെ ഗവഃവെൽഫേർ ഹൈസ്കൂളിന്റെ പഴയ പേര്) സംഘടിപ്പിക്കപ്പെട്ട മിശ്രഭോജന പരിപാടി ഇക്കൂട്ടത്തിൽപ്പെടുന്നു.

മാനേജ്മെൻറ് സ്കൂളുകളിൽ ജോലി ചെയ്തിരുന്ന അദ്ധ്യാപകർ അനുഭവിച്ചിരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അക്കാലത്ത് സംഘടിപ്പിക്കപ്പെട്ട അദ്ധ്യാപക സമരങ്ങൾ ചെറുകുന്നിലും നടക്കുകയുണ്ടായി. ശനിയൻസഭാ ബഹിഷ്ക്കരണം അദ്ധ്യാപക സമര ചരിത്രത്തിൽ ശ്രദ്ധേയമാണ്. സ്വാതന്ത്ര്യപ്പോരാളിയായ ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാരുടെ സേവനങ്ങൾ ഇവിടെ സ്മരണീയമാണ്.

1946-ൽ നടന്ന കരിവെള്ളൂർ സമരത്തിന്റെയും തുടർന്ന് നടന്ന കർഷക പ്രസ്ഥാനത്തിന്റെ ചെറുത്തുനില്പിന്റെയും അലയൊലികൾ ഈ പഞ്ചായത്തിലും വ്യാപിക്കുകയുണ്ടായി. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം കമ്മ്യു: പാർട്ടി പ്രവർത്തകർ വിവരണാതീതമായ മർദ്ദനങ്ങൾക്കിരയായത് ഈ പശ്ചാത്തലത്തിലാണ്.

ദേശീയ പ്രസ്ഥാനത്തിന്റെയും കർഷക പ്രസ്ഥാനത്തിന്റെയും കമ്മ്യു:പ്രസ്ഥാനത്തിന്റെയും വളർച്ചയോടെയാണ് ചെറുകുന്നിൽ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ ത്വരിതഗതിയിലുള്ള മാറ്റങ്ങളും പുരോഗതിയുമുണ്ടായത്. വായനശാലകളും കലാസമിതികളും രൂപം കൊള്ളുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്ത 1930-40 കളിൽ സാംസ്കാ രിക രംഗം സജീവമാവുകയും 1950കളിൽ ശക്തമാവുകയും ചെയ്തു. 1957-59 കാലഘട്ടത്തിൽ കേരളം ഭരിച്ച കമ്മ്യൂ:മന്ത്രിസഭ കാർഷിക പരിഷ്ക്കരണ- വിദ്യാഭ്യാസ മേഖലകളിൽ പുരോഗമനപരമായ നിയമങ്ങൾ പ്രാവർത്തികമാക്കിയതോടെ സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിലാകെ നവചൈതന്യം ദൃശ്യമായി.

ഈ നൂറ്റാണ്ട് അവസാനിക്കാൻ ഏതാനും വർഷങ്ങളേയുള്ളൂ. ചെറുകുന്ന് പഞ്ചായത്തിലെ കാർഷിക-വ്യാവസായിക -സേവന മേഖലകളിലുണ്ടായിട്ടുള്ള മാറ്റങ്ങൾക്കൊപ്പം പുതിയ പല പ്രശ്നങ്ങളെയും വെല്ലുവിളികളെയും നമുക്ക് നേരിടേണ്ടതായിട്ടുണ്ട്. ജാതിമത കക്ഷി രാഷ്ട്രീയ ഭേദമില്ലാതെ മുഴുവനാളുകളുടെയും സഹായ സഹകരണങ്ങൾ ലഭിച്ചാലേ ചെറുകുന്നിന്റെ വികസനം യാഥാർത്ഥ്യമാക്കാൻ കഴിയൂ എന്നതാണ് ചരിത്രം നമുക്ക് നൽകുന്ന പാഠം. ഈ പാഠം മനസ്സിലാക്കി അർപ്പണ ബോധത്തോടെ പ്രവർത്തിക്കാൻ നമുക്ക് ഒറ്റക്കെട്ടായി രംഗത്തിറങ്ങാം.



# ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് ചെറുകുന്ന് പഞ്ചായത്തിനെ 4 മേഖലകളാക്കാം.

1 ഉയർന്ന സമതലം
2 ചെരിവു പ്രദേശങ്ങൾ
3 തീര സമതലം
4 ചതുപ്പുനിലങ്ങൾ

## 1 <u>ഉയർന്ന സമതലം:</u>

സമുദ്രനിരപ്പിൽ നിന്ന് 25 മീറ്റർ മുതൽ 30 മീറ്റർവരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഒമ്പത് കുന്നുകളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. കവിണിശ്ശേരിക്കുന്ന്, പാടിയിൽ കുന്ന്, കവിണിശ്ശേരി ലക്ഷംവീട് കുന്ന്, ചിടങ്ങിൽ കുന്ന്, ഒദയമ്മാടം കുന്ന്, കിഴക്കെ കുന്ന്, കുന്നിൻമതിലകം എന്നിവയാണ് അവ. കവിണിശ്ശേരിക്കുന്നിൽ ശുദ്ധജലം ലഭ്യമാകുന്നു എന്നത് ആശാവഹമായ ഒരു വസ്തുതയാണ്. കുന്നുകളുടെ മുകൾഭാഗത്തെ മണ്ണ് ചരൽനിറഞ്ഞ ചെമ്മണ്ണാണ്. ഇടക്കിടെ കടുപ്പമുള്ളതും വലുപ്പം കുറഞ്ഞതുമായ ചെങ്കൽപാറകളുണ്ട്. കവിണിശ്ശേരിക്കുന്നിൽ ഏകദേശം 1 മുതൽ 3 മീറ്റർ താഴ്ചയിൽ വെറും ചേടിമണ്ണാണുള്ളത്. കുന്നിൻ മുകളിലുള്ള പരന്നപ്രദേശങ്ങളിൽ മഴക്കാലത്ത് പുല്ല് വളരുന്നുണ്ടെങ്കിലും അതുപയോഗപ്രദമായി വിനിയോഗിക്കാത്തതിനാൽ പാഴായിപ്പോവുകയാണ്.

## പഠന പര്യടനം - മുണ്ടത്തടം മുതൽ മുട്ടിൽ ഡാം വരെ

| മുണ്ടത്തടം | കവിണിശ്ശേരി കുന്നുകയറ്റം 300 മീ | കവിണിശ്ശേരി കുന്ന് 25 മീ | പാടിയിൽ കുന്നിറക്കം 200 മീ | പാടിയിൽ കുന്നിറക്കം 120 മീ | സമതലം 580 മീ | സമതലം 500 മീ | സമതലം 500 മീ | സമതലം 500 മീ | സമതലം 500 മീ | സമതലം 275 മീ |
|---|---|---|---|---|---|---|---|---|---|---|
| സ്ഥാനം | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| ഭൂപ്രകൃതി | കുന്നിൻചെരിവ് | കുന്നിൻ മണ്ട | കുന്നിൻ ചെരിവ് | കുന്നിൻ ചെരിവ് | സമതലം ഒരുഭാഗം കയ്പ്പാട് പ്രദേശം | സമതലം | സമതലം | സമതലം | സമതലം | സമതലം |
| മൺതരം | ചരൽ മണ്ണ് ചെങ്കൽപ്പാറ | ചരൽ മണ്ണ് പാറ തരിശ് | ചരൽ മണ്ണ് ചേടിമണ്ണ് ഉരുളൻ പാറ | ചരൽ മണ്ണ് ചേടിമണ്ണ് വെള്ളാരക്കല്ല് | കയ്പാട്ചളി പ്രദേശം ചേടിമണ്ണ് കരപ്രദേശം | ഒരുഭാഗം കയ്പ്പാട് ചെളിയുള്ള മണൽമണ്ണ് | ചെളിയുള്ള മണൽമണ്ണ് | ചെളിയുള്ള മണൽമണ്ണ് | ചെളിയുള്ള മണൽമണ്ണ് | ചെളിയുള്ള മണ്ണ് |
| സസ്യാവരണം | കശുമാവ് തെങ്ങ് | പുൽമേട | കശുമാവ് | തെങ്ങ് കുരുമുളക് കവുങ്ങ് | നെല്ല്,വാഴ,തെങ്ങ് ചെമ്മീൻകൃഷി (കയ്പ്പാട്പ്രദേശത്ത്) | നെല്ല്,തെങ്ങ് വാഴ ചെമ്മീൻകൃഷി | നെല്ല്, തെങ്ങ് വാഴ | നെല്ല്, തെങ്ങ് ചെമ്മീൻകൃഷി | നെല്ല്, തെങ്ങ് ചെമ്മീൻകൃഷി തരിശ് | നെല്ല്,തെങ്ങ് ചെമ്മീൻ കൃഷി |
| പരിസ്ഥിതി പ്രശ്നം | —— | —— | —— | കുന്നിടിച്ചത് കൊണ്ട് മണ്ണിടിച്ചിൽ ഉണ്ടായിട്ടുണ്ട് | —— | —— | കൊവ്വപ്പുറംറെയിൽഗെയിറ്റിനടുത്ത് വെള്ളംകെട്ടിനിൽക്കുന്നപ്രശ്നമുണ്ട്.ജലനിർഗ്ഗമന മാർഗ്ഗംഅടഞ്ഞുപോയതാണ്പ്രശ്നത്തിനുകാരണം.കൊവ്വപ്പുറത്ത് മാർക്കറ്റില്ലാത്തതുകൊണ്ട്മത്സ്യംറോഡരുകിൽവില്പനനടത്തുന്നതിനാൽപരിസ്ഥിതിദൂഷിതമാകുന്നു. | ചെമ്മീൻവളർത്തുന്നതു കൊണ്ട് കുടി വെള്ളം മലിനമാകുന്നുവെന്ന പ്രശ്നമുണ്ട് | —— | ചെമ്മീൻവളർത്തുന്നതുകൊണ്ട്കുടിവെള്ളം മലിനമാകുന്നുവെന്ന്പരാതിയുണ്ട്.സ്റ്റോൺക്രഷറിന്റെപരിസ്ഥിതിപ്രശ്നമുണ്ട് |

പഠന പര്യടനം - മുട്ടിൽ യുവധാര വായനശാല മുതൽ ദാലിൽ പുഴ വരെ.

| | സമതലം | സമതലം | സമതലം | സമതലം | സമതലം |
|---|---|---|---|---|---|
| മുട്ടിൽ യുവധാര വായനശാല | 500 മീ | 500 മീ | 500 മീ | 500 മീ | 200 മീ |
| സ്ഥാനം | 1 | 2 | 3 | 4 | 5 |
| ഭൂപ്രകൃതി | സമതലം (പുഴയോരം) | സമതലം (പുഴയോരം) | സമതലം (പുഴയോരം) | സമതലം (പുഴയോരം) | സമതലം (പുഴയോരം) |
| മൺതരം | ചെളി കലർന്ന മണൽ | ചെളി കലർന്ന മണൽ (കയ്പ്പാട്) | ചെളി കലർന്ന മണൽ (കയ്പ്പാട്) | ചെളി കലർന്ന മണൽ (കയ്പ്പാട്) | ചെളി കലർന്ന മണൽ (കയ്പ്പാട്) |
| സസ്യാവരണം | നെല്ല്, തെങ്ങ് ചെമ്മീൻ കൃഷി | നെല്ല്, തെങ്ങ് ചെമ്മീൻ കൃഷി | നെല്ല്, തെങ്ങ് ചെമ്മീൻ കൃഷി | നെല്ല്, തെങ്ങ് ചെമ്മീൻ കൃഷി | നെല്ല്, തെങ്ങ് ചെമ്മീൻ കൃഷി |
| പരിസ്ഥിതി പ്രശ്നം | — | — | — | — | — |

## പഠന പര്യടനം - ഉച്ചൂളിപോക്ക് മുതൽ താവം റെയിൽവെ ഗെയിറ്റ് വരെ

| | 700 മീറ്റർ സമതലം | 200 മീറ്റർ | | | | | | |
|---|---|---|---|---|---|---|---|---|
| ഉച്ചൂളിപോക്ക് | കട്ടക്കുളം | 1 മീറ്റർ<br>മുണ്ടപ്പുറം | 1000 മീറ്റർ<br>മുട്ടിൽ | 500 മീറ്റർ<br>പത്തൊന്നിൽ (പള്ളിക്കര) | 500 മീറ്റർ | 500 മീറ്റർ<br>പള്ളിക്കര വെട്ടുകാട് | 400 മീറ്റർ | താവം ഗെയിറ്റ് |
| ഭൂപ്രകൃതി | തീര സമതലം | അല്പം ഉയർന്ന തീര സമതലം | തീര സമതലം | തീര സമതലം | തീര സമതലം | തീര സമതലം | തീര സമതലം | |
| മൺതരങ്ങൾ | ചെളിനിറഞ്ഞ മണൽ മണ്ണ് | ചെളിനിറഞ്ഞ മണൽ മണ്ണ് ശുദ്ധജലക്കിണറുകൾ ഉണ്ട് | ചെളിനിറഞ്ഞ മണൽ മണ്ണ് | ഓരുമണൽ | ചെളിനിറഞ്ഞ മണൽ മണ്ണ് | ചെളിനിറഞ്ഞ മണൽ മണ്ണ് | ചെളിനിറഞ്ഞ മണൽ മണ്ണ് | |
| സസ്യാവരണം | നെല്ല്, തെങ്ങ് ചെമ്മീൻ കൃഷി | നെല്ല്, തെങ്ങ് ചെമ്മീൻ കൃഷി | നെല്ല്, തെങ്ങ് ചെമ്മീൻ കൃഷി | നെല്ല്, തെങ്ങ് ചെമ്മീൻ കൃഷി | ചതുപ്പുനിലം കൃഷിയില്ല | നെല്ല്, തെങ്ങ് ചെമ്മീൻ കൃഷി | നെല്ല്, തെങ്ങ് ചെമ്മീൻ കൃഷി | |
| പരിസ്ഥിതി പ്രശ്നങ്ങൾ | ഉപ്പുവെള്ളം കൊണ്ടുള്ള നഞ്ച് | ഉപ്പുവെള്ളം കൊണ്ടുള്ള നഞ്ച് | ഉപ്പുവെള്ളം കൊണ്ടുള്ള നഞ്ച് | ഉപ്പുവെള്ളം കൊണ്ടുള്ള നഞ്ച് | ഉപ്പുവെള്ളം കൊണ്ടുള്ള നഞ്ച് | ഉപ്പുവെള്ളം കൊണ്ടുള്ള നഞ്ച് | ഉപ്പുവെള്ളം കൊണ്ടുള്ള നഞ്ച് | |

Transect Route N0 II

## പഠന പര്യടനം-താവം റെയിൽവേ ഗെയിറ്റ്, താവം, ദാലിൽ, കുന്നനങ്ങാട്,ഒതയമ്മാടം, കുന്നിൻമണ്ട കവിണിശ്ശേരി-കോൺവെൻറ് റോഡ്

| താവം ഗെയിറ്റ് | 800മീ<br>1 | 1000മീ<br>2 | 500മീ<br>3 | 500മീ<br>4 | 800മീ<br>5 | 200മീ<br>6 | 500മീ<br>7 | 500മീ<br>8 |
|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | തീര സമതലം | തീര സമതലം | തീര സമതലം | അല്പംഉയർന്ന സമതലം | സമതലം | സമതലം പഴങ്ങോട്തുരുത്ത് | അല്പംഉയർന്ന പ്രദേശം | ചെരിഞ്ഞപ്രദേശം (കയറ്റം) |
| മൺതരങ്ങൾ | ചെളിനിറഞ്ഞ മണൽ മണ്ണ് | ഓരുകലർന്ന മണൽ | ചെളിനിറഞ്ഞമണൽ മണ്ണ്,ഓരുകലർന്ന മണൽ | മണൽ മണ്ണ് | മണൽ മണ്ണ് | മണൽ മണ്ണ് | ചെളിനിറഞ്ഞ മണൽ മണ്ണ് | പശിമരാശി മണ്ണ് ചെങ്കൽ മണ്ണ് |
| സസ്യാവരണം | നെല്ല്, തെങ്ങ്, പയർവർഗ്ഗങ്ങൾ പച്ചക്കറി | നെല്ല്, തെങ്ങ്, ചെമ്മീൻ കൃഷി, തരിശ് | നെല്ല്, തെങ്ങ്, ചെമ്മീൻ കൃഷി | നെല്ല്, തെങ്ങ് | നെല്ല്, തെങ്ങ്, ചെമ്മീൻ കൃഷി | തെങ്ങ്, നെല്ല്, ചെമ്മീൻ കൃഷി | തെങ്ങ്, നെല്ല് നെല്ല്(മഴുക്കർ രണ്ടാംവിള),വാഴ | തെങ്ങ്, നെല്ല് നെല്ല്(രണ്ടാം വിള) കശുമാവ്, വാഴ |
| പരിസ്ഥിതി പ്രശ്നങ്ങൾ | ഉപ്പ് നഞ്ച് പ്രശ്നമുണ്ട് | ഉപ്പ് നഞ്ച് പ്രശ്നമുണ്ട് | ഉപ്പ് നഞ്ച് പ്രശ്നമുണ്ട് | ഉപ്പ് നഞ്ച് പ്രശ്നമുണ്ട് | ഉപ്പ് നഞ്ച് പ്രശ്നമുണ്ട് | ഉപ്പ് നഞ്ച് പ്രശ്നമുണ്ട് | ഉപ്പ് നഞ്ച് പ്രശ്നമുണ്ട് | |

2 **ചെരിവുകൾ :**

കുന്നുകളോട് ചേർന്ന് കിടക്കുന്ന വലുതും ചെറുതുമായ ചെരിവുകളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്. ഉയരം കുറഞ്ഞ ഈ കുന്നുകളിൽ ചരൽ നിറഞ്ഞ ചെമ്മണ്ണാണുള്ളത്. 1 മുതൽ 3 മീറ്റർ താഴ്ചയിൽ കണ്ടുവരുന്ന ചേടി മണ്ണ് നിരവധി പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്-പ്രത്യേകിച്ച് കവിണിശ്ശേരിക്കുന്നിൽ പാടിയിൽ പ്രദേശത്തേക്കുള്ള-കുന്നിൻ ചരിവ്. വീട് വെക്കാൻ ഉദ്ദേശിച്ച് കുന്നിൻ ചെരിവുകൾ നിരപ്പാക്കാൻ ശ്രമിച്ചതാണ് പ്രശ്നത്തിന് തുടക്കം. ഭവനനിർമ്മാണ സംരംഭകരുടെ ആലോചനാരഹിതമായ പ്രവൃത്തികൾ വഴി ഇവിടെ സാരമായ മണ്ണിടിച്ചിൽ ഉണ്ടായി. മണ്ണിടിച്ചിൽ ഭീഷണി ഇപ്പോഴും ഇതിന്റെ സമീപ പ്രദേശങ്ങളിൽ ഉണ്ട് കുന്നനങ്ങാട് കുന്നിന്റെ ചെരിവ് പ്രദേശങ്ങളിൽ കരിങ്കൽ പാറകൾ ഉള്ളതിനാൽ കരിങ്കൽ ക്വാറികൾ പ്രവർത്തിച്ചിരുന്നു. ചെരിവുകളിൽ കശുമാവ്, തെങ്ങ് എന്നീ കൃഷികളുണ്ട്. പക്ഷേ കൃഷിക്ക് വളരെ ക്കുറച്ച് ഭൂമി മാത്രമെ ഉപയോഗപ്പെടുത്തിയിട്ടുള്ളൂ.

3 **തീരസമതലം:**

സമുദ്ര നിരപ്പിൽനിന്ന് 2 മീറ്റർ മുതൽ 3 മീറ്റർ വരെ ഉയരമുള്ള പ്രദേശമാണിത്. ഇടക്കിടെ ഒരുമീറ്ററോളം ഉയരമുള്ള കൊച്ചു മണൽത്തിട്ടുകൾ (കൊവ്വലുകൾ) ഉണ്ട്. ഷൊർണ്ണൂർ-മംഗലാപുരം റെയിൽപാത ഈ പ്രദേശത്തെ രണ്ടായി തിരിച്ചിരിക്കുന്നു. ഇവിടെ ലഭിക്കുന്ന മഴവെള്ളം വടക്കുപടിഞ്ഞാറ് ചെരിവിന്നനുസൃതമായി അവിടെയുള്ള തോടുകളിലും പിന്നീട് അവ മൂന്നു ഭാഗവും ചുറ്റപ്പെട്ടു കിടക്കുന്ന പുഴകളിലും എത്തിച്ചേരുന്നു. ചെളിനിറഞ്ഞ മണൽ മണ്ണാണ് മിക്കവാറും എല്ലാ സമതല പ്രദേശങ്ങളിലും കണ്ടുവരുന്നത്. നെല്ല്, തെങ്ങ എന്നിവയാണ് പ്രധാന വിളകൾ. ചില സ്ഥലങ്ങളിൽ വേനൽ കാലത്ത് പച്ചക്കറികൃഷി ചെയ്യാറുണ്ട്. 2 മീറ്റർ മുതൽ 4 മീറ്റർ വരെ കുഴിച്ചാൽ ശുദ്ധജലം ലഭിക്കുമെങ്കിലും അതു വേനലിന്റെ ആരംഭത്തിൽതന്നെ വറ്റിവരളുന്നു. കൂടുതൽ ആഴത്തിൽ കുഴിച്ചാൽ ശുദ്ധജല സ്രോതസ്സ് ഓരുജലം കലർന്ന് മലിനമാകുന്നു. അതുകൊണ്ടുതന്നെ ജല വിതരണം താഴുമ്പോൾ കിണറുകളിൽ വെള്ളം വറ്റുകയോ കുടിക്കാൻ ഉപയോഗിക്കാത്ത വിധം ചീത്തയാവുകയോ ചെയ്യുന്നു.

വേനൽകാലത്തുള്ള പ്രധാന ഭീഷണി ഉപ്പുവെള്ളം കയറി പാടങ്ങളിൽ നഞ്ചുകയറുന്നതാണ്. മൂന്നുഭാഗങ്ങളിലുമുള്ള പുഴകൾ ഉപ്പുവെള്ളം കലർന്നതാകുമ്പോൾ കൈത്തോടുകൾ വഴി ഉപ്പുവെള്ളം കൃഷിസ്ഥലങ്ങളിലേക്ക് കയറുന്നു. ചില പദ്ധതികൾ ജലസേചന വകുപ്പിന്റെ വകയായി ഉണ്ടായിട്ടുണ്ടെങ്കിലും പരിപാലിക്കാനുള്ള സംവിധാനത്തിന്റെ അപര്യാപ്തത മൂലം ഷട്ടറുകളും മറ്റും നശിച്ച് ഒരു പ്രയോജനവും ലഭിക്കാത്ത സ്ഥിതിയിലാണ് ഇന്നുള്ളത്.

4 **ചതുപ്പുനിലം**

പുഴകളോടടുത്തുകിടക്കുന്നതും അവയുടെ കൈത്തോടുകളോടു ചേർന്നു കിടക്കുന്നതുമായ പ്രദേശങ്ങളാണ് ചതുപ്പുനിലങ്ങൾ. ഇവിടങ്ങളിൽ വേലിയേറ്റവും വേലിയിറക്കവും സ്ഥിരമായി അനുഭവപ്പെടുന്നു. കണ്ടൽ കാടുകൾ ധാരാളമായി കണ്ടുവരുന്നുണ്ട്. നെൽകൃഷിയും, തെങ്ങുകൃഷിയും ഇവിടെ കുറഞ്ഞ തോതിൽ ഉണ്ട്. ചെമ്മീൻ കൃഷിയാണ് ഇവിടങ്ങളിൽ വ്യാപകമായി കണ്ടുവരുന്നത്. ശാസ്ത്രീയമായ ചെമ്മീൻ കൃഷിയുടെ അഭാവത്തിൽ ഉല്പാദന ക്ഷമത വളരെകുറവാണ്.

ഓരുവെള്ളം കെട്ടിനിർത്തി അശാസ്ത്രീയമായി ചെമ്മീൻ കൃഷി ചെയ്യുന്നതുകൊണ്ട് സമീപപ്രദേശങ്ങളിൽ ശുദ്ധജലക്കിണറുകളിലെ വെള്ളം ഉപയോഗ ശൂന്യമായിത്തീരുന്ന സ്ഥിതിയുമുണ്ട്.

**ജന പ്രകൃതി**

അവലംബം: 1991 കാനേഷുമാരി ക്കണക്കുകൾ

1991 ലെ കാനേഷുമാരി കണക്കനുസരിച്ച് ചെറുകുന്ന് പഞ്ചായത്തിലെ ജനസംഖ്യ 16246 ആണ് ഇതിൽ 7473 പുരുഷന്മാരും 8773 സ്ത്രീകളുമാണ്.
(വാഡ് തിരിച്ചുള്ള ജനസംഖ്യപട്ടിക താഴെ കൊടുക്കുന്നു.) ഇതിൽ 1316 പേർ പട്ടികജാതിയിൽ പെട്ടവരാണ്.

| വാർഡ് നമ്പർ | ജനസംഖ്യ 1991 |
|---|---|
| I | 1806 |
| II | 1160 |
| III | 2283 |
| IV | 1648 |
| V | 1968 |
| VI | 2030 |
| VII | 1532 |
| VIII | 1533 |
| IX | 2286 |
| ആകെ | 16246 |

## ജലവിഭവങ്ങൾ

ചെറുകുന്നു പഞ്ചായത്തിലെ കൃഷി മഴയെ ആശ്രയിച്ചുള്ളതാണ്. 1995 ൽ ലഭിച്ച ശരാശരി മഴ 422.5 സെൻറിമീറ്ററാണ്. ജൂൺ, ജുലായ് മാസങ്ങളിലാണ് കൂടുതൽ മഴകിട്ടുന്നത്. ഏറ്റവും കുറഞ്ഞ മഴ ലഭിക്കുന്നത് ജനുവരിയിലാണ്. വർഷകാലത്ത് നീർക്കെട്ടും വേനൽക്കാലത്ത് കുടിവെള്ളക്ഷാമവും ഇവിടെ അനുഭവപ്പെടുന്നു.

**പൊതു കിണറുകൾ**

മിക്ക വീടുകളിലും കിണറുകളുണ്ടെങ്കിലും അവയിൽപ്പലതും വേനൽക്കാലത്ത് വറ്റുന്നതോ, ഓരുവെള്ളം കൊണ്ട് ഉപയോഗ ശൂന്യമാകുന്നതോ ആണ്. പഞ്ചായത്തിൽ 25 പൊതുകിണറുകളുണ്ട്. അവയിൽ പലതും വേനൽക്കാലത്ത് ഉപയോഗിക്കാൻ പറ്റാത്തതായിത്തീരുന്നു. പഞ്ചായത്തിലെ 9 വാർഡുകളിലും വേനൽക്കാലത്ത് കുടിവെള്ള പ്രശ്നം നിലനിൽക്കുന്നുണ്ട്. ശുദ്ധജലം പ്രധാനമായും ലഭിക്കുന്നത് 5,6 വാർഡുകളിലാണ്. ഈ പഞ്ചായത്തിൽ ശുദ്ധജലക്ഷാമം ഗുരുതരമായ പ്രശ്നമായി നിലനില്ക്കുന്നു.

**കുഴൽ കിണറുകൾ**

കുഴൽ കിണറുകൾ വഴി ഈ പഞ്ചായത്തിൽ ഭൂഗർഭ ജലം ഉപയോഗിക്കുവാൻ സാധ്യതകൾ ധാരാളമുണ്ട്. 4, 5 വാർഡുകളിലെ കുന്നിൻ ചെരിവുകൾ ഇതിന്നായി ഉപയോഗപ്പെടുത്താവുന്നതാണ്.

## ജൈവസമ്പത്ത്

ചെറുകുന്നു പഞ്ചായത്തിൽ കാണാവുന്ന വൃക്ഷങ്ങൾ മാവ്, പ്ളാവ്, പുളിമരം, ചെമ്പകം, കണിക്കൊന്ന, ചേറ്മരം, പന, അരയാൽ, വേപ്പ് എന്നിവയാണ്. കുന്നിൻ പ്രദേശങ്ങളിലാണ് ഇവ ധാരാളം കണ്ടുവരുന്നത്. തെങ്ങിന് പുറമേ കവുങ്ങ്, കശുമാവ്, കുരുമുളക്,വാഴ എന്നിവയും കൃഷിചെയ്യുന്നുണ്ട്.

ഔഷധ സസ്യങ്ങളായ തുമ്പ, തഴുതാമ, കറുക, മൈലാഞ്ചി, കീഴാർ നെല്ലി, മൊത്തങ്ങ, മഞ്ഞൾ, കറിവേപ്പില എന്നിവ ചിലപ്രദേശങ്ങളിൽക്കാണാം. ചെമ്പരത്തി, കൃഷ്ണതുളസി, നന്ത്യാർവട്ടം, പനിനീർ, ചെമ്പകം, അശോകം എന്നിവയും ചില പറമ്പുകളിലുണ്ട്.

## ജന്തുജാലങ്ങൾ

വളർത്തുമൃഗങ്ങളായ പശു, കാള, എരുമ, പോത്ത്, ആട്, മുയൽ, നായ, പൂച്ച എന്നിവ ഇവിടെയുണ്ട്. എലി, കീരി, കുറുക്കൻ തുടങ്ങിയവയുമുണ്ട്.

ഇവിടെ വളർത്തിവരാറുള്ള പക്ഷികളിൽ കോഴി, താറാവ്, പ്രാവ് എന്നിവ ഉൾപ്പെടുന്നു. കാക്ക, കുയിൽ, പരുന്ത്, കൊക്ക്, മീൻകൊത്തി, മരംകൊത്തി, കുരുവി, കിളികൾ, ചെമ്പോത്ത്, മൈന, എന്നിവയും ഇവിടെ കാണപ്പെടുന്നു.

ചെമ്മീൻ കൃഷിക്ക് പുറമെ ഞണ്ട് കൃഷിയും ഓരുവെള്ളത്തിൽ ചെയ്യാറുണ്ട്. വിവിധയിനം പുഴ മത്സ്യങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്.

ചിത്രശലഭങ്ങൾ, തുമ്പികൾ, തവള, തുടങ്ങിയവ മഴക്കാലം കഴിയുന്നതോടെ കാണപ്പെടുന്നു. ചേര, പച്ചോലപാമ്പ്, വില്ലൂന്നി, നീർക്കോലി തുടങ്ങിയ വിഷമില്ലാത്ത പാമ്പുകളും വെള്ളിക്കെട്ടൻ, മൂർഖൻ മണ്ഡലി തുടങ്ങിയ വിഷപ്പാമ്പുകളും നാട്ടിൻ പുറങ്ങളിൽ കണ്ടുവരാറുണ്ട്.





# കൃഷിയും ജലസേചനവും

ഒരു തീരദേശ ഗ്രാമമായ ചെറുകുന്ന് പഞ്ചായത്ത് തളിപ്പറമ്പ് ബ്ളോക്കിലാണ് ഉൾപ്പെടുന്നത്. ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ ചെറുകുന്നിലെ ആളുകൾ മുഖ്യമായും കൃഷിയെ ആശ്രയിച്ചാണ് ഉപജീവനം നടത്തിയിരുന്നത്. കാർഷികവൃത്തി ആദരവോടെയും സ്നേഹത്തോടെയും കൈകാര്യം ചെയ്തിരുന്ന ആദ്യകാല കർഷക സമൂഹം ഈ പഞ്ചായത്തിനെ ഭക്ഷ്യസമൃദ്ധിയിലേക്ക് നയിക്കുവാൻ ഊർജ്ജസ്വലമായി പ്രവർത്തിച്ചിരുന്നു. കാർഷിക വിളകളുടെ സമൃദ്ധിയെ സൂചിപ്പിക്കുന്നതാണ് ഇവിടുത്തെ കാർഷികോത്സവങ്ങളായ നിറയും പുത്തരിയും; ചിറക്കൽ കോവിലകം, ചെറുകുന്ന് ദേവസ്വം, അറയ്ക്കൽ രാജവംശം, ഒദയമ്മാടം ദേവസ്വം എന്നിവയുടെ അധീനതയിലായിരുന്നു ഇവിടുത്തെ ഭൂരിഭാഗം ഭൂസ്വത്തും. കൈവശ കൃഷിക്കാരെ യഥേഷ്ടം ഒഴിപ്പിക്കാനും നിയന്ത്രിക്കുവാനുമുള്ള അധികാരം അന്നത്തെ ഭൂഉടമകൾക്കുണ്ടായിരുന്നു. 1957 ലും 1967ലും നിലവിൽ വന്ന ഗവൺമെൻറുകൾ നടപ്പാക്കിയ കാർഷിക പരിഷ്ക്കരണ നിയമങ്ങൾ ഭൂ ഉടമ ബന്ധങ്ങളിൽ വമ്പിച്ച പരിവർത്തനങ്ങൾ ഉണ്ടാക്കി. കൃഷിസ്ഥലങ്ങളുടെ ഉടമസ്ഥത കൈവന്നതോടെ കർഷകരുടെ സാമ്പത്തിക നില മെച്ചപ്പെടുകയും തുടർന്ന് മക്കളെ വിദേശങ്ങളിലേക്ക് വിവിധ ജോലികളിലേക്ക് അയക്കുകയും ചെയ്തു. തുടർന്ന് കാർഷിക മേഖലയോടുള്ള താല്പര്യം കുറയുകയും ചെയ്തു.

## ഭൂമിശാസ്ത്രപരമായ കിടപ്പും കാലാവസ്ഥയും

ഇവിടുത്തെ ആകെ ഭൂവിസ്തൃതി 1527 ഹെക്ടറാണ്. ഉത്തര അക്ഷാംശം 11°.57നും 12° 1നും പൂർവ്വരേഖാംശം 72° .25 നും 75°.29 നും ഇടയിലാണ് ചെറുകുന്നിന്റെ ഭൂപരമായ കിടപ്പ്.

ഈ പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളും മണലോ, ചെളിമണ്ണോ ഉള്ള തീരസമതലങ്ങളാണ്. ചരൽ മണ്ണുള്ള ചരിഞ്ഞ കുന്നിൻ പ്രദേശങ്ങൾ ചില ഭാഗങ്ങളിലായി ഉണ്ട്. ഈ പഞ്ചായത്തിൽ വനഭൂമി തീരെ ഇല്ല.

### ഭൂമി സംബന്ധിച്ച വിവരങ്ങൾ

| വില്ലേജിന്റെ പേര് | ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) | | | | |
|---|---|---|---|---|---|
| | പുരയിടം | നിലം | പുറമ്പോക്ക് | കൃഷിയോഗ്യ തരിശ് | ആകെ |
| 1 | 2 | 3 | 4 | 5 | 6 |
| ചെറുകുന്ന് | 1112.5 ഏ. | 1065 ഏ. | 940 ഏ. | 700 ഏ. | 3817.5 ഏ. |

അവലംബം ഭൂമിതീയ വിവര കണക്കെടുപ്പ്.

കാലാവസ്ഥയിൽ കണ്ണൂർ ജില്ലയിലെ മറ്റുപ്രദേശങ്ങളിൽ നിന്നും വളരെയൊന്നും വ്യത്യസ്തമല്ല ഈ പഞ്ചായത്തും. ഇടവപ്പാതിയിൽ നിന്നും തുലാവർഷത്തിൽ നിന്നുമാണ് ഇവിടെ കൂടുതലായും മഴകിട്ടുന്നത്. ഏറ്റവും അധികം മഴ ലഭിക്കുന്നത് ജൂലായ്, ആഗസ്ത് മാസങ്ങളിലാണ്. കാലവർഷത്തിലെ വ്യത്യാസങ്ങൾ ഇവിടുത്തെ കൃഷിയെയും സ്വാധീനിക്കുന്നു മറ്റു പ്രദേശങ്ങളിലേതുപോലെ.

### പട്ടിക-2

### 1986 മുതൽ 1995 വരെ ലഭിച്ച മൊത്തം മഴ (സെന്റിമീറ്ററിൽ)

| 1986 | 87 | 88 | 89 | 90 | 91 | 92 | 93 | 94 | 95 |
|---|---|---|---|---|---|---|---|---|---|
| 3323 | 3211 | 2704 | 3338 | 3073 | 2732 | 3647 | 3704 | 3573 | 3409 |

## മണ്ണും മൺതരങ്ങളും

നമ്മുടെ പഞ്ചായത്തിലെ തീര സമതല പ്രദേശങ്ങളിൽ വെളിനിറമുള്ള മണൽ മണ്ണാണുള്ളത്. ഓരുകലർന്ന മണലും ഇവിടെയുണ്ട്. III, IV, V വാർഡുകളിലെ ചെരിഞ്ഞ കുന്നിൻ പ്രദേശങ്ങളിൽ പശിമ മണ്ണും, ചെങ്കൽ മണ്ണുമാണ് കാണപ്പെടുന്നത്. ഇവിടെ ചില സ്ഥലങ്ങളിൽ കരിങ്കൽ പാറകളുമുണ്ട്.

### ചെറുകുന്ന് ഗ്രാമ പഞ്ചായത്ത്

### 3.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

| ഇനം | | വിസ്തീർണ്ണം |
|---|---|---|
| നിലം | കൈപ്പാട്<br>കരനിലം | 268 ഹെ<br>158 " } 426 ഹെ |
| പുരയിടം | | 445 " |
| പുറമ്പോക്ക് | | 376 " |
| കൃഷിയോഗ്യ തരിശ് | | 280 " |
| കൃഷിയോഗ്യമല്ലാത്ത തരിശ് | | - |
| ആകെ | | 1527 ഹെ. |

## കാർഷികവിളകൾ ഒരു എത്തിനോട്ടം

### 1 നെല്ല്:

പഞ്ചായത്തിലെ മുഖ്യ കാർഷിക വിള നെല്ലാണ്. ഒന്നാം വിളക്കുശേഷം ചില സ്ഥലങ്ങളിൽ പയറു വർഗ്ഗങ്ങളും പച്ച ക്കറിയും കൃഷി ചെയ്യാറുണ്ട്. രണ്ടാം വിള നെൽകൃഷി ചുരുക്കം ചില സ്ഥലങ്ങളിൽ മാത്രമേയുള്ളൂ. ഉൽപ്പാദന ചെലവുമായി താരതമ്യപ്പെടുത്തിയാൽ നഷ്ടം വരുമെന്നു ള്ളതുകൊണ്ട് കൃഷിഭൂമി തരിശിടുന്ന പ്രവണതയും ഈ പഞ്ചായത്തിൽ കൂടി വരുന്നു. മഴയെമാത്രം ആശ്രയിച്ചാണ് ഇവിടുത്തെ കൃഷി നടക്കുന്നത്. കാർഷിക മേഖലയിൽ തൊഴിലാളികളുടെ കുറവ് അനുഭവപ്പെടുന്നുണ്ട്. യന്ത്രോപകരണ ങ്ങൾ പതുക്കെയാണെങ്കിലും ഈ രംഗത്ത് കടന്നുവരുന്നു. പുരുഷന്മാർക്ക് 80 രൂപ മുതൽ 100 രൂപവരെയും സ്ത്രീകൾക്ക് 35 മുതൽ 40 രൂപവരെയുമാണ് കൂലി നൽ കുന്നത്.

മുൻ കാലങ്ങളിൽ കഴമ, ഓർക്ക ഴമ, കുതിര്, മലയൊടുമ്പൻ, തവളക്കണ്ണൻ, വടക്കൻ, മുണ്ടകൻ, കുഞ്ഞിനെല്ല് എന്നീ വിത്തിനങ്ങളാണ് നെൽകൃഷിയിൽ ഉപയോ ഗിച്ചിരുന്നത്. ശാസ്ത്രീയ കൃഷി രീതികളുടെ പ്രചാരത്തോടെ അത്യുല്പ്പാദന ശേഷി യുള്ള വിത്തിനങ്ങൾ നമ്മുടെ കർഷകർ സ്വീകരിച്ചു. ജൈവ വളങ്ങൾ ഉപയോഗി ച്ചിരുന്ന സ്ഥലത്ത് രാസവളങ്ങളാണ്

കൂടുതലും ഉപയോഗിക്കുന്നത്. നൂറുമേനി കൊയ്തിരുന്ന കയ്പാട് നിലങ്ങളിൽ ചെമ്മീൻ കൃഷി വ്യാപിച്ചതോടെയും കാലാവസ്ഥയുടെ പിഴവ് നിമിത്തവും നെൽകൃഷിയുടെ പ്രാധാന്യം കുറഞ്ഞുവരുന്നു. ഇതോടൊപ്പം പരിസ്ഥിതിയുടെ പ്രശ്നവും രൂക്ഷമായിട്ടുണ്ട്.

കാർഷിക ബന്ധങ്ങളിൽ വന്ന പരിവർത്തനങ്ങളുടെ ഫലമായി നെൽപാടങ്ങൾ നികത്തി തെങ്ങുകൾ കൃഷി ചെയ്യുകയും കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്യുന്ന പ്രവണത വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

2 <u>തെങ്ങ്:</u>

ഈ പഞ്ചായത്തിൽ തെങ്ങുകൃഷി വ്യാപകമായി വരുന്നതിനുമുമ്പ് പാട്ട വ്യവസ്ഥ പ്രകാരം വയലുകളിൽ നെൽകൃഷിക്കുപകരം തെങ്ങുകൃഷി ചെയ്യുന്നത് നിഷിദ്ധമായിരുന്നു.കാർഷിക പരിഷ്ക്കരണ നിയമങ്ങളെ തുടർന്ന് കർഷകർക്ക് ഭൂമിയിൽ സ്ഥിരാവകാശം ലഭിച്ചതോടെ ഭൂമി തുണ്ടുകളാക്കപ്പെട്ടു. നെൽകൃഷിയെക്കാൾ മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നതുകൊണ്ടും കുറഞ്ഞ കൃഷി പരിപാലനം മതിയാകുന്നതുകൊണ്ടും ഈ പഞ്ചായത്തിൽ തെങ്ങ് കൃഷി വർദ്ധിച്ചുവരികയാണ്. ചതുപ്പു നിലങ്ങളിൽ നെൽകൃഷി അനാദായകരമായതുകൊണ്ടും കർഷക തൊഴിലാളികളുടെ ലഭ്യതയിൽ വന്ന കുറവുകാരണവും തെങ്ങ് കൃഷിയോട് കർഷകർ കൂടുതൽ താത്പര്യം കാണിക്കുവാൻ തുടങ്ങിയിരിക്കുന്നു. പക്ഷെ ശാസ്ത്രീയമായ രീതിയിലല്ലാ ഇവിടെ തെങ്ങുകൃഷി നടത്തുന്നത്. അതുകൊണ്ടുതന്നെ ഉല്പാദനക്ഷമതയുടെ കാര്യത്തിൽ വളരെ പിന്നോക്കമാണ്. തെങ്ങ് കൃഷിയെ ബാധിച്ചിട്ടുള്ള പെന്നീരൊലിപ്പ് കേര കർഷകരെ വല്ലാതെ വിഷമിപ്പിക്കുന്നുണ്ട്. സംസ്ഥാന ശരാശരിയായ 40 തേങ്ങയെക്കാളും വളരെ ക്കുറവാണ് നമ്മുടെ സ്ഥിതി. 25നും 30നും ഇടയിൽ തെങ്ങുകൾക്ക് ജൈവവളമാണ് കൂടുതലും ഉപയോഗിക്കുന്നത്.

3 <u>പച്ചക്കറി:</u>

വയലുകളിൽ മുൻകാലങ്ങളിൽ ഒന്നാം വിളക്കുശേഷം പച്ചക്കറി കൃഷി വ്യാപകമായി നടത്തിയിരുന്നു. എന്നാൽ അടുത്തകാലത്തായി ഉപഭോഗ സംസ്കാരത്തിന്റെ സ്വാധീനത്താൽ പച്ചക്കറി കൃഷിയിൽ പലരും താല്പര്യം കാണിക്കുന്നില്ല. അദ്ധ്വാനത്തോടുള്ള വിമുഖതകാരണം ഉള്ള സ്ഥലത്ത് പച്ചക്കറികൃഷി ചെയ്യുവാൻ ആളുകൾ തയാറാകാത്തത് ഖേദകരമാണ്. കൃഷിസ്ഥലം പരമാവധി ഉപയോഗപ്പെടുത്തി വിവിധതരം കൃഷി ചെയ്യുവാൻ ജനങ്ങൾ മുന്നോട്ടുവന്നാലേ നമ്മുടെ കാർഷികരംഗം സംതൃപ്തമാവൂ.

4 <u>വൃക്ഷവിളകൾ</u>

വൃക്ഷവിളകളായ മാവ്, പ്ളാവ്, കശുമാവ് എന്നിവ വ്യപകമല്ലെങ്കിലും പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ അവ കാണപ്പെടുന്നു. വാഴകൃഷിയും ചെറിയ തോതിൽ നടത്തപ്പെടുന്നുണ്ട്. IV,V വാർഡുകളിൽ കുരുമുളക് അല്പാല്പം കൃഷിചെയ്യുന്നു.

## വിള വിസ്തീർണ്ണവും ഉത്പാദനവും

| വിള | വിസ്തീർണ്ണം | മൊത്തം ഉത്പാദനം | ഉത്പാദന ക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാം വിള) കര | 158 ഹെ | 331800 Kg | 2100 Kg |
| നെല്ല് കൈപ്പാട് | 268 " | 750400 " | 2800 " |
| നെല്ല് | - | - | - |
| പയർ | 90 " | 9000 " | 100 " |
| എള്ള് | - | - | - |
| പച്ചക്കറികൾ | 20 " | 40000 " | 2000 " |
| തെങ്ങ് | 445 " | 3,8,93,750 Nos. | 35 Nos./Palm |
| വാഴ | 6 " | 4800 Kg | 800 Kg/ ha |
| മരച്ചീനി | - | - | - |
| കുരുമുളക് | 3 " | 450 " | 150 Kg/ ha |
| പ്ലാവ് | 2 " | 3750 Nos. | 30 Nos/tree |
| കശുമാവ് | 5 " | 4500 Kg | 900 Kg/ ha |
| മാവ് | 8 " | 18750 " | 150 " |
| റബ്ബർ | - | - | - |
| കവുങ്ങ് | 3 " | 900000 Nos. | 300 Nos./Palm |
| ---------- | | | |
| ---------- | | | |
| ---------- | | | |

അവലംബം ദ്വിതീയ വിവര ശേഖരണം

## സാമൂഹ്യ വനവൽക്കരണത്തിലൂടെ ഉല്പാദിപ്പിച്ച തൈകളുടെ വിവരണം

| മുളപ്പിച്ച തൈയുടെ ഇനം | ആകെ ഉത്പ്പാദിപ്പിച്ച തൈകളുടെ എണ്ണം | | | | | വിതരണം നടത്തിയതിൻെറ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|
| | 1991 | 1992 | 1993 | 1994 | 1995 | 1991 | 1992 | 1993 | 1994 | 1995 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| തെങ്ങ് | | | - | 150 | 83 | | | | 150 | 83 |
| മാവ് | | | 2705 | 150 | 26 | | | 2705 | 150 | 26 |
| പ്ളാവ് | | | 2465 | - | 14 | | | 2465 | - | 14 |
| കറുവപ്പട്ട | | | | 20 | | | | | 20 | |
| സപ്പോട്ട | | | | 40 | 25 | | | | 40 | 25 |
| ചെറി | | | | 23 | | | | | | 23 |
| മാഞ്ചിയം | | | | 32 | | | | | | 32 |
| തേക്ക് | | | 507 | | | | | 507 | | |
| ഉന്നം | | | 2285 | | | | | 2285 | | |
| പപ്പായ | | | 1480 | | | | | 1480 | | |
| പുളി | | | 1380 | | | | | 1380 | | |
| ആകെ | | | 10,822 | 360 | 203 | | | 10,822 | 360 | 203 |

5 **കർഷക സംരംഭങ്ങൾ**

നമ്മുടെ പഞ്ചായത്തിൽ താവം, പുന്നച്ചേരി, ഒദയമ്മാടം, വലിയാം തുരുത്തി, കട്ടക്കുളം, പുറഞ്ചാൽ എന്നിവിടങ്ങളിൽ പാടശേഖര സമിതികൾ നിലവിലുണ്ട്.

**പാടശേഖര സമിതികൾ, ചെറുകുന്ന്**

| | വിസ്തീർണ്ണം | അംഗങ്ങൾ |
|---|---|---|
| 1 താവം- പള്ളിക്കര | 22.55 ഹെ | 97 |
| 2 പുന്നച്ചേരി | 22.32 " | 116 |
| 3 കട്ടക്കുളം-പുറംചാൽ | 26.12 " | 112 |
| 4 ഒതയമ്മാടം-വലിയാം തുരുത്തി | 204.01 " | 573 |

കൂട്ടുകൃഷി സമ്പ്രദായത്തിലൂടെ കാർഷിക ചെലവ് കുറക്കാനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും കൃഷിക്കാരിൽ സഹകരണ മനോഭാവം വളർത്തിയെടുക്കാനുമാണ് ഈ സമിതികളുടെ പ്രവർത്തനം ലക്ഷ്യമാക്കുന്നത്. സൊസൈറ്റീസ് ആക്ട് പ്രകാരം റജിസ്റ്റർ ചെയ്യപ്പെട്ട ഈ സമിതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ ഇനിയും ഏറെ മുന്നോട്ടു പോകേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിൽ ഒരു കേര വികസന സമിതി പ്രവർത്തിക്കുന്നുണ്ട്. [ പ്രസി: കെ. വി. നാരായണൻ, സെക്ര: എ. കുഞ്ഞിരാമൻ മാസ്റ്റർ] സമിതിയിൽ 138 അംഗങ്ങളാണുള്ളത്. ഈ സമിതി കൃഷിഭവനുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്. നമ്മുടെ പഞ്ചായത്തിലെ തെങ്ങുകൃഷിയുടെ സമഗ്ര വികസനം ഈ സമിതിയുടെ ഫലപ്രദമായ പ്രവർത്തനങ്ങളിലൂടെ സാദ്ധ്യമാകേണ്ടിയിരിക്കുന്നു.

**കാർഷികോപകരണങ്ങൾ**

| ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|
| ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്കിംഗ് സ്പ്രെയർ | നാപ്സ്സാക്ക് സ്പെയർ | മറ്റുള്ളവ | മെതി യന്ത്രം | തെങ്ങുകയറ്റ യന്ത്രം | പോർട്ടബിൾ പമ്പുസെറ്റ് |
| - | 4 | 7 | 17 | 7 | - | 1 | 2 | - |
| | | | | | | | | |

അവലംബം ദ്വിതീയ വിവര ശേഖരണം

നമ്മുടെ പഞ്ചായത്തിലെ കർഷകരുടെ വയലുകൾ ഭൂരിഭാഗവും ചെറിയ ചെറിയ തുണ്ടുകളാണ്. ആധുനിക കൃഷി രീതികൾ, കാർഷികോപകരണങ്ങൾ, മെച്ചപ്പെട്ട വിത്തുകൾ, വളം എന്നിവ ഉപയോഗിച്ച് കാർഷികോൽപാദനവും ഉല്പാദനക്ഷമതയും കൈവരിക്കുവാൻ നമുക്ക് കഴിയേണ്ടതുണ്ട്. എന്നാൽ ഈ ലക്ഷ്യം നേടാൻ നമ്മുടെ കർഷകരുടെ കൂട്ടായ്മയും സഹകരണവും അനിവാര്യമാണ്. പാടശേഖര സമിതികളെയും, കേരവികസന സമിതിയെയും കൃഷിഭവൻെറ സജീവമായ സഹകരണത്തോടെ കർമ്മോന്മുഖമാക്കാൻ സാധിച്ചാൽ മുന്നേറാൻ നമുക്ക് കഴിയും. നമ്മുടെ കർഷകർ കൃഷിഭവൻെറ സഹായത്തോടെ മണ്ണു പരിശോധന നടത്തി ശാസ്ത്രീയ വളപ്രയോഗം അവലംബിക്കേണ്ടതുണ്ട്. ചെറുകുന്ന് സർവ്വീസ് സഹകരണ ബാങ്ക് മുഖേന 1993 മുതൽ-96വരെ തുടർച്ചയായ 3 വർഷങ്ങളിൽ കർഷകർ ഉപയോഗിച്ച രാസവളങ്ങളുടെ കണക്കു പരിശോധിക്കുമ്പോൾ ഈ രംഗത്ത് വളങ്ങളുടെ ഉപഭോഗം വർദ്ധിച്ചിട്ടുണ്ടെന്ന് കാണാം. കീടനാശിനികളുടെ ഉപയോഗത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്.

## രാസവള - കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | | കി.ഗ്രാം | ദ്രവം | ഖരം | കി.ഗ്രാം | ദ്രവം | ഖരം | കി.ഗ്രാം | ദ്രവം | ഖരം |
| | സഹകരണം | | | | | | | | | |
| | ചെറുകുന്ന് സർവ്വീസ് സഹകരണ ബാങ്ക് | 10264 | | | 1299 | | | 11121 | | |
| | കൃഷിഭവൻ | | 1350 ML | 2 Kg | | 2000ML | - | | 3000ML | 3Kg |
| | സ്വകാര്യം | | | ഇല്ല | | | | | | |

അവലംബം ദ്വിതീയ വിവര ശേഖരണം

## നടീൽ വസ്തു വിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 265 Nos. | 80 Nos. | 300 Nos. |
| കശുമാവ് | - | - | - |
| കുരുമുളക് | 1500 " | 3000 Nos. | 3000 Nos. |
| കവുങ്ങ് | - | 100 " | 280 " |
| നെൽവിത്ത് | 870 Kg | 298 Kg | 590 Kg |
| പയർ | 760 " | 260 " | 344 " |
| പഴവർഗ്ഗ തൈകൾ | 221 Nos. | - | 155 " |
| പച്ചക്കറിവിത്തുകൾ | 755 Packets | 1175 Pkts | 1000 Pkts |
| പച്ചിലവള വിത്ത് | 250 Kg | 300 Kg | 300 Kg |

## ജലസേചനം

ഈ പഞ്ചായത്തിൽ ജലസേചന സൗകര്യങ്ങൾ തീരെയില്ല. ഉപ്പ് വെള്ളം തടഞ്ഞ് കൃഷി അഭിവൃദ്ധിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്തിനകത്ത് 8 ക്രോസ് ബാറുകൾ നിർമ്മിക്കപ്പെട്ടുവെങ്കിലും അവയൊന്നും ലക്ഷ്യങ്ങൾ നേടാൻ ഉപയുക്തമായിട്ടില്ല. ക്രോസ് ബാറുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയാക്കിയ വർഷം | എസ്റ്റിമേറ്റ് തുക | ആയക്കെട്ട് വിസ്തീർണ്ണം (ഹെ) | മറ്റുവിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | മുട്ടിൽ ഡാം | | 1968 | | 281ഹെക്ടർ. | ഉപയോഗശൂന്യം |
| 2 | മീഞ്ചാൽ ക്രോസ്ബാർ | | 1962 | | 28.84 " | യഥാവസരം |
| 3 | ബാപ്പൂക്കൽ " | | 1962 | | 36.11 " | പലകളിടുന്നില്ല |
| 4 | താവം കാപ്പ് | | 1976 | | 83.87 " | ഉപയോഗശൂന്യം |
| 5 | മീഞ്ചാൽ സ്ലൂയിസ് | | 1977 | | - | ഉപയോഗപ്രദമല്ല |
| 6 | അന്നപൂർണ്ണേശ്വരി ക്ഷേത്രത്തിൽ പടിഞ്ഞാറുതോട്ടിൽ ഒരു ക്രോസ് ബാർ | | 1993 | | 30 " | ഉപയോഗിക്കുന്നു |
| 7 | പള്ളിക്കര കൊച്ചിക്കാർ മൂലയിൽ ഒരു ക്രോസ്ബാർ | | 1991 | | 40 " | പലകമാറ്റണം |
| 8 | താവംപോസ്റ്റാഫീസിനടുത്ത്ക്രോസ്ബാർ | | 1984 | | 12.99 " | ഉപയോഗിക്കുന്നു |
| 9 | മാതാഞ്ചിറ ക്രോസ്ബാർ | | 1996 | കമ്മറ്റി- നാട്ടുകാരുടേത് | | ഉപയോഗിക്കുന്നു |
| 10 | തെങ്ങിന്റെ കണ്ടി-മുട്ടിൽ | | 1987 | നാട്ടുകാരുടെ കമ്മിറ്റി | | ഉപയോഗിക്കുന്നു |
| 11 | താവം നായ്ക്കര ബണ്ട് | | 1991 | പഞ്ചായത്ത് | JRY | ഉപയോഗിക്കുന്നു |
| 12 | താവം മുങ്ങം ബണ്ട് | | 1992 | ജില്ലാ കൗൺസിൽ | | കോൺക്രീറ്റ്ലീക്ക്. |
| 13 | കാക്കാമത്തോട് | | 1981 | പഞ്ചായത്ത് | | ഉപയോഗശൂന്യം |
| 14 | കതിയാക്കുണ്ട് | | 1971 | തളിപ്പറമ്പ് ബ്ലോക്ക് | | ഉപയോഗശൂന്യം |
| 15 | മതയമ്മാടം മുതിരിക്കടവ് | | 1991 | JRY തളിപ്പറമ്പ്ബ്ലോക്ക് | | ഉപയോഗിക്കുന്നു |
| 16 | വലിയാം തുരുത്തി കയ്പാട് ബണ്ട് | | 1992 | കൃഷിവകുപ്പ്. | | ഉപയോഗിക്കുന്നു |
| 17 | വെള്ളറങ്ങൽ തോടിൽ ക്രോസ് ബാർ | | 1995 | JRY തളിപ്പറമ്പ്ബ്ലോക്ക് | | ഉപയോഗിക്കുന്നു |
| | **പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി** | | | | | |
| 1 | താവം കാപ്പ് പുതുക്കിപ്പണിയൽ | | | 10 ലക്ഷംരൂ. | | എസ്റ്റിമേറ്റ്അനുമതിക്ക്അയച്ചു |
| 2 | പള്ളിക്കര മൂലക്കീൽക്രോസ്ബാറിൽ അറ്റകുറ്റപ്പണി | | | 2 ലക്ഷം | | പ്രവൃത്തിതുടങ്ങിയിട്ടില്ല. |
| 3 | താവം പള്ളിക്കര ക്രോസ്ബാറിന്റെ അറ്റകുറ്റപ്പണി | | | 2 ലക്ഷം | | പ്രവൃത്തിതുടങ്ങി. |
| 4 | കതിയാക്കുണ്ട് പുതുക്കിപ്പണിയൽ | | | 4 ലക്ഷം | | ടെൻഡർ ചെയ്തു |
| 5 | പക്കീര വളപ്പ് ക്രോസ്ബാർ | | | 2 ലക്ഷം | | പ്രവൃത്തി നടക്കുന്നു |

| ചെറുകുന്ന് പഞ്ചായത്തിലെ പ്രധാന തോടുകൾ | |
|---|---|
| 1 | കൂർമ്പകാവുമുതൽ പഴയങ്ങാടി പുഴയിലേക്കുള്ള തോട് |
| 2 | റെ: ഗേറ്റു മുതൽ വടക്കോട്ട് ഒഴുകുന്ന തോട് |
| 3 | മുണ്ടം തോട് |
| 4 | താവം കാപ്പ് തോട് |
| 5 | കതിയാക്കുണ്ട് തോട് |
| 6 | കാക്കാത്തോട് |
| 7 | കോറോം തോട് |
| 8 | കവിണിശ്ശേരി പുഞ്ചവയൽ തോട് |
| 9 | തൊടുകുളം തോട് |
| 10 | ഒതയമ്മാടം റെയിൽവേ ഗേറ്റിൽ നിന്നും ആരംഭിക്കുന്നതോട് |
| 11 | മുണ്ടത്തോട് |
| 12 | തോട്ടാത്തോട്-മീഞ്ചാൽ തോട് |
| 13 | തുണ്ടിത്തോടിന്റെ ഭാഗം തോട് |
| 14 | നാലൊന്നിൽ-വെള്ളറങ്ങൽ തോട്-ബാപ്പൂക്കൽ തോട് |
| 15 | കൊവ്വപ്പുറം ബാലവാടിക്കടുത്ത് നിന്ന് ആരംഭിക്കുന്ന തോട് |
| 16 | തെരോട്ടി-മാതാഞ്ചിറ വഴി താവം തോട് |
| 17 | പൂങ്കാവ്-മുണ്ടപ്പുറം കയ്പാട് തോട് |
| 18 | മുടും വാതുക്കൽ കയ്പാട് മുതൽ തെങ്ങിന്റെ കണ്ടി തായക്കണ്ടി മുട്ടിൽ പുഴയിലേക്കുള്ള തോട്. |
| 19 | കുറും കാട് തോട് |
| 20 | പത്തൊന്നിൽ വഴി കുറുംകാട്വഴി മാട്ടൂൽ പുഴതോട് |
| 21 | കാവിലെ വളപ്പ് കയ്പാട് തുടങ്ങി മുട്ടിൽ തോട് വഴി താവംപുഴയോട് ചേരുന്ന തോട്. |

## പഞ്ചായത്തിൽ നിലവിലുള്ള കുളങ്ങളെ സംബന്ധിച്ച പട്ടിക (വാർഡ് തിരിച്ച്)



താവം കാപ്പ്, മുട്ടിൽ കാപ്പ് എന്നിവ ഉപ്പുവെള്ളം തടഞ്ഞുനിർത്തി നെൽകൃഷിക്കാരെ സഹായിക്കാനാണ് നിർമ്മിച്ചതെങ്കിൽപോലും മുട്ടിൽ കാപ്പിന്റെ ഷട്ടറുകൾ ദ്രവിച്ച് ഇപ്പോൾ ഉപയോഗശൂന്യമാണ്. 1984- മുതൽ താവം കാപ്പ് നിർമ്മാണത്തിന്റെ അപാകതമൂലം പൊളിഞ്ഞതിന്റെ ഫലമായി ഇന്ന് കർഷകർ ദുരിതത്തിലാണ്.

## ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം(ഹെക്ടർ) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993-94 | | | 0.5 | - | - | - |
| 1994-95 | 58 | - | 1.0 | - | 224 | 26038/- |
| 1995-96 | - | - | 0.5 | - | 12 | 10660/- |

**പ്രശ്നങ്ങൾ**

1 കാർഷികരംഗത്ത് തൊഴിൽ ചെയ്യുന്നവർ കുറയുന്നു.

2 ഉപ്പുവെള്ളം കയറുന്നതുകൊണ്ട് നെൽകൃഷി നശിക്കുന്നു.

3 കർഷക തൊഴിലാളികളുടെ സേവന നിലവാരം കുറയുകയും കൂലി വർദ്ധിക്കുകയും ചെയ്യുന്നു.

4 നെല്ലിന് വില കുറവാണ്

5 നല്ലയിനം നടീൽ വസ്തുക്കൾ യഥാസമയം ലഭ്യമല്ല, പരമ്പരാഗത നെൽവിത്തുകൾ നശിച്ചുകൊണ്ടിരിക്കുന്നു.

6 മണ്ണ് പരിശോധന യഥാസമയം നടക്കുന്നില്ല. മണ്ണ് പരിശോധന റിപ്പോർട്ട് യഥാസമയം ലഭിക്കാത്തതുകൊണ്ട് ശരിയായ വളപ്രയോഗം നടത്താനാവുന്നില്ല.

7 ജൈവ വളങ്ങൾ വേണ്ടത്ര ലഭ്യമല്ല.

8 കാർഷിക യന്ത്രോപകരണങ്ങൾ ലഭിക്കുന്നില്ല.

9 ജലസേചന സൗകര്യങ്ങൾ തീരെയില്ല.

10 ഉപ്പുവെള്ളം തടയാൻ നിർമ്മിച്ച ക്രോസ്ബാറുകൾ പ്രവർത്തനക്ഷമമല്ല.

11 കൃഷികാര്യങ്ങളിൽ ജനങ്ങൾ പൊതുവെ വിമുഖരാണ്

12 നെൽപ്പാടങ്ങൾ നികത്തി കാർഷികേതര ആവശ്യങ്ങൾക്കുപയോഗിക്കുന്നു.

13 കർഷക തൊഴിലാളികളുടെ കൂലിയിൽ ഐകരൂപ്യമില്ല.

14 കൃഷി ഭവനിൽ നിന്നുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ല.

15 കീടനാശിനികൾ യഥാസമയവും കാര്യക്ഷമമായും ഉപയോഗിക്കുന്നില്ല.

16 വിള ഇൻഷ്വർ ചെയ്യുന്നതു സംബന്ധിച്ചു കർഷകർ വേണ്ടത്ര ബോധവാന്മാരല്ല.

17 കൃഷി ഭൂമി തരിശിടുന്ന പ്രവണത വർദ്ധിച്ചു വരുന്നു.

18 ഓരുവെള്ളം കെട്ടിനിർത്തി ചെമ്മീൻ കൃഷി നടത്തുന്നതുമൂലം നഞ്ചുകയറി നെൽകൃഷി നശിക്കുന്നു.

19 നാളികേരത്തിനു വിലസ്ഥിരതയില്ല.

20 തെങ്ങുകൾ ശാസ്ത്രീയമായി കൃഷി ചെയ്യപ്പെടുന്നില്ല.

21 തെങ്ങുകൾക്കു ചെന്നീരൊലിപ്പ് വ്യാപകമാണ്. ഇത് തടയാനുള്ള പ്രവർത്തനം കാര്യക്ഷമമല്ല.

22 കൊപ്രാ വിപണനത്തിനു പ്രാദേശിക സൗകര്യങ്ങളില്ല.

23 കേര വികസന സമിതിയുടെ പ്രവർത്തനങ്ങൾ വേണ്ടത്ര ഫലപ്രദമല്ല.

24 പച്ചക്കറികൃഷി കുറഞ്ഞുവരുന്നു.

25 മാവ്, പ്ളാവ് എന്നിവ വ്യാപകമായി കൃഷിചെയ്യുവാനുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നില്ല.

26 പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ കുരുമുളക് കൃഷി വ്യാപിപ്പിക്കാനുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തുന്നില്ല.

27 വാഴ കൃഷിയുടെ വികസന സാദ്ധ്യത ഉപയോഗപ്പെടുത്തുന്നില്ല.

28 കൂൺ കൃഷി, പുഷ്പകൃഷി, ഔഷധച്ചെടികളുടെ കൃഷി എന്നിവയെ പറ്റി ജനങ്ങൾ വേണ്ടത്ര ബോധവാന്മാരല്ല.

29 നീർമറി വികസനത്തിലുള്ള അപര്യാപ്തത കൃഷിയെ ബാധിക്കുന്നു.

30 കണ്ടൽ കാടുകൾ ക്ഷയിച്ചുവരുന്നതു കാർഷിക- പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

## സാദ്ധ്യതകൾ

1 കൃഷിക്കാർക്കും കാർഷിക തൊഴിലാളികൾക്കും ആവശ്യമായ ആനുകൂല്യങ്ങളും പ്രോത്സാഹനങ്ങളും നൽകണം. പഞ്ചായത്തിലെ മികച്ച കർഷകത്തൊഴിലാളികളെ ആദരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.

2 ഉപ്പുവെള്ളം തടയാൻ വേണ്ടി നിർമ്മിച്ച മുട്ടിൽകാപ്പ്, താവം കാപ്പ് എന്നി ക്രോസ് ബാറുകളുടെ അറ്റകുറ്റപ്പണി നടത്തി അവ പ്രവർത്തന ക്ഷമമാക്കണം.

3 നെല്ലിനു ന്യായമായ വില ലഭിക്കാൻ ആവശ്യമായ സൗകര്യങ്ങൾ ചെയ്യണം.

4 നല്ലയിനം നടീൽ വസ്തുക്കളും പരമ്പരാഗത നെൽവിത്തുകളും യഥാസമയം ലഭ്യമാക്കണം.

5 പഞ്ചായത്തിൽ കൃഷിഭവന്റെ സഹായത്തോടെ മണ്ണുപരിശോധനക്കു കൃത്യമായ സംവിധാനം ഉണ്ടാക്കണം.

6 ജൈവവളങ്ങൾ വേണ്ടത്ര നൽകണം.

7 കാർഷിക യന്ത്രോപകരണങ്ങൾ കൃഷിക്കാർക്കു യഥാസമയം ലഭിക്കുന്നുവെന്നുറപ്പു വരുത്തണം.

8 സ്വകാര്യ പൊതുകുളങ്ങൾ ഉപയോഗിച്ച് പാടശേഖരങ്ങൾ നന്നാക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം.

9 നല്ല രീതിയിൽ ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തണം.

10 കാർഷിക മേഖലയുടെ പ്രാധാന്യത്തെപ്പറ്റി ജനങ്ങളെ ബോധവല്ക്കരിക്കണം.

11 കർഷക തൊഴിലാളികളുടെ കൂലിയിൽ ഐകരൂപ്യം വരുത്തണം.

12 കൃഷിഭവനിൽ നിന്നുള്ള ആനുകൂല്യങ്ങൾ യഥാസമയം നൽകണം.

13 വളം, കീടനാശിനികൾ എന്നിവ സബ്സിഡി നിരക്കിൽ യഥാസമയം നൽകണം.

14 തെങ്ങുകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

15 കൊപ്രാ വിപണനത്തിനു പ്രാദേശിക സൗകര്യങ്ങൾ ഏർപ്പെടുത്തണം.

16 പച്ചക്കറി കൃഷി വ്യാപകമാക്കാനുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം.

17 മാവ്, പ്ളാവ് എന്നിവ വ്യാപകമായി കൃഷിചെയ്യാനുള്ള സാദ്ധ്യതകൾ കണ്ടെത്തണം.

18 കുരുമുളക്, വാഴ, പൂച്ചെടികൾ, ഔഷധചെടികൾ, ഓർക്കിഡുകൾ, കൂണുകൾ എന്നിവയുടെ കൃഷി സാദ്ധ്യതകൾ കണ്ടെത്തി പ്രയോജനപ്പെടുത്തണം.

19 നീർമറി വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

20 കണ്ടൽകാടുകൾ സംരക്ഷിക്കണം, തീരപ്രദേശങ്ങളിൽ ഇവ വച്ചുപിടിപ്പിക്കണം.

# മൃഗസംരക്ഷണം

ചെറുകുന്ന് പഞ്ചായത്തിൽ കാർഷികവൃത്തിക്കായിരുന്നു പണ്ടുമുതലേ പ്രാമുഖ്യം നൽകിപ്പോന്നിരുന്നത്. കുറച്ചെങ്കിലും നെൽകൃഷിയില്ലാത്തവർ പണ്ടുകാലത്ത് വിരളമായിരുന്നു. കൃഷിക്ക് ജൈവ വളമായി ചാണകം പണ്ടുകാലം മുതലേ ഉപയോഗിച്ചുവന്നതിനാൽ കർഷകർ കന്നുകാലികളെ പരിപാലിച്ചിരുന്നു. സ്വന്തം ആവശ്യത്തിനുവേണ്ടുന്ന പാലും, പാലുല്പ്പന്നങ്ങളും ലഭ്യമാക്കുക, സ്വന്തം കൃഷിസ്ഥലത്തേക്ക് വേണ്ടിവരുന്ന ജൈവവളം ഉണ്ടാക്കുക ഇത് മാത്രമാണ് കന്നുകാലി വളർത്തുന്ന കർഷകരുടെ പ്രധാനഉദ്ദേശ്യം. പണ്ടൊക്കെ നെൽപാടങ്ങൾ കൂടുതലും പറമ്പുകൾ കുറവും ആയിരുന്നു. ഓരോ വിളവെടുപ്പ് കഴിഞ്ഞാലും പശുക്കളെ കയറൂരിവിട്ട് തീറ്റിക്കുന്ന സമ്പ്രദായം അന്ന് നിലവിൽ ഉണ്ടായിരുന്നു. പ്രധാന കൃഷിയായ നെല്ല് കൊയ്തതിനുശേഷം ഒന്ന് രണ്ട് മാസത്തോളം ഉഴുന്ന്, പയർ എന്നിവ കൃഷിചെയ്തിരുന്നു. അവയുടെ വിളവെടുപ്പ് കഴിഞ്ഞ് അടുത്ത വിത്തിറക്കുന്നതുവരെ പശുക്കൾ യഥേഷ്ടം പച്ചപ്പുല്ല് മേഞ്ഞ് നടക്കുന്ന ഒരു കാലമായിരുന്നു ഒരു മുപ്പത് വർഷത്തിന് മുമ്പ്. പരിഷ്ക്കരിച്ച ചികിത്സാ സമ്പ്രദായങ്ങളൊന്നും നിലവിലില്ലാത്ത അക്കാലത്ത് പശു പ്രസവിച്ചാൽ അന്നപൂർണ്ണേശ്വരി ക്ഷേത്രത്തിലേക്ക് ദേവിക്ക് വേണ്ടി ആദ്യം കറന്ന പാൽ എത്തിക്കുക, അതുപോലെ കടലായി ശ്രീകൃഷ്ണ ഭഗവാനു പായസം കഴിപ്പിക്കുക തുടങ്ങിയ വഴിപാടുകൾ പശുക്കളുടെ രക്ഷക്കായി അന്ന് കർഷകർ ആചരിച്ചുവന്നിരുന്നു. നിശ്ചിത കാലയളവുകഴിഞ്ഞും പശുക്കളെ കയറൂരിവിട്ട് അന്യരുടെ കൃഷി നശിപ്പിക്കുന്നവർക്കെതിരായി അവരുടെ പശുക്കളെ പിടിച്ചുകൊണ്ടുപോയി കെട്ടിയിടാനായി " കാറ്റിൽപൗണ്ട്" അന്ന് ഉണ്ടായിരുന്നു. പഞ്ചായത്ത് നിലവിൽ വരുന്നത്വരെ വില്ലേജിന്റെ അധികാരിയായിരുന്നു പൗണ്ടിന്റെ മേൽനോട്ടം വഹിച്ചിരുന്നത്.

1964 ൽ (12-12-1964) ആദ്യമായി ചെറുകുന്നിൽ ഒരു കൃത്രിമ ബീജ സങ്കലന കേന്ദ്രം നിലവിൽ വരുന്നതുവരെ ചികിത്സ ക്കായി ക്ഷീര കർഷകർ നാട്ടുചികിത്സാ സമ്പ്രദായമാണ് സ്വീകരിച്ചിരുന്നത്. കന്നുകാലികളുടെ ചികിത്സമാത്രം നടത്തി വന്നിരുന്ന കുടുംബങ്ങൾ തന്നെ അന്ന് നിലവിലുണ്ടായിരുന്നു. ഇന്ന് അവരുടെ പിൻതലമുറക്കാർ ചികിത്സ നടത്തി വരുന്നുണ്ട്. വിദ്യാഭ്യാസത്തിൽ മുൻപ ന്തിയിൽ നിന്നിരുന്ന ചെറുകുന്നിലും അന്ന് പശുക്കളിൽ ബീജസങ്കലനം നടത്തി 'ചെന' പിടിപ്പിക്കുക എന്നത് അവിശ്വസനീയ മായിരുന്നു. കാലക്രമേണ പശുക്കൾ കൃത്രിമ ബീജ സങ്കലനത്തിലൂടെ തലയെ ടുപ്പുള്ള സിന്ധി കന്നുകുട്ടികൾക്ക് ജനനം നൽകിയപ്പോൾ കൂടുതൽ കർഷകരും കൃത്രിമ ബീജസങ്കലനത്തെ ആശ്രയി ക്കുവാൻ തുടങ്ങി. അതുവഴി ബഹുഭൂരി പക്ഷം പശുക്കളെയും ഇന്ന് നല്ല സങ്കരയിനം പശുക്കളായി മാറ്റുവാൻ കഴിഞ്ഞു. പഴയ കാലത്ത് ഒരു പശുവിൽ നിന്നും അരലിറ്റർ മുതൽ കഷ്ടിച്ച് ഒരുലിറ്റർ പാൽവരെ ലഭിച്ചിരുന്ന സ്ഥാനത്ത് ഇന്ന് വർഗ്ഗ ഗുണമുള്ള മേത്തരം ജനുസ്സുകൾ വന്നതോടെ 6 ലിറ്റർ മുതൽ 15 ലിറ്റർ വരെ പാൽ ഒരു പശുവിൽ നിന്ന് ലഭിച്ചു തുടങ്ങി ജനസംഖ്യ വർദ്ധനവ്മൂലം പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന പാൽ ഉപഭോഗത്തിന് മതിയാവാതെ വരുന്നത്കൊണ്ട് പുറമെനിന്ന് പാൽ എത്തിച്ചേരുന്നു എന്നത് ഒരു സത്യമാണ്.

ഗവൺമെൻറിൽ നിന്ന് ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്കും അതുപോലെ ചെറുകിട കർഷകർക്കും വായ്പാസൗകര്യം, സബ്സിഡി എന്നിവ ലഭ്യമാക്കിയതോടെ ഇന്ന് ഒരു സ്ഥിരതൊഴിലായിതന്നെ കന്നു കാലി പരിപാലനം നടത്തുന്ന ഒട്ടുവളരെ കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

കൃത്യമായി ബീജ സങ്കലനം നടത്തു വാനും പ്രതിരോധ കുത്തി വെപ്പ് നട ത്താ നും കർഷകന് സൗകര്യങ്ങൾ ലഭ്യമായ തോടെയും മൃഗസംരക്ഷണ മേഖലയിൽ കന്നു കാലിവളർത്തുകാർക്ക് ഒട്ടേറെ ആശ്വാസ പ്രദമായ പദ്ധതികൾ ആവിഷ്ക്ക രിച്ചതോടെയും കൂടുതൽ കർഷകർ ഈ രംഗത്ത് ആകൃഷ്ടരായിട്ടുണ്ട്.

പാൽ വിതരണരംഗത്തും കാലി ത്തീറ്റ വിപണന രംഗത്തും പാൽ സൊസൈ റ്റികൾ വന്നതോടുകൂടി ഉൽപാദകന് വളരെയേറെ ആശ്വാസം ലഭിച്ചുവരുന്നുണ്ട്. ഗവൺമെൻറിൽനിന്നും സങ്കരയിനം കന്നു കുട്ടികൾക്കും, കിടാരികൾക്കും തീറ്റ വാങ്ങുന്നതിൽ ലഭിച്ചു വരുന്ന സബ്സിഡി കന്നുകാലി വളർത്തു കാർക്ക് വളരെയേറെ ആശ്വാസം പകരുന്നു.

<u>പശുവളർത്തൽ</u>

മൂന്ന് ദശാബ്ദ കാലത്തിനു മുമ്പ് ഇവിടെ നാടൻ പശുക്കൾ മാത്രമേ ഉണ്ടായി രുന്നുള്ളൂ. പക്ഷേ ഇന്നത്തെ കണക്ക് സൂചിപ്പിക്കുന്നത് കൃത്രിമ ബീജ സങ്കലന ത്തിലൂടെ പുതിയ സങ്കരയിനം പശുക്ക ളുടെ വർദ്ധനവുണ്ടാക്കാൻ സാധിച്ചിരി ക്കുന്നു എന്നാണ് . ഇന്ന് പഞ്ചായത്തിൽ മൊത്തം കറവയുള്ള 50 നാടൻ പശുക്കൾ മാത്രമേയുള്ളൂ. അതേ അവസരത്തിൽ കറവയുള്ള സങ്കരയിനം പശുക്കൾ 203 ആണ്. കറവയില്ലാത്തതടക്കം പഞ്ചായ ത്തിൽ ആകെ നാടൻ പശുക്കൾ 125 ആണെങ്കിൽ സങ്കരയിനം പശുക്കൾ 665 ആണ്. എരുമകൾ നമ്മുടെ പഞ്ചായത്തിൽ മുമ്പത്തെ അപേക്ഷിച്ച് ഇന്ന് വളരെ കുറവാണ്. 9 എരുമകൾ മാത്രമാണ് എല്ലാ വാർഡുകളിലുമായി കണ്ടെത്തിയിട്ടുള്ളത്. അതിൽ 8 എണ്ണം കറവുള്ളതാണ്.

### ആടുവളർത്തൽ

ആടു വളർത്തലിനു സൗകര്യപ്രദമായ കുന്നിൻചെരിവുകളും ഉയർന്ന പ്രദേശങ്ങളും ഉണ്ടെങ്കിലും കാര്യമായ പുരോഗതി പഞ്ചായത്തിൽ നിലവിലില്ല. 110 ആടുകൾ മാത്രമാണ് പഞ്ചായത്തിൽ കണ്ടെത്തിയിട്ടുള്ളത്.

### കോഴിവളർത്തൽ

കോഴി വളർത്തുന്നത് പഞ്ചായത്തിൽ വ്യാപകമായിട്ടുണ്ടെങ്കിലും പരിഷ്കരിച്ച രീതി അവലംബിച്ച് മുട്ടകോഴികളെയും ഇറച്ചികോഴികളെയും വ്യാപകമായതോതിൽ വളർത്താൻ അധികം പേരും മുന്നോട്ടുവരുന്നില്ല.

പണ്ടുകാലത്ത് അപൂർവ്വം ചില താഴ്ന്ന വരുമാനക്കാരുടെ വീടുകളിലായിരുന്നു കോഴികൾ അധികവും വളർത്തിയിരുന്നത്. സ്വന്തം ഇറച്ചി ആവശ്യത്തിനാണ് അന്ന് കോഴികളെ വളർത്തിയിരുന്നത് ഇന്നത്തെപോലെ കോഴിമുട്ട ഉപയോഗിക്കുന്നത് അന്ന് പതിവില്ലാത്ത കാര്യമായിരുന്നു. അന്ന് ചെറുകിട കച്ചവടക്കാർ വീടുവീടാന്തരം കയറിയിറങ്ങി കോഴിമുട്ടയും കോഴിക്കുഞ്ഞുങ്ങളെയും ശേഖരിച്ച് ടൗണിൽ കൊണ്ടുചെന്ന് മൊത്തമായി വില്ക്കുകയായിരുന്നു പതിവ്. ഇന്ന് പഞ്ചായത്തിൽ ആയിരക്കണക്കിന് മുട്ടകളാണ് ആഴ്ചതോറും പുറമെ നിന്ന് വില്പനക്കെത്തുന്നത്. ഇറച്ചിയും ആവശ്യത്തിനനുസരിച്ച് മറ്റ് പ്രദേശങ്ങളിൽ നിന്നാണിവിടെ എത്തിച്ചേരുന്നത്.

താറാവ് കൃഷിക്ക് പറ്റിയ സ്ഥലം പഞ്ചായത്തിൽ ഉണ്ടെങ്കിലും അപൂർവ്വം ചില വീടുകളിൽ മാത്രമാണ് താറാവ് വളർത്തി വരുന്നത്-അതും ചുരുങ്ങിയ തോതിൽ പന്നിവളർത്തൽ പഞ്ചായത്തിൽ തീരെയില്ല.

**രോഗവിവരങ്ങൾ**

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ദഹനസംബന്ധമായവ<br>Digestive disorders | 465 | 3 | 30 | - | - | - | - | - | - | - |
| 2 | ശ്വാസകോശസംബന്ധം<br>Respiraory diseases | 8 | 1 | 10 | - | - | 32 | - | - | - | - |
| 3 | ഉപാപചയ സംബന്ധം<br>Metabolic diseases | 25 | - | 3 | - | - | - | - | - | - | - |
| 4 | ത്വക് രോഗങ്ങൾ<br>Skin diseases | 63 | - | 12 | - | - | - | - | - | - | - |
| 5 | ധാതുലവണങ്ങളുടെഅഭാവം<br>Deficieny diseases | 500 | - | 15 | - | - | - | - | - | - | - |
| 6 | പാദരോഗങ്ങൾ<br>Parasitic diseases. | 205 | - | 27 | - | - | 380 | 10 | - | - | - |
| 7 | പ്രത്യുൽപാദന വ്യവസ്ഥയുമായിബന്ധപ്പെട്ടവ<br>Gynacological disorders | 18 | 1 | 12 | - | - | - | - | - | - | - |
| 8 | വന്ധ്യത<br>Infertility | 45 | 1 | 3 | - | - | - | - | - | - | - |
| 9 | അകിടുവീക്കം<br>Mastitis | 150 | 2 | 11 | - | - | - | - | - | - | - |
| 10 | മുടന്തൻ പനി<br>Emphemeral Fever | 450 | - | - | - | - | - | - | - | - | - |
| 11 | പകർച്ച വ്യാധികൾ<br>Contagious diseases | 12 | 2 | 13 | - | - | - | - | - | - | - |

## വളർത്തുമൃഗ സംഖ്യ

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനവ് | മറ്റുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1 | - - | - - | 2 | 5 | 7 | 10 | 25 | 53 | NIL | NIL | NIL | 2 | - - | - - |
| 2 | - - | - - | - - | - - | 5 | 12 | 22 | 52 | 4 | - - | NIL | 34 | 9 | NIL |
| 3 | - - | - - | 2 | - | 8 | 10 | 21 | 75 | NIL | NIL | -- | 1 | - - | - - |
| 4 | - | 2 | - | - | 3 | 9 | 11 | 69 | - | - | - | 14 | 7 | - |
| 5 | - | - | - | - | 4 | 3 | 15 | 24 | - | - | - | 2 | - | 1 × |
| 6 | - | - | - | - | 5 | 6 | 20 | 40 | - | - | - | 23 | - | - |
| 7 | - | - | - | - | 5 | 9 | 28 | 58 | - | - | - | 1 | 9 | - |
| 8 | - | 2 | - | - | 6 | 5 | 23 | 38 | - | - | - | 33 | 2 | - |
| 9 | - | - | - | - | 7 | 11 | 38 | 53 | 4 | 1 | - - | - - | - - | - - |

× പന്നി

## വളർത്തു പക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 65 | 58 | 50 | 2 | 3 | NIL |
| 2 | 170 | 199 | 105 | 1 | 2 | NIL |
| 3 | 150 | 106 | 95 | NIL | NIL | NIL |
| 4 | 75 | 80 | 54 | 7 | 10 | - |
| 5 | 30 | 25 | 37 | - | - | - |
| 6 | 25 | 30 | 22 | 3 | 4 | - |
| 7 | 208 | 290 | 180 | 2 | 3 | - |
| 8 | 301 | 437 | 397 | 19 | 52 | - |
| 9 | 77 | 80 | 73 | 4 | 5 | - |

അവലംബം: ദ്വിതീയ വിവര ശേഖരണം

## മത്സ്യബന്ധനം

| വാർഡ് നമ്പർ | കടൽ മത്സ്യം | | | | | ഉൾനാടൻ മത്സ്യം | | മത്സ്യബന്ധനോപകരണങ്ങൾ | | |
|---|---|---|---|---|---|---|---|---|---|---|
| | മത്സ്യബന്ധന തൊഴിലാളികൾ | | മറ്റുതൊഴിലാളികൾ | | | വിസ്തീർണ്ണം (ഏക്കർ) | കർഷകരുടെ എണ്ണം | യന്ത്രവത്കൃത ബോട്ടുകൾ | യന്ത്രം ഘടിപ്പിച്ച നാടൻ വള്ളങ്ങൾ | യന്ത്രം ഘടിപ്പിക്കാത്ത നാടൻ വള്ളങ്ങൾ |
| | മുഖ്യ തൊഴിൽ | ഭാഗിക തൊഴിൽ | മത്സ്യ വിപണനം | വല നന്നാക്കൽ | മത്സ്യ സംസ്കരണം | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | - | - | - | - | - | 35 | 5 | - | - | - |
| 2 | - | - | - | - | - | 5 ½ | 2 | - | - | - |
| 3 | - | - | - | - | - | | | - | - | - |
| 4 | - | - | - | - | - | 200 | 10 | - | - | - |
| 5 | - | - | - | - | - | - | - | - | - | - |
| 6 | - | - | - | - | - | - | - | - | - | - |
| 7 | - | - | - | - | - | - | - | - | - | - |
| 8 | - | - | - | - | - | 61.5 | 15 | - | - | 8 |
| 9 | - | - | - | - | - | 265 | 16 | - | - | 10 |
| | | | | | ആകെ | 567 | 48 | | | 18 |

## പേ വിഷബാധ - പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ് നൽകിയവയുടെ എണ്ണം | 100 | NIL | NIL | 23 | - | 700 കോഴി |
| കടിയേറ്റതിനു ശേഷം കുത്തിവെയ്പ്പ് നടത്തിയവയുടെ എണ്ണം | 8 | 1 | 12 | - | - | - |

## കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2-ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 510 | 651 | 6 |
| കിടാരി | 140 | 120 | 13 |
| എരുമ | | 30 | |

അവലംബം: ദ്വിതീയ വിവര ശേഖരണം

## പ്രശ്നങ്ങൾ

1 വർഗ്ഗ ഗുണമുള്ള പശുക്കൾ പഞ്ചായത്തിൽ ലഭ്യമായതോടെ രോഗങ്ങളും കന്നുകാലികളിൽ കൂടിവരുന്നു. പഞ്ചായത്തിൽ ഇതുവരെ ചികിത്സാ സൗകര്യങ്ങളൊന്നും നിലവിലില്ലാത്തതുകൊണ്ട് മറ്റു പഞ്ചായത്തുകളിലെ ഡോക്ടർമാരുടെ സേവനം ഉപയോഗിക്കേണ്ടി വരുന്നു.

2 പഞ്ചായത്തിൽ ഒട്ടുമിക്ക സ്ഥലങ്ങളും കൊല്ലംതോറും പറമ്പായി മാറിക്കൊണ്ടിരിക്കുന്നതിനാൽ പച്ചപ്പുല്ലിന്റെ ലഭ്യത കുറഞ്ഞു വരുന്നു. പശുപരിപാലനത്തിനു കാര്യമായി വൈക്കോൽ ഇറക്കുമതിയെ ആശ്രയിക്കേണ്ടിവരുന്നു. ഇടത്തട്ടുകാർ ഈ രംഗത്ത് കടന്നുകൂടി അമിത വില ഈടാക്കുന്നു. തീറ്റ പുല്ല് കൃഷിചെയ്യാൻ പറ്റിയ സ്ഥലം ഉണ്ടെങ്കിലും ശുദ്ധ ജല ദൗർലഭ്യം മൂലം കൊല്ലംമുഴുവനും കൃഷി ചെയ്യാൻ കഴിയുന്നില്ല.

3 പശുക്കൾക്ക് കാലാകാലമായി പിടിപെടുന്ന പകർച്ചവ്യാധികൾക്ക് യഥാസമയം വേണ്ടുന്ന പ്രതിരോധ കുത്തിവെപ്പിനുള്ള സൗകര്യം കന്നുകാലി ഉടമസ്ഥന്മാർക്ക് പഞ്ചായത്തിൽ നിന്ന് ലഭിക്കുന്നില്ല.

4 മൃഗാസ്പത്രികളിൽ ആവശ്യമായ മരുന്നുകളുടെ ദൗർലഭ്യം മൂലം ചികിത്സക്കായി ചെറുകിട കർഷകർ ഭീമമായ സംഖ്യ ചെലവഴിക്കേണ്ടിവരുന്നു.

5 ഇന്നത്തെ കൂടിവരുന്ന ഉല്പാദന ചെലവനുസരിച്ച് പാൽവില വർദ്ധിക്കാത്തത് കാരണം പശുവളർത്തൽ ആദായകരമല്ലാതായിത്തീരുന്നു.

6 മാർക്കറ്റിൽ ഇന്ന് നിലവിലുള്ള പല കമ്പനികളുടെയും തീറ്റകൾക്ക് ഗുണമേന്മ ഇല്ലാത്തതുകൊണ്ടും, ഗുണമേന്മ ഉറപ്പ് വരുത്താനുള്ള സംവിധാനം ഇല്ലാത്തതുകൊണ്ടു മേത്തരം തീറ്റ തെരഞ്ഞെടുക്കുവാൻ കർഷകന് കഴിയുന്നില്ല.

7 കന്നുകാലി ഉടമസ്ഥന്മാർക്ക് പശുക്കളെ വാങ്ങിക്കാനും മറ്റുമായി നിലവിലുള്ള വായ്പാസൗകര്യങ്ങൾ, സബ്സിഡി എന്നിവ ഉദാരമാക്കുന്നില്ല.

## സാധ്യതകൾ

1 പഞ്ചായത്തിൽ നിലവിൽ ഒരു മൃഗാസ്പത്രി ഇല്ലാത്തത് കൊണ്ട് ആധുനിക സൗകര്യങ്ങളോടെയുള്ള ഒരു മൃഗാസ്പത്രി അടിയന്തരമായി സ്ഥാപിക്കണം.

2 കാലിത്തീറ്റയുടെ വില കയറുന്നതനുസരിച്ച് ആനുപാതികമായി സബ്സിഡി നിരക്കിൽ വർദ്ധനവ് ലഭ്യമാക്കണം.

3 വൈക്കോൽ വിതരണം സൊസൈറ്റികൾ ഏറ്റെടുത്തു നടത്തി ചുരുങ്ങിയ വിലക്ക് വൈക്കോൽ ലഭിക്കാനുള്ള സൗകര്യം ഉണ്ടാക്കണം.

4 പ്രത്യേകം കന്നുകുട്ടി പരിപാലന പദ്ധതിയിൽ എല്ലാ പെൺ കന്നുകുട്ടികളെയും ഉൾപ്പെടുത്തുകയും എല്ലാ സമയത്തും റജിസ്ട്രേഷൻ ചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യണം.

5 ബ്ളോക്ക് പഞ്ചായത്ത് തലത്തിൽ ഒരു വന്ധ്യത പരിശോധന ക്ലിനിക്ക് സ്ഥാപിക്കുക.

6 ജില്ലാതലത്തിൽ ഭ്രൂണമാറ്റ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തണം.

7 പറമ്പുകളിൽ ഇടവിളയായി തീറ്റ പുൽകൃഷി ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം.

8 കന്നുകാലികളെയും ആടുകളെയും തീറ്റക്കാവശ്യത്തിനായി സാമൂഹ്യ വനവൽക്കരണ പദ്ധതിയിൽ പ്ളാവ്, സുബബുകൾ തുടങ്ങിയ ഫോഡർ മരങ്ങൾ വെച്ചുപിടിപ്പിക്കുക.

9 ജില്ലാതലത്തിൽ കാലിത്തീറ്റ മിശ്രയൂനിറ്റ് ഗവൺമെന്റ് തലത്തിൽ സ്ഥാപിക്കുക.

10 ശാസ്ത്രീയമായി കാലിത്തൊഴുത്ത് നിർമ്മാണത്തിന് എല്ലാ കർഷകർക്കും സഹായമനുവദിക്കുക.

11 ശാസ്ത്രീയമായി അറവ് ശാല സ്ഥാപിച്ച് പഞ്ചായത്തിനാവശ്യമായ സംസ്കരിച്ച മാംസം ലഭ്യമാക്കുക.

12 കോഴി വളർത്തൽ യൂനിറ്റുകൾ ആരംഭിച്ച് സ്വയം തൊഴിൽ പദ്ധതി വ്യാപിപ്പിക്കണം.

# മത്സ്യബന്ധനം

സമൃദ്ധമായ മത്സ്യസമ്പത്തുള്ള പ്രദേശമാണ് പൊതുവെ കേരളം. സമുദ്രവും, കായലും, പുഴയും, കുളങ്ങളുമെല്ലാം മത്സ്യവംശവർദ്ധനവിന്ന് വഴിയൊരുക്കുന്നു. പണ്ടുകാലങ്ങളിൽ പരമ്പരാഗതമായ രീതിയിലാണ് മത്സ്യബന്ധനം നടത്തിയിരുന്നത്. നാടൻവള്ളം, വല, കുത്തൂട്, ചേവ് എന്നിവ ഉപയോഗിച്ചായിരുന്നു മത്സ്യബന്ധനം. ആധുനിക രീതിയിലുള്ള വലകളും മറ്റ് യന്ത്രവൽകൃതവസ്തുക്കളുടെയും ലഭ്യതയോടെ, പരമ്പരാഗത മത്സ്യബന്ധനം കുറഞ്ഞുവന്നു. കയ്പ്പാട്പ്രദേശങ്ങളിൽ സ്വകാര്യവ്യക്തികൾ ബണ്ടുകളുണ്ടാക്കി ചെമ്മീൻ പിടിക്കുന്ന സംവിധാനം ഉണ്ടായതോടെ കയ്പ്പാട് പ്രദേശത്ത് കൃഷിചെയ്യുന്നവർക്ക് ആശ്വാസം കിട്ടിയെങ്കിലും ഓര് ജലത്തിന്റെ കെട്ടിനില്പ്പ് മറ്റ് പരിതസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. മുൻകാലങ്ങളിൽ പിടിക്കുന്ന മത്സ്യം അന്നന്ന് തന്നെ വിറ്റഴിക്കേണ്ടിയിരുന്നത് അവ കേടുകൂടാതെ സൂക്ഷിക്കാനുള്ള സംവിധാനം അന്നില്ലാത്തത് കൊണ്ടായിരുന്നു. എന്നാൽ ഇപ്പോൾ മത്സ്യം സൂക്ഷിക്കുവാനും, വിദേശങ്ങളിലേക്ക് കയറ്റി അയക്കുവാനും ഉള്ള സൗകര്യങ്ങളുണ്ട്. നമ്മുടെ പഞ്ചായത്തിലും സമൃദ്ധമായി പുഴകളും, തോടുകളുമുണ്ട്. അധ:സ്ഥിതജനവിഭാഗങ്ങളും മറ്റ് പിന്നോക്ക സമുദായങ്ങളിൽപെട്ടവരും ചേവ്, കുത്തൂട് എന്നിവ ഉപയോഗിച്ച് തവ്വിയും, പുഴകളിൽനിന്നും, തോടുകളിൽനിന്നും മത്സ്യം പിടിച്ചിരുന്നു. പിടിച്ച മത്സ്യം അതാത് ദിവസം തന്നെ സവർണരും മറ്റുന്നതന്മാർക്കും നൽകി, ഉപജീവനം കഴിക്കുന്ന സ്ഥിതിയായിരുന്നു മുൻപുണ്ടായിരുന്നത്. ഇവ കൂടാതെ പഴയകാലത്ത് ഇളമ്പക്ക, കൂർക്ക, മുരു എന്നിവയും, പുഴകളിൽ സമൃദ്ധമായിരുന്നു. പിടിക്കുന്ന ഇത്തരം മത്സ്യ

സമ്പത്തുകൾ വീടുകളിൽ സ്വന്തമായി ഉപയോഗിക്കുന്നത് അടുത്തകാലം വരെ പതിവായിരുന്നു. കൂടുതൽ വരുന്ന ചെമ്മീനുകൾ ഉണക്കി വർഷകാലങ്ങളിലേക്ക് സൂക്ഷിച്ചു വെക്കുന്ന പതിവും ഉണ്ടായിരുന്നു. ബണ്ടുകൾ കെട്ടി ചെമ്മീൻ പിടിക്കുന്ന സമ്പ്രദായം വ്യാപകമായതോടെ ചെമ്മീൻ കയറ്റുമതി ചെയ്യുവാനും ആരംഭിച്ചു. ഈ രംഗത്ത് നല്ല മത്സരം തന്നെ ഇപ്പോൾ നടന്നു വരുന്നു. കണ്ടൽക്കാടുകളുടെ നാശത്തോടെ മത്സ്യങ്ങളുടെ വംശവർദ്ധനവിന് കോട്ടം തട്ടി. ഇന്ന് ഓർവെള്ളത്തിൽ ചെമ്മീൻ വളർത്തുന്ന ഏർപാടും വ്യാപകമായി വന്നിട്ടുണ്ട്. ശുദ്ധജലം ഓര്ജലമായി മാറുന്ന പരിത:സ്ഥിതിപ്രശ്നം ഇതുമൂലമുണ്ടായിട്ടുണ്ട് എന്നതും വസ്തുതയാണ്. എന്നാൽ പഞ്ചായത്തിലെ ചെമ്മീൻ കൃഷിക്കനുയോജ്യമായ മുഴുവൻ സ്ഥലങ്ങളും കണ്ടെത്തി, മറ്റ് പരിത:സ്ഥിതിപ്രശ്നങ്ങൾ ഒഴിവാക്കി, വ്യാപകമായി ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിച്ചാൽ ഗ്രാമപഞ്ചായത്തിന്റെ സമൂലവികസനത്തിനാവശ്യമായ ധനാഗമം ഉണ്ടാക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ചെമ്മീൻ കൃഷി വികസിക്കുന്നതോടൊപ്പം,ചെമ്മീൻ വിത്തുല്പാദന കേന്ദ്രങ്ങൾ, തീറ്റനിർമ്മാണശാലകൾ, ചെമ്മീൻ സംസ്കരണശാലകൾ, വളംനിർമ്മാണശാലകൾ തുടങ്ങിയ അനുബന്ധവ്യവസായങ്ങളും, ധാരാളം തൊഴിലവസരങ്ങളുമുണ്ടാകും. പഞ്ചായത്തിൽ നിലവിൽ 227 ഹെക്ടർ സ്ഥലത്ത് മേൽ വിവരിച്ച രീതിയിൽ ശാസ്ത്രീയകൃഷി നടത്താമെങ്കിലും, മറ്റ് പരിതസ്ഥിതി പ്രശ്നങ്ങൾ പരിഗണിച്ച് ഒഴിവാക്കാനാവുന്ന സ്ഥലങ്ങൾ ഒഴിവാക്കിക്കൊണ്ട് തന്നെ പരമാവധി മത്സ്യകൃഷി നടത്താൻ ശ്രമിക്കുന്നത് നന്നായിരിക്കും.

**<u>മത്സ്യബന്ധനമേഖലയിലെ പ്രശ്നങ്ങൾ</u>**

1. മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മത്സ്യബന്ധനോപകരണങ്ങൾ വാങ്ങിക്കാനുള്ള സാമ്പത്തികശേഷി സർക്കാർ നല്കിവരുന്നുണ്ടെങ്കിലും അവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.

2. പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് വിപണനകേന്ദ്രങ്ങളോ, സൊസൈറ്റികളോ ഇല്ലാത്തത്കൊണ്ട് ഇടത്തട്ടുകാരുടെ ചൂഷണത്തിന് ഇരയാവുന്നു.

3. മത്സ്യം, ചെമ്മീൻ എന്നിവ കേടുകൂടാതെ സൂക്ഷിക്കുവാൻ സൗകര്യങ്ങളൊന്നും ഇന്ന് നിലവിലില്ല.

4. പരിഷ്ക്കരിച്ച മത്സ്യബന്ധനോപകരണങ്ങൾ വള്ളം, വല എന്നിവ വാങ്ങാൻ മത്സ്യത്തൊഴിലാളികൾക്ക് കഴിയുന്നില്ല.

5. ശാസ്ത്രീയ ചെമ്മീൻ കൃഷിയിലേർപ്പെടുന്ന കർഷകർക്ക് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേരിടുന്ന പ്രതിസന്ധികളും, ചെമ്മീൻ കൃഷിയെക്കുറിച്ചുള്ള അജ്ഞതയും കാരണം ഈ രംഗത്ത് ആളുകൾ മുന്നിട്ടിറങ്ങാൻ മടി കാണിക്കുന്നു.

6. സഹകരണാടിസ്ഥാനത്തിൽ മത്സ്യ ചെമ്മീൻ കർഷകരെ കൊണ്ടുവന്നു ഗവർമ്മേണ്ട് തലത്തിൽ തന്നെ കൃഷിക്ക് വേണ്ടുന്ന സാമ്പത്തിക സഹായം നല്കി വ്യാപകമായ നിലയിൽ ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നില്ല.

7. പുതുതായി കണ്ടുവരുന്ന വൈറസ്, ബാക്ടീരിയാരോഗം മൂലം മത്സ്യസമ്പത്ത് നാമാവശേഷമായി തീരുന്നതിനുള്ള പ്രതിവിധി കണ്ടെത്തുന്നില്ല.

8. കർഷകർക്ക് മതിയായ ഇൻഷൂർ സൗകര്യം ലഭിക്കുന്നില്ല,

9. ഗവർമ്മേണ്ട് ഹാച്ചറികളിൽനിന്ന് ഉല്പാദിപ്പിക്കുന്ന ചെമ്മീൻ വിത്തുകൾക്ക് സ്വകാര്യ ഹാച്ചറിയിൽ നിന്ന് ലഭിക്കുന്ന വിത്തിനേക്കാൾ കൂടുതൽ വില നല്കേണ്ടിവരുന്നത്

കൊണ്ട് കൃഷിക്കാർ സ്വകാര്യഹാച്ചറികളെ ആശ്രയിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്.

## പദ്ധതികൾ

1. പരിഷ്ക്കരിച്ച മത്സ്യബന്ധനോപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി വിതരണം ചെയ്യുക.

2. ഉല്പാദിപ്പിക്കുന്ന മത്സ്യത്തിന് വിപണന മേഖലയിൽ ശരിയായ വില ഉറപ്പ് വരുത്തുക. ഗവർമ്മേണ്ട് ഏജൻസികളിലൂടെ മത്സ്യം, ചെമ്മീൻ എന്നിവ ശേഖരിച്ച് വില്പന നടത്തി ഇടത്തട്ടുകാരെ ഒഴിവാക്കുകയും, ഉല്പാദകന് ന്യായവില ഉറപ്പ് വരുത്തുകയും ചെയ്യുക.

3. കൂടുതൽ മത്സ്യം ലഭിക്കുമ്പോൾ കേടുകൂടാതെ സൂക്ഷിക്കുവാൻ വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക

4. ശാസ്ത്രീയ ചെമ്മീൻകൃഷിയിലേർപ്പെടുന്ന കർഷകർക്ക് കൃഷിരീതിയെക്കുറിച്ച് കൂടുതൽ അറിവ് പകർന്ന് കൊടുക്കുകയും, ഒന്നോ രണ്ടോ തവണ കൃഷി ഗവർമ്മേണ്ട് ഏജൻസികളുടെ മേൽനോട്ടത്തിൽ തന്നെ ചെയ്ത് വിജയം ഉറപ്പ് വരുത്തുകയും ചെയ്യുക.

5. ശാസ്ത്രീയ ചെമ്മീൻകൃഷി തുടങ്ങുവാനും, കൂടുതൽ സ്ഥലങ്ങളിൽ കൃഷി വ്യാപിക്കാനുമുള്ള പദ്ധതികൾ ഗവർമ്മേണ്ട് ഏജൻസികളും, നിലമുടമകളുമായി ബന്ധപ്പെട്ട് ആസൂത്രണം ചെയ്യുക.

6. ചെമ്മീൻ കൃഷി വ്യാപകമാവുമ്പോൾ കോൾഡ് സ്റ്റോറേജ്, ഐസ് ഫാക്ടറി എന്നിവ പഞ്ചായത്തിൽ തന്നെ തുടങ്ങുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുക.

7. ചെമ്മീൻ കൃഷി നടത്തുന്ന തീരപ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിച്ച്, ചെമ്മീൻ കൃഷിക്കെതിരെയുള്ള പ്രചാരണം അവസാനിപ്പിക്കുക.

8. പുഴയോരത്തുള്ള ബണ്ടുകൾക്ക് ചുറ്റും കണ്ടൽക്കാടുകൾ വെച്ച് പിടിപ്പിക്കാനുള്ള ചിലവ് കുറഞ്ഞ പദ്ധതി, ചെമ്മീൻ കൃഷിക്കാരിലൂടെ നടപ്പിൽ വരുത്തുകയും പരിസ്ഥിതി പ്രശ്നം തടയുകയും ചെയ്യുക.

9. വിവിധ ഏജൻസികൾ നിലവിലുണ്ടെങ്കിലും, കൃഷിക്കാർക്ക് ഇന്ന് ആവശ്യമായ പഠനക്ലാസ്സുകൾ ഒന്നും സംഘടിപ്പിക്കാത്തത് കൊണ്ട് പരിഷ്ക്കരിച്ച കൃഷിരീതിയിൽ കാലാകാലമായി വരുന്ന മാറ്റങ്ങൾ ഉൾക്കൊള്ളാൻ കർഷകർക്ക് കഴിയുന്നില്ല. അത് കൊണ്ട് കർഷകരെ ബോധവാന്മാരാക്കാൻ വേണ്ടി പഠന ക്ലാസ്സുകൾ ഏർപ്പെടുത്തുക.

10. ഗവർമ്മേണ്ട് ചെമ്മീൻ വിത്തുൽപ്പാദന കേന്ദ്രത്തിൽ നിന്നും സ്വകാര്യ ഉടമയിലുള്ള ഹാച്ചറികളിലെ വിലയേക്കാൾ കൂടുതൽ വാങ്ങുന്നത് നിർത്തുകയും, ചുരുങ്ങിയ വിലക്ക് വിത്തുകൾ വിതരണം ചെയ്യാനുള്ള ഏർപ്പാടുണ്ടാക്കുക.

11. വിത്ത് കർഷകന്റെ മത്സ്യപാട ശേഖരങ്ങളിൽ നേരിട്ട് എത്തിച്ചു കൊടുക്കാനുള്ള സംവിധാനമുണ്ടാക്കുക.

12. ചെമ്മീൻ കൃഷിക്ക് വ്യാപകമായ വൈറസ് രോഗം വന്നു ചത്തൊടുങ്ങുന്നത് കൊണ്ട്, കർഷകർക്ക് മതിയായ സംരക്ഷണവും, നഷ്ടപരിഹാരവും സർക്കാരിൽനിന്ന് തന്നെ ലഭ്യമാക്കുക.

13. മത്സ്യമേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് ജോലി ഉറപ്പു വരുത്താനായി അവരെ സഹകരണാടിസ്ഥാനത്തിൽ കൊണ്ട് വന്ന് ചെമ്മീൻ തീറ്റ നിർമ്മാണം, സംസ്ക്കരണം, വളം നിർമ്മാണം, വല നിർമ്മാണം ചെറിയ തരം മത്സ്യബന്ധനോപകരണങ്ങളുടെ നിർമ്മാണം എന്നിവക്കുള്ള സ്ഥാപനങ്ങൾ ആരംഭിക്കുക.



# വ്യവസായം

കണ്ണൂർ ജില്ലയിൽ, വ്യവസായമേഖലയിൽ ഏറ്റവും പിന്നണിയിൽ കിടക്കുന്ന പഞ്ചായത്തുകളിലൊന്നാണ് ചെറുകുന്ന്. കാർഷിക പ്രാധാന്യമുള്ള ഒരു പഞ്ചായത്തു കൂടിയാണിത്. ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽ 1960 വരെ കുടിൽവ്യവസായങ്ങളായ കള്ളുചെത്ത്, ചക്കരചെത്ത്, അവിൽഇടി, എണ്ണയാട്ട് എന്നിവയും കർഷകതൊഴിലാളികളുടെ ഉപതൊഴിലായി ചൂടിപിരിയും പായനെയ്ത്തും ഈ പഞ്ചായത്തിൽ നടത്തിയിരുന്നു. 60ന് ശേഷം കുറേശ്ശെയായി കൈത്തറി നെയ്ത്തും സ്ഥാനം പിടിച്ചു. ഇന്ന് കള്ള്ചെത്ത് ഒഴിച്ച് മറ്റു തൊഴിൽ മേഖലകളെല്ലാം പൊതുവെ ദുർബ്ബലമാണ്. സോമിൽ, പ്ലൈവുഡ്, യന്ത്രങ്ങൾ കൊണ്ടുള്ള എണ്ണയാട്ട്, ചകിരിനാര് ഉല്പാദനം (ഡി ഫൈബ്രിങ്ങ്) കയർപിരി, ഖാദിനൂൽനൂല്പ് യൂനിറ്റുകൾ, സ്റ്റോൺക്രഷർ, സിനിമ, ഇഞ്ചിനിയറിംഗ്, അച്ചടി, കടലാസ്, പേക്കറ്റ് നിർമ്മാണം, ബേക്കറികൾ എന്നിവ ചെറുകിടവ്യവസായരംഗത്ത് പ്രവർത്തിക്കുന്നു. (വിവരങ്ങൾ പട്ടിക ഒന്നിൽ)

1950-കളിൽ കുന്നനങ്ങാട് കരിങ്കൽ വ്യവസായം ശക്തിയാർജ്ജിച്ചിരുന്നു. അനേകം സ്ത്രീ പുരുഷന്മാർ ഈ വ്യവസായത്തിൽ തൊഴിലാളികളായി പ്രവർത്തിച്ചു. കണ്ണൂർ ജില്ലക്കാവശ്യമായ ജില്ലി മുഴുവൻ ആ കാലഘട്ടത്തിൽ ഇവിടെ നിന്ന് വിതരണം ചെയ്യാൻ സാധിച്ചിരുന്നു. ഒഴിവുദിവസങ്ങളിൽ കുട്ടികൾ പോലും ഈ വ്യവസായവുമായി ബന്ധപ്പെട്ടു ജോലി ചെയ്തിരുന്നു. സംഘടിതതൊഴിലാളി പ്രസ്ഥാനത്തിന്റെ ശക്തി കേന്ദ്രമായ കുന്നനങ്ങാട് പ്രവർത്തിച്ച കരിങ്കൽ തൊഴിലാളികൾ ചെറുകുന്നിലെ ഇതരപ്രദേശങ്ങളിലെ

തൊഴിലാളികൾക്ക് ആവേശവും ആത്മ വിശ്വാസവും നല്കി. 1970കളുടെ അവസാനത്തോടെയാണ് ഇവിടുത്തെ കരിങ്കൽ വ്യവസായം തളർന്നത്. വെടിവച്ചു പാറ പൊട്ടിക്കുന്നത് വീടുകൾക്ക് ഭീഷണിയായപ്പോൾ കരിങ്കൽ വ്യവസായം തകർച്ചയെ നേരിട്ടു.

1950കൾക്ക് മുമ്പുതന്നെ പഴങ്ങോട് ഏതാനും സ്വകാര്യവ്യക്തികളുടെ നിയന്ത്രണത്തിൽ ചെറിയ തോതിൽ മരവ്യവസായം ഉണ്ടായിരുന്നു. പട്ടുവം പുഴയിലൂടെ മരത്തടികൾ എത്തിക്കുകയും കാവിൻ മുനമ്പ് കേന്ദ്രീകരിച്ച് അവ വില്ക്കുകയും ചെയ്തിരുന്നു. ജലഗതാഗതം വാഹന ഗതാഗതത്തിനു വഴി മാറികൊടുത്തപ്പോൾ മരോട്ട്കുണ്ട്, കാവിൻമുനമ്പ്, മുതിരിക്കടവ് തുടങ്ങിയ വാണിജ്യകേന്ദ്രങ്ങൾ ക്ഷയിക്കാൻ തുടങ്ങി. ഈ പഞ്ചായത്തിലെ നാല്, അഞ്ച് വാർഡുകളിൽ ഇതേ കാലഘട്ടത്തിൽ ചെങ്കല്ലുകൾ കൊത്തിയെടുത്തിരുന്നു. പക്ഷേ ചെങ്കല്ലുകളുടെ ദൗർലഭ്യം കാരണം പിന്നീട് ഈ വ്യവസായം നിലച്ചു പോകുകയാണുണ്ടായത്. മരച്ചക്കിലാട്ടി വെളിച്ചെണ്ണ എടുക്കുന്ന ജോലികളിൽ ഏർപ്പെട്ടവരും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. എന്നാൽ യന്ത്രവല്ക്കരണത്തിന്റെ പ്രചാരണത്തോടെ അവർ ഈ ജോലിയിൽ നിന്ന് പിന്മാറി.

ഈ പഞ്ചായത്തിൽ വ്യവസായ മേഖലയായി വളർന്നു വരുന്ന പ്രദേശമാണ് താവം. അവിടെയാണെങ്കിൽ വ്യവസായ വളർച്ചയ്ക്ക് സാധ്യതയുണ്ട് താനും. വൈദ്യുതിയും ശുദ്ധജലവും യഥേഷ്ടം ലഭ്യമാവുകയും അസംസ്കൃത പദാർത്ഥങ്ങൾ കുറഞ്ഞ വിലക്ക് ലഭിക്കുകയും ചെയ്താൽ വ്യവസായ വികസനം യാഥാർത്ഥ്യമാകും. റെഡിമെയ്ഡ് വസ്ത്രങ്ങൾ വില്ക്കുന്ന കേന്ദ്രങ്ങൾ നമ്മുടെ പഞ്ചായത്തിൽ പലസ്ഥലങ്ങളിലും ഉണ്ടെങ്കിലും നിർമ്മാണ യൂനിറ്റ് ഒന്ന് മാത്രമേയുള്ളൂ. ഡി.ഡബ്ല്യൂ.സി.ആർ.എയുടെ കീഴിലുള്ള ഈ യൂനിറ്റ് പ്രവർത്തിക്കുന്നത് താവത്താണ്.

വ്യവസായ സ്ഥാപനങ്ങൾ പട്ടിക-8

1. അന്നപൂരണി സോമിൽ
2. ടി.കെ. പ്ലൈവുഡ്
3. ടി.കെ. ബോർഡ് ആൻറ് വുഡ് ഇൻഡസ്ട്രീസ്
4. പ്രീമിയർ പ്ലൈവുഡ്
5. ഷാഫ്കൊ പ്ലൈവുഡ്
6. താവം പേപ്പർ പ്രൊഡക്റ്റ്
7. താവം കയർ വ്യവസായ സഹകരണ സംഘം
8. എ.കെ. സോമിൽ ആൻറ് ബോർഡ്സ്
9. നമ്പ്രോൻ പെട്രോൾസ്
10. ലിപി പ്രിൻറിംഗ് പ്രസ്സ്
11. നിഷ പ്രിൻറിംഗ് പ്രസ്
12. ചെറുകുന്ന് പ്രിൻേറഴ്സ്
13. പുഷ്പ പ്രിൻറിംഗ് പ്രസ്സ്
14. പള്ളിക്കര ബോർഡ്
15. ഹോളോ ബ്രിക്സ്, പള്ളിക്കര
16. സ്റ്റോൺക്രഷർ
17. ഡി. ഫൈബ്രിംഗ് താവം
18. ഡി. ഫൈബ്രിംഗ് പുന്നച്ചേരി
19. ഡി. ഫൈബ്രിംഗ് ദാലിൽ

**<u>പ്രശ്നങ്ങൾ</u>**

1. വൈദ്യുതി പ്രശ്നം ചെറുകിട ഇടത്തരം വ്യവസായ വളർച്ചയ്ക്ക് തടസ്സം നില്ക്കുന്നു.
   എ. പുതിയ കണക്ഷൻ ലഭിക്കുന്നില്ല.
   ബി. വോൾട്ടേജ് കുറവ്
   സി. ലോഡ്ഷെഡ്ഡിംഗ്.
2. സാമ്പത്തികസഹായങ്ങൾ ആവശ്യമായ രീതിയിൽ യഥാസമയം ലഭിക്കുന്നില്ല.

3. സാങ്കേതിക വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ അഭാവം.

4. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുറവ്.

5. പരമ്പരാഗതതൊഴിലിലേയ്ക്ക് ചെറുപ്പക്കാർ കടന്നുവരുന്നില്ല.

ലൈസൻസ് പട്ടിക-6

| വാർഡ് | വ്യവസായം | ഹോട്ടൽ | ഷോപ്പ് | മറ്റുള്ളവ | ആകെ | ആകെ ഫീസ് |
|---|---|---|---|---|---|---|
| I | 18 | 5 | 11 | 23 | 57 | 4436 |
| II | 3 | 4 | 8 | 7 | 22 | 1220 |
| III | 1 | 1 | 4 | 5 | 11 | 475 |
| IV | 1 | 1 | 6 | - | 8 | 410 |
| V | 3 | 2 | 18 | 7 | 30 | 1920 |
| VI | 5 | 9 | 31 | 36 | 81 | 3610 |
| VII | 1 | 2 | 5 | 3 | 11 | 515 |
| VIII | 6 | 3 | 10 | 8 | 27 | 1400 |
| IX | 6 | 5 | 23 | 12 | 46 | 2010 |
| ആകെ | 44 | 32 | 116 | 101 | 293 | 15,996 |

**സാധ്യതകൾ**

1. വൈദ്യുതി പ്രശ്നം പരിഹരിച്ചാൽ വ്യവസായ വളർച്ച ത്വരിതപ്പെടും.

2. വീവേഴ്സ് ഇൻഡസ്ട്രിയൽ കോ:ഓ: സൊസൈറ്റി സ്ഥാപിക്കുക.

3. ചകിരിച്ചോറ് ഉപയോഗിച്ച് വളനിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

4. ചെമ്മീൻ സംസ്ക്കരണവ്യവസായത്തിന് സാധ്യതയുണ്ട്.

5. താവം കയർ സഹ.സംഘത്തെ യന്ത്രവൽക്കൃതയൂണിറ്റായി വളർത്തി എടുക്കുക.

6. കോ:ഓ: അടിസ്ഥാനത്തിൽ അച്ചടി പ്രസ്സ് സ്ഥാപിക്കുക.

7. ടൂറിസം വികസനത്തിൻെറ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തണം.

8. സഹ. അടിസ്ഥാനത്തിൽ ഗാർമെൻറ്സ് യൂണിറ്റ് സ്ഥാപിക്കണം.

9. പ്രവർത്തനം തുടങ്ങാത്ത തളിപ്പറമ്പ ബ്ലോക്ക് പോൾട്രി ബ്രീഡേഴ്സ് കോ:ഓ:സംഘത്തെ പ്രവർത്തനമൂലധനം കൊടുത്ത് പ്രവർത്തിപ്പിക്കുക.

സഹകരണമേഖല

| നമ്പ്ര് | ഇനങ്ങൾ | ആകെ യൂണിറ്റുകൾ | തൊഴിലാളികൾ | | | ശരാശരി കൂലി | | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|---|---|
| | | | പു | സ്ത്രീ | ആകെ | പു | സ്ത്രീ | |
| 1 | ഡിഫൈബ്രിംഗ്യൂനിറ്റ് താവം (കയർഫെഡ്) | 1 | 4 | 18 | 22 | 50.00 | 25.00 | |
| 2 | താവം കയർ സഹകരണസംഘം | 1 | 2 | 16 | 18 | 35.00 | 28.00 | |
| 3 | ഖാദിനൂൽനൂല്പ് കേന്ദ്രം | 1 | - | 41 | 41 | - | 18.00 | |

പരമ്പരാഗത വ്യവസായം

| നമ്പ്ര് | ഇനം | തൊഴിലാളികൾ | | |
|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | ആകെ |
| 1. | ചെത്ത് | 35 | - | 35 |
| 2. | കൈത്തറി | 6 | 2 | 8 |
| 3. | ബീഡി | 15 | - | 15 |
| 4. | കരിങ്കൽ ജില്ലി ഉടക്കൽ | - | 30 | 30 |
| | ആകെ | 56 | 32 | 88 |

ചെറുകുന്ന് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലായി പ്രവർത്തിക്കുന്ന ചെറുകിട വ്യവസായങ്ങളുടെ വിവരം പട്ടിക-1

| നമ്പർ | ഇനങ്ങൾ | ആകെ യൂനിറ്റുകൾ | തൊഴിലാളികൾ | | | ശരാശരി ദിവസക്കൂലി | | മറ്റുവിവരങ്ങൾ |
|---|---|---|---|---|---|---|---|---|
| | | | പു | സ്ത്രീ | ആകെ | പു | സ്ത്രീ | |
| 1 | മെററൽ ഇഞ്ചിനിയറിംഗ് | | | | | | | |
| | ഗ്രിൽസ്, ഷട്ടർ | 11 | 33 | - | 33 | വ്യത്യസ്ത രീതിയിൽ | | പൂട്ടിക്കിടക്കുന്നു. |
| 2 | ഓട്ടോ ഇഞ്ചിനിയറിംഗ് സർവ്വീസ് | 9 | 27 | - | 27 | | " | 1എണ്ണം |
| | ഓട്ടോ, കാർ മുതലായവ | | | | | | | |
| 3 | റൈസ് ആൻറ് ഫ്ലവർ മിൽ | 12 | 6 | - | 6 | | " | 4എണ്ണം |
| 4 | ഓയിൽമില്ലുകൾ | 9 | 5 | - | 5 | | " | 4 എണ്ണം |
| 5 | സോമിൽ ആൻറ് പ്ലൈവുഡ് | 9 | 110 | 20 | 130 | 42 | 32 | |
| 6 | സ്റ്റോൺ ക്രഷർ | 1 | 2 | 10 | 12 | 50 | 42 | |
| 7 | ഡിഹൈബ്രിംഗ് യൂണിറ്റ് | 3 | 8 | 32 | 40 | 60 | 18 | |
| 8 | ഹോളോ ബ്രിക്സ് | | | | | | | |
| | സിമൻറ്, ഇഷ്ടിക നിർമ്മാണം | 1 | 5 | 2 | 7 | - | | |
| 9 | പ്രസ്സ് അച്ചടി | 4 | 4 | 8 | 12 | വ്യത്യസ്ത രീതിയിൽ | | |
| 10 | ഖാദി നൂൽപ് | 3 | - | 66 | 66 | 0 | 18 | |
| 11 | സാധു ബീഡി ബ്രാഞ്ച് | 1 | 15 | - | 15 | - | | |
| 12 | കയർപിരി യൂനിറ്റ് | 1 | 3 | 16 | 19 | 35 | 28 | |
| 13 | ചെത്ത് | 4 | 35 | 35 | 55 | | | ചക്കരചെത്ത് യൂനിറ്റ് ലികിഡേഷനിൽ |
| 14 | കൈത്തറി നെയ്ത്ത് യൂണിറ്റ് | 1 | 6 | 2 | 8 | വ്യത്യസ്ത രീതിയിൽ | | |
| 15 | കടലാസ് ബേഗ് നിർമ്മാണയൂനിറ്റ് | 1 | 1 | 4 | 5 | - | | |
| 16 | ബേക്കറി യൂണിറ്റ് | 3 | 9 | - | 9 | - | | |
| 17 | സിനിമ | 2 | 6 | - | 6 | - | | |
| | ആകെ | 75 | 277 | 160 | 457 | | | |



# വിദ്യാഭ്യാസം

പഠിച്ചറിയാനും അറിവിലൂടെ ഉദ്ബുദ്ധരാകാനുമുള്ള താല്പര്യം ഒരു ജനതയുടെ ഉയർച്ചയുടെ അടിത്തറയാകുന്നു. ഈ അടിത്തറ ഉറപ്പിക്കുന്നതിൽ ചെറുകുന്നിന്റെ പൂർവ്വകാല പ്രതിഭകൾ അനുഷ്ഠിച്ച സേവനം മഹത്തരവും അവിസ്മരണീയവുമാണ്.

നാട്ടെഴുത്തച്ഛന്മാർ ചെറുകുന്നിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജന്മം നൽകുകയും അവ വളർത്തിക്കൊണ്ടുവരുന്നതിൽ അതുല്യമായ കർമ്മധീരത പ്രകടിപ്പിക്കുകയും ചെയ്തു. ജാതി മത വിഭാഗീയതകളില്ലാതെ എല്ലാവർക്കും അക്ഷരാഭ്യാസം നൽകണമെന്ന ഉൽക്കടമായ ആഗ്രഹത്തോടെ അവർ സ്ഥാപിച്ച വിദ്യാലയങ്ങൾ അന്ന് ചെറുകുന്നിന്റെ വിദ്യാഭ്യാസ സാംസ്ക്കാരിക മണ്ഡലങ്ങളിലെ ദീപസ്തംഭങ്ങൾ തന്നെയായിരുന്നു.

തെയ്യത്താടത്തെ ശ്രീകാവിലെ വളപ്പിൽ കണ്ണൻഗുരിക്കൾ നാട്ടെഴുത്തച്ഛന്മാരുടെ മഹനീയ പാരമ്പര്യം സ്വീകരിച്ചുകൊണ്ട് ചെറുകുന്ന് മഠത്തിൽവച്ചും കുന്നനങ്ങാട്ടെ തായത്ത് മഠത്തിൽവച്ചും കുട്ടികളെ പഠിപ്പിച്ചിരുന്നു. ജാതിമതഭേദമെന്യേ എല്ലാവിഭാഗത്തിലും പെട്ടകുട്ടികളെ പ്രതിഫലേച്ഛയില്ലാതെ പഠിപ്പിച്ച അദ്ദേഹം ചെറുകുന്നിലെ ആദ്യകാല വിദ്യാഭ്യാസ ചരിത്രത്തിലെ അവിസ്മരണീയരായ വ്യക്തികളിൽപ്പെടുന്നു.

സുപ്രസിദ്ധമായ ചെറുകുന്ന് അന്നപൂർണ്ണേശ്വരി ക്ഷേത്രത്തിന് തെക്കുഭാഗത്തായി ഉള്ളസ്ഥലത്താണ് ചെറുകുന്നിലെ ആദ്യത്തെ അക്ഷരാഭ്യാസ കേന്ദ്രം സ്ഥാപിക്കപ്പെട്ടത്. 1820 ന് ശേഷം ശ്രീ മാവിങ്കൽ രാമൻ എഴുത്തച്ഛൻ എന്ന മഹത് വ്യക്തിയാണ് ഒരു എഴുത്തുപള്ളി എന്ന പേരിൽ ഈ സ്ഥാപനത്തിന് തുടക്കം കുറിച്ചത്. അമ്പലപ്പുറം എലിമെന്ററി സ്കൂൾ

എന്ന പേരിൽ ഇത് പ്രശസ്തമായി. ശ്രീ. രാമൻ എഴുത്തച്ഛന്റെ കീഴിൽ ഇവിടെ നിന്ന് വിദ്യാഭ്യാസം നേടിയ പ്രഗൽഭ മതികളാണ് പിന്നീട് ചെറുകുന്നിന്റെ പല ഭാഗങ്ങളിലും വിദ്യാലയങ്ങൾ സ്ഥാപിച്ചത്.

ശ്രീ. രാമൻ എഴുത്തച്ഛന്റെ ശിഷ്യനായ താഴത്തുവീട്ടിൽ ചാത്തുക്കുട്ടി എഴുത്തച്ഛൻ 1860-ൽ ഒതയമ്മാടത്ത് ഒരു വിദ്യാലയം സ്ഥാപിച്ചു. ചെറുകുന്നിൽ നിന്ന് മാത്രമല്ല കണ്ണപുരം, മോറാഴ, കല്ല്യാശ്ശേരി, പാപ്പിനിശ്ശേരി, പട്ടുവം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കുട്ടികൾ ഈ വിദ്യാലയത്തിൽ പഠിക്കാൻ വന്നിരുന്നു. ജാതിമത വ്യത്യാസമില്ലാതെ എല്ലാവർക്കും തന്റെ സ്ഥാപനത്തിൽ പ്രവേശനം അനുവദിച്ചിരുന്ന ശ്രീ. ചാത്തുക്കുട്ടി എഴുത്തച്ഛൻ ' ഗുരുനാഥൻ മാരുടെ ഗുരുനാഥൻ' എന്നനിലയിൽ പ്രഖ്യാതനായിരുന്നു. അദ്ദേഹം സ്ഥാപിച്ച ആ വിദ്യാലയമാണ് ഇന്നത്തെ ഒതയമ്മാടം യു. പി. സ്കൂൾ.

പാലക്കൽ കച്ചേരിത്തറമ്മൽ രാമൻ എഴുത്തച്ഛനാണ് പുന്നച്ചേരിയിൽ ഒരു വിദ്യാലയം സ്ഥാപിച്ചത്. സമൂഹത്തിലെ അധഃസ്ഥിത വിഭാഗങ്ങളുടെ, വിശിഷ്യാ ഹരിജനങ്ങളുടെ ഉന്നമനമായിരുന്നു ഈ വിദ്യാലയ സ്ഥാപനത്തിലൂടെ ശ്രീ. രാമൻ എഴുത്തച്ഛൻ ലക്ഷ്യമാക്കിയത്. കുറച്ചുകാലത്തിനു ശേഷം വിദ്യാലയ നടത്തിപ്പിലുണ്ടായ പ്രയാസങ്ങൾ കാരണം രാമൻ എഴുത്തച്ഛന്റെ മകൻ അവരോന്നൻ കൃഷ്ണൻ നമ്പ്യാർ ക്രിസ്ത്യൻ മിഷനറിയായ ഫാദർ കയ്റോണിക്ക് വിദ്യാലയത്തിന്റെ ഉടമസ്ഥത വിട്ടുകൊടുത്തു.

ജാതിയുടെ പേരിലുളള ഉച്ചനീചത്വം സമൂഹത്തിലെ അധഃസ്ഥിത ജനവിഭാഗങ്ങളെ വളരെയേറെ വിഷമിപ്പിച്ചിരുന്ന ഒരു കാലഘട്ടത്തിലാണ് ഉല്പതിഷ്ണുക്കളും അക്ഷര പ്രേമികളുമായ നാട്ടെഴുത്തച്ഛന്മാർ വിദ്യാഭ്യാസ രംഗത്ത് സേവനമനുഷ്ഠിച്ചതെന്നകാര്യം പ്രത്യേകം സ്മരണീയമാണ്.

ഇന്ന് കണ്ണപുരം പഞ്ചായത്തിൽപ്പെട്ട കേളംകൂർ എന്ന സ്ഥലത്താണ് ചെറുകുന്നിലെ ആദി ദ്രാവിഡ എൽ. പി. സ്കൂളുകളിൽ ഒന്ന് സ്ഥാപിക്കപ്പെട്ടത്. അധഃസ്ഥിതരെ ഉയർത്താനുളള ലക്ഷ്യത്തോടെ ശ്രീമാവിലെ വളപ്പിൽ കൃഷ്ണൻ നമ്പ്യാർ ഈ വിദ്യാലയ പ്രവർത്തനങ്ങളിൽ സജീവ താത്പര്യം പ്രകടിപ്പിച്ചു. കാലക്രമേണ ഇത് ലേബർ സ്കൂൾ എന്ന പേരിൽ അറിയപ്പെട്ടു. പല കാരണങ്ങളാലും പല സ്ഥലങ്ങളിലുമായി ഈ വിദ്യാലയം പ്രവർത്തിച്ചു. വിദ്യാഭ്യാസ പ്രേമികളായ നാട്ടുകാരുടെയും പുരോഗമന പ്രസ്ഥാനങ്ങളുടെയും നിരന്തര പരിശ്രമത്തിന്റെ ഫലമായി മുണ്ടപ്പുറത്ത് സ്ഥലം ലഭിക്കുകയും സ്വന്തം കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ഊർജ്ജസ്വലമാക്കുകയും ചെയ്തു. തുടർന്ന് യു. പി. സ്കൂൾ ആയി അപ് ഗ്രേഡ് ചെയ്യപ്പെട്ടു. 1.6.94 ൽ ഗവഃവെൽഫെയർ ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു.

പളളിക്കരയിലുളള ആദിദ്രാവിഡ എൽ.പി. സ്കൂളും രൂപം കൊണ്ടത് ഇതേ കാലയളവിൽതന്നെ. ഈ സ്കൂൾ പിന്നീട് ഫാദർ കയ്റോണിയുടെ രക്ഷാകർത്തൃത്വത്തിലായി. ഇപ്പോൾ കോഴിക്കോട് രൂപതയുടെ മാനേജ്മെന്റിലാണ് പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നത്.

താവത്ത് ഒരു വിദ്യാലയം സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലെ സമുജ്ജ്വല വ്യക്തിത്വമായ ശ്രീ. കെ. പി. ആർ. ഗോപാലനാണ് അന്നത്തെ മലബാർ ഡിസ്ട്രിക്ട് ബോർഡ് അംഗമായ ശ്രീ. കെ. പി. ആർ ൻെറ അദ്ധ്യക്ഷതയിൽ ചേർന്ന യോഗമാണ് അവരോന്നൻ വീട്ടിൽ ഗോവിന്ദൻ വൈദ്യർ, കുപ്പാടക്കത്ത് ഗോപാലൻ നമ്പ്യാർ എന്നിവരുൾപ്പെട്ട കമ്മിറ്റിക്ക് രൂപം നൽകിയത്. നാട്ടുകാരുടെ സഹകരണത്തോടെയും പങ്കാളിത്തത്തോടെയും 1934 നവമ്പർ 18ാം തിയ്യതിയാണ് ഈ വിദ്യാലയത്തിൻെറ പ്രവർത്തനം ആരംഭിച്ചത്. ഈ സ്ഥാപനമാണ് ഇപ്പോൾ താവം ദേവി വിലാസം എൽ. പി. സ്കൂൾ എന്നപേരിൽ അറിയപ്പെടുന്നത്.

മുസ്ലീംങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കായി സ്ഥാപിക്കപ്പെട്ട വിദ്യാലയമാണ് ചെറുകുന്ന് മുസ്ളീം എൽ. പി. സ്കൂൾ. ആദ്യകാലത്ത് ലോക്കൽ ബോർഡിൻെറ കീഴിൽ നിയന്ത്രിക്കപ്പെട്ട ഈ സ്ഥാപനം ശ്രീ. കുഞ്ഞിമൊയ്തീൻ മാസ്റ്റർ ഹെഡ്മാസ്റ്ററായതോടെ സജീവവും കർമ്മോന്മുഖവുമായി.

ഇടയങ്കര കടാങ്കോട്ടു തറവാട്ടുകാരാണ് കൊവ്വപ്പുറത്ത് ഒരു പെൺ പള്ളിക്കൂടം ആരംഭിച്ചത്. സ്ഥാപനം തികച്ചും സുഗമമായി നടത്താൻ അനുകൂലമായ ചുറ്റുപാടുകൾ ലഭിക്കാത്തതുകൊണ്ടാവാം ഈ വിദ്യാലയം പിന്നീട് പള്ളിച്ചാലിലേക്ക് മാറ്റപ്പെട്ടത്. ഇതാണ് ഇന്നത്തെ ചെറുകുന്ന് ഗവഃനോർത്ത് എൽ. പി. സ്കൂൾ.

മുട്ടിൽ ഭാഗത്തുള്ള തായവളപ്പിൽ എന്ന സ്ഥലത്ത് പ്രവർത്തിച്ച കുടിപ്പള്ളിക്കൂടമാണ് കാലക്രമേണ മുട്ടിൽ എൽ. പി. സ്കൂളായി മാറിയത്. ശ്രീ ചിണ്ടൻ മണിയാണിക്ക് ഈ വിദ്യാലയം സ്ഥാപിക്കുന്നതിൽ പ്രധാന പങ്കാളിത്തം ഉണ്ടായിരുന്നു. 1953 ൽ ഈ സ്കൂൾ നിലവിൽ വന്നപ്പോൾ ശ്രീ അവരോന്നൻ കൃഷ്ണൻ നമ്പ്യാരായിരുന്നു ഹെഡ്മാസ്റ്റർ.

വിദ്യാഭ്യാസ രംഗത്തെ പ്രീ- പ്രൈമറി വിദ്യാഭ്യാസം, പൊതു വിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, അനൗപചാരിക വിദ്യാഭ്യാസം എന്നിങ്ങനെ തരംതിരിച്ച് വിശകലനം ചെയ്യാനാണ് ഇവിടെശ്രമിക്കുന്നത്.

## പ്രീ. പ്രൈമറി വിദ്യാഭ്യസം:

ഈ പഞ്ചായത്തിൽ പത്ത് പ്രീ. പ്രൈമറി വിദ്യാലയങ്ങൾ ഉണ്ട്. സ്വകാര്യമേഖലയിൽ ഒന്നും സർക്കാർ മേഖലയിൽ ഒമ്പതും പ്രീ. പ്രൈമറി വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. ഏഴാം വാർഡ് ഒഴിച്ച് എല്ലാ വാർഡുകളിലും പ്രീ. പ്രൈമറി വിദ്യാലയങ്ങൾ ഉണ്ട്. ഒന്നാം വാർഡിലും എട്ടാം വാർഡിലും രണ്ട് പ്രീ. പ്രൈമറി വിദ്യാലയങ്ങൾ പ്രവർത്തിച്ചുവരുന്നു. ആറാം വാർഡിലേയും ഏഴാം വാർഡിലെയും കുട്ടികൾ ആറാം വാർഡിൻെറ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന പ്രീ. പ്രൈമറി വിദ്യാലയത്തിലാണ് ചേർന്നു പഠിക്കുന്നത്. ഈ പഞ്ചായത്തിലെ എല്ലാ പ്രീ. പ്രൈമറി വിദ്യാലയങ്ങൾക്കും സ്വന്തം കെട്ടിടങ്ങളുണ്ട്.

## പ്രി. പ്രൈമറി വിദ്യാലയങ്ങളെക്കുറിച്ചുളള വിവരങ്ങൾ

| വാർഡ് | വിദ്യാലയങ്ങളുടെ എണ്ണം | അദ്ധ്യാപകരുടെ എണ്ണം. | | | കുട്ടികളുടെ എണ്ണം. |
|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | |
| 1 | 2 | — | 2 | 2 | 45 |
| 2 | 1 | — | 1 | 1 | 22 |
| 3 | 1 | — | 1 | 1 | 30 |
| 4 | 1 | — | 1 | 1 | 24 |
| 5 | 1 | — | 1 | 1 | 15 |
| 6 | 1 | — | 1 | 1 | 30 |
| 7 | - | — | - | - | - |
| 8 | 2 | — | 2 | 2 | 54 |
| 9 | 1 | — | 1 | 1 | 30 |
| ആകെ | 10 | - | 10 | 10 | 250 |

### പൊതുവിദ്യാഭ്യാസം

ഈ പഞ്ചായത്തിനകത്ത് 8 വിദ്യാലയങ്ങൾ ഉണ്ട്. 6 എണ്ണം സ്വകാര്യ മേഖലയിലും 2 എണ്ണം സർക്കാർമേഖലയിലും. സ്വകാര്യമേഖലയിൽ ഒരു യു. പി. സ്കൂളും 5 എൽ. പി. സ്കൂളും പ്രവർത്തിക്കുന്നു.സർക്കാർ മേഖലയിൽ ഒരു എൽ. പി. സ്കൂളും ഒരു ഹൈസ്കൂളുമുണ്ട്.

എട്ട് വിദ്യാലയങ്ങളിലുമായി 2024 കുട്ടികൾ പഠിക്കുന്നു. 1024 ആൺകുട്ടികളും 1000 പെൺകുട്ടികളും പട്ടികജാതി വിഭാഗത്തിൽ 177 കുട്ടികൾ പഠിക്കുന്നുണ്ട്. 95 ആൺകുട്ടികളും 82 പെൺകുട്ടികളും.

കേരളത്തിലെമറ്റു പഞ്ചായത്തുകളിലെന്നപോലെ ചെറുകുന്നിലും പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി കുറഞ്ഞു വരുന്നതായിട്ടാണ് അനുഭവം. എന്നാൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തുലോം കുറവാണ്. ഫർണ്ണിച്ചർ, കളിസ്ഥലം, മൂത്രപ്പുര, കക്കൂസ്, ലൈബ്രറി, ലബോറട്ടറി തുടങ്ങിയവയുടെ കാര്യത്തിൽ മിക്ക വിദ്യാലയങ്ങൾക്കും പ്രശ്നങ്ങളും പരാധീനതകളും ഉണ്ട്. റേഡിയോവും, ടേപ്പ് റിക്കോർഡറും എല്ലാ വിദ്യാലയങ്ങളിലുമുണ്ട്.

വിദ്യാലയങ്ങളിലെ അക്കാദമിക്ക് നിലവാരം ശരാശരി വിഭാഗത്തിലാണ് പെടുന്നത്. ഈ പഞ്ചായത്തിലെ ഗവഃവെൽഫെയർ ഹൈസ്കൂളിലെ 43 കുട്ടികൾ ആദ്യമായി S S L C പരീക്ഷയ്ക്ക് തയ്യാറെടുക്കുകയാണ് ഈ വർഷം.

എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപക - രക്ഷാകർത്തൃ സമിതികളും മാതൃസമിതികളുമുണ്ട്. പക്ഷേ മിക്ക സ്ഥലങ്ങളിലും അവ തികച്ചും സജീവമോ കാര്യക്ഷമമോ അല്ല.

## സ്കൂളിന്റെ പൊതുവിവരം.

| സ്കൂളിന്റെ പേർ | ഹൈ. സ്കൂൾ/ യു.പി./ എൽ.പി./ പ്രീ. പ്രൈമറി | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | | | സ്കൂൾ ക്യാമ്പസിന്റെ മൊത്തം വിസ്തീർണം | കളിസ്ഥലത്തിന്റെ വിസ്തീർണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണം | മറ്റ് കുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപണികൾ, ഫർണിച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 1 താവം ഗ്രാമവികാസം എൽ.പി. സ്കൂൾ | എൽ.പി | — | ✓ | — | — | 66 | 63 | 129 | 5 | 5 | — | 1 | 24 സെന്റ് | ഇല്ല | ഇല്ല | ചുറ്റുമതിൽ ഭാഗികം |
| 2. St. മേരീസ് എൽ.പി. സ്കൂൾ | എൽ.പി | — | ✓ | — | — | 18 | 22 | 40 | 4 | 4 | — | — | 23 സെന്റ് | ഇല്ല. | ഇല്ല. | ചുറ്റുമതിൽ [illegible] |
| 3. ഒദയമ്മാടം യു.പി | യു.പി. | — | ✓ | — | — | 393 | 346 | 739 | 29 | 29 | — | — | 1 ഏക്കർ | ഇല്ല | ഇല്ല | [illegible] |
| 4. ഗവ: എൽ.പി. സ്കൂൾ ചെറുകുന്ന് നോർത്ത് | എൽ.പി | ✓ | — | — | — | 28 | 27 | 55 | 4 | 3 | 1 | — | 13 സെന്റ് | ഇല്ല | ഇല്ല | ചുറ്റുമതിലുണ്ട്. |
| 5 ചെറുകുന്ന് മുസ്ലീം എൽ.പി. സ്കൂൾ | എൽ.പി | — | ✓ | — | — | 85 | 109 | 194 | 7 | 8 | — | — | 25 സെന്റ് | ഇല്ല | ഇല്ല | ചുറ്റുമതിൽ ഇല്ല. |
| 6. ഗവ: വെൽഫെയർ ഹൈസ്കൂൾ ചെറുകുന്ന്. | ഹൈസ്കൂൾ | ✓ | — | — | — | 335 | 320 | 655 | 21 | 21 | — | — | 3 ഏക്കർ | ഒരു ഏക്കർ | ഒരു ഏക്കർ 72 സെന്റ് | ചുറ്റുമതിൽ ഇല്ല. |
| 7. എ.ഡി.എൽ.പി. പള്ളിക്കര | എൽ.പി | — | ✓ | — | — | 69 | 90 | 159 | 6 | 6 | — | — | 32 സെന്റ് | ഇല്ല | ഇല്ല | ചുറ്റുമതിലുണ്ട് |
| 8. മുട്ടിൽ എൽ.പി. സ്കൂൾ | എൽ.പി | — | ✓ | — | — | 30 | 23 | 53 | 5 | 3 | 2 | — | 20 സെന്റ് | ഇല്ല | ഇല്ല | ചുറ്റുമതിലില്ല. |

## സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| | സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനിയും ആവശ്യമുള്ള മുറികളുടെ എണ്ണം | ഇനി ആവശ്യമുള്ള ഓഫീസ്/സ്റ്റാഫ് റൂം ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ആൺകുട്ടികൾക്ക്/പെൺകുട്ടികൾക്ക് | ഇനി ആവശ്യമുള്ള മൂത്രപ്പുരകളുടെ എണ്ണം | നിലവിലുള്ള കക്കൂസുകളുടെ എണ്ണം | ഉപയോഗയോഗ്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചകപ്പുര | സ്റ്റോർ റൂം | നിലവിലുള്ള ഫർണിച്ചർ തൃപ്തികരമാണോ/ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | | | | | | | | | | | | | ബെഞ്ച് | ഡെസ്ക് | മേശ | കസേര | അലമാര |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| 1 | താവം ദേവിവിലാസം എൽ.പി.സ്കൂൾ | 5 | 2 | 1 | .. | 2 | 1 | .. | 2 | ഇല്ല | 2 | 1 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | .. | .. | .. | അലമാര 2 |
| 2 | സെന്റ്. മേരീസ് എൽ.പി. സ്കൂൾ | 4 | 1 | .. | .. | 2 | 1 [illegible] | .. | ഇല്ല | ഇല്ല | 1 | 6 | ഇല്ല | 1 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | തൃപ്തികരം | .. | .. | .. | .. | .. |
| 3. | ഒദയമ്മാടം യു.പി. സ്കൂൾ. | 19 | 5 | .. | .. | 23 | .. | .. | ഇല്ല | ആവശ്യമില്ല | 3 | 10 | 10 | 1 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | തൃപ്തികരം | .. | .. | .. | .. | .. |
| 4 | ഗവ: എൽ.പി.സ്കൂൾ ചെറുകുന്ന് സൗത്ത് | 11 | .. | 1 | .. | 11 | .. | .. | ഇല്ല | ഇല്ല | 3 | 3 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 4 | 5 | 4 | 4 | അലമാര 1 |
| 5 | ചെറുകുന്ന് മുസ്ലീം എൽ.പി. സ്കൂൾ. | 7 | 2 | 1 | .. | 7 | 1 | .. | .. | ഇല്ല | 1 | 1 | 5 | ഇല്ല | ഇല്ല | ഉണ്ട് [illegible] | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 20 | 20 | 4 | 4 | 4 |
| 6 | ഗവ: വെൽഫേർ സ്കൂൾ ചെറുകുന്ന്. | 17 | 2 | 1 | 1 | 13 | 3 | 3 | 8 | ഉണ്ട് | 1 | 6 | 3 | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 50 | 50 | 30 | 30 | അലമാര 5 |
| 7. | എ.ഡി. എൽ.പി. സ്കൂൾ, പള്ളിക്കര | 5 | 2 | .. | .. | 2 [illegible] | .. | .. | ഇല്ല | ഇല്ല | 2 | 6 | ഇല്ല | 1 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | തൃപ്തികരം | 12 | .. | .. | .. | അലമാര 1 |
| 8. | മുട്ടിൽ എൽ.പി. സ്കൂൾ. | 4 | 1 | .. | .. | 1 | 4. | .. | ഇല്ല | ഇല്ല | ഇല്ല | .. | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | .. | .. | .. | 1 |

## വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | സ്കൂളുകളുടെ എണ്ണം: H.S.S./H.S സർക്കാർ | H.S.S./H.S എയ്ഡഡ് | H.S.S./H.S അൺ. എയ്ഡഡ് | H.S.S./H.S മറ്റുള്ളവ | H.S.S./H.S ആകെ | U.P.S. സർക്കാർ | U.P.S. എയ്ഡഡ് | U.P.S. അൺ. എയ്ഡഡ് | U.P.S. മറ്റുള്ളവ | U.P.S. ആകെ | L.P.S. സർക്കാർ | L.P.S. എയ്ഡഡ് | L.P.S. അൺ. എയ്ഡഡ് | L.P.S. മറ്റുള്ളവ | L.P.S. ആകെ | നഴ്സറി സർക്കാർ | നഴ്സറി ഏജൻ.വക | നഴ്സറി സ്വകാര്യ | നഴ്സറി ആകെ | സാങ്കേതിക വിദ്യാലയങ്ങൾ (ഏതെന്ന് ബ്രാക്കറ്റിൽ) സർക്കാർ | സാങ്കേതിക സ്വകാര്യം | സാങ്കേതിക ആകെ | കോളേജുകൾ സർക്കാർ | കോളേജുകൾ സ്വകാര്യം | കോളേജുകൾ ആകെ | പാരലൽ കോളേജ്: സ്കൂൾ ക്ലാസ്സുകൾ നടത്തുന്നവ | കോളേജ് ക്ലാസുകൾ മാത്രം നടത്തുന്നവ | സ്കൂൾ-കോളേജ് ക്ലാസ്സുകൾ നടത്തുന്നവ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 |
| 1 | – | – | – | – | – | – | – | – | – | – | – | 1 | – | – | 1 | 1 | – | 1 | 2 | – | – | – | – | – | – | – | – | – |
| 2 | – | – | – | – | – | – | – | – | – | – | – | 1 | – | – | 1 | 1 | – | – | 1 | – | – | – | – | – | – | – | – | – |
| 3 | – | – | – | – | – | – | – | – | – | – | – | – | – | – | – | 1 | – | – | 1 | – | – | – | – | – | – | – | – | – |
| 4 | – | – | – | – | – | – | 1 | – | – | 1 | – | – | – | – | – | 1 | – | – | 1 | – | – | – | – | – | – | – | – | – |
| 5 | – | – | – | – | – | – | – | – | – | – | – | – | – | – | – | 1 | – | – | 1 | – | – | – | – | – | – | – | – | – |
| 6 | – | – | – | – | – | – | – | – | – | – | 1 | 1 | – | – | 2 | 1 | – | – | 1 | – | 3 TWI | 3 | – | – | – | – | – | 1 SSLC തോറ്റ കുട്ടികൾക്ക് മാത്രം+ PDC + Degree |
| 7 | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – |
| 8 | 1 | – | – | – | 1 | – | – | – | – | – | – | – | – | – | – | 2 | – | – | 2 | – | – | – | – | – | – | – | – | – |
| 9 | – | – | – | – | – | – | – | – | – | – | – | 2 | – | – | 2 | 1 | – | – | 1 | – | – | – | – | – | – | – | – | – |
| ആകെ | 1 | | | | 1 | | 1 | | | 1 | 1 | 5 | | | 6 | 9 | | 1 | 10 | | 3 | 3 | | | | | | 1 |

TWI ടൈപ്പ് റൈറ്റിങ് ഇൻസ്റ്റിറ്റ്യൂട്ട്

കായികമേള, കലാമേള, ക്വിസ്സ് എന്നീ പരിപാടികളിൽ ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ ശ്രദ്ധേയമായ മികവ് കാണിക്കാറുണ്ട്. 1995-96 അദ്ധ്യയന വർഷത്തിൽ വിവിധ ഇനങ്ങളിലായി 10 ആൺകുട്ടികളും 11 പെൺകുട്ടികളും ജില്ലാ തലത്തിൽ സമ്മാനാർഹരായി. ഗവഃവെൽ ഫെയർ ഹൈസ്കൂളിലെ രണ്ട് ആൺ കുട്ടികൾ സംസ്ഥാനതല ശാസ്ത്രമേളയിൽ മികവ് പ്രകടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത അദ്ധ്യയന വർഷത്തിൽ 20 കുട്ടികൾ വിവിധ വിദ്യാലയങ്ങളിൽ നിന്നായി മെറിറ്റോറിയൽ സ്കോളർഷിപ്പിന് അർഹരായി.

പഠന നിലവാരം മെച്ചപ്പെടുത്താനുള്ള ശ്രമങ്ങളുടെ ഭാഗമായി 1993-94 അക്ഷരപ്പുലരി, ഒന്നാന്തരം ഒന്നാന്തരമാക്കൽ, 1995-96ലെ സ്കൂൾ കോംപ്ളക്സ് പ്രവർത്തനം 96 ലെ ഗുരുകുലം വിദ്യാഭ്യാസ പദ്ധതി എന്നീപ്രവർത്തനങ്ങൾ പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും നടക്കുകയുണ്ടായി.

സ്വകാര്യ വിദ്യാലയങ്ങളിൽ നിലവിലുള്ള ഭൗതിക സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ മാനേജുമെൻറുകൾ കാണിക്കുന്ന നിസ്സംഗത വിദ്യാലയങ്ങളിലെ പഠന നിലവാരത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

## ഉന്നത വിദ്യാഭ്യാസം

ഈ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ വളരെ പരിമിതമാണ്. ഒരു പാരലൽ കോളേജും, ഒരു സ്വകാര്യ നഴ്സിംഗ് സ്കൂളും, മൂന്ന് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇവിടെ പ്രവർത്തിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ മൂന്ന് കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളാണ്. കമ്പ്യൂട്ടർ വിദ്യാഭ്യാസ മേഖലയോടുള്ള വിദ്യാർത്ഥികളുടെ അഭിനിവേശം കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ നിലനിൽപ്പിന് ഒരു ഭീഷണിയായിട്ടുണ്ട്.

## അനൗപചാരിക വിദ്യാഭ്യാസം

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് ചെറുകുന്നിലെ നാട്ടെഴുത്തച്ഛന്മാർ ആദ്യകാലത്തു നൽകിയ സംഭാവനകൾ വിസ്മരിക്കത്തക്കതല്ല. സ്വാതന്ത്ര്യ സമര പ്രസ്ഥാനവും കർഷകപ്രസ്ഥാനവും ശക്തിയാർജ്ജിച്ചതോടെ ചെറുകുന്നിൽ ആരംഭിച്ച വായനശാലകൾ അനൗപചാരിക വിദ്യാഭ്യാസത്തിനു പ്രത്യക്ഷവും പരോക്ഷവുമായ പ്രോത്സാഹനങ്ങൾ നൽകി. 1990-91 കാലത്ത് നടന്ന സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനം ഈ പഞ്ചായത്തിൽ ആവേശകരമായി സംഘടിപ്പിക്കപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ തുടർവിദ്യാഭ്യാസ പ്രവർത്തനം നടക്കുന്നില്ല.

## പ്രശ്നങ്ങൾ

പ്രീ-പ്രൈമറി വിദ്യാഭ്യാസം.

1 ജനസംഖ്യാനുപാതികമായി പ്രീ-പ്രൈമറി വിദ്യാലയങ്ങൾ സ്ഥാപിച്ചിട്ടില്ല.
2 പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ (കളിപ്പാട്ടങ്ങൾ തുടങ്ങിയവ) അപര്യാപ്തമാണ്.
3 കുടിവെള്ള പ്രശ്നം പ്രീ-പ്രൈമറി വിദ്യാലയങ്ങളെ വല്ലാതെ വിഷമിപ്പിക്കുന്നു.
4 പ്രീ-പ്രൈമറി വിദ്യാലയങ്ങൾക്ക് ഒന്നിനും ചുറ്റുമതിലുകളില്ല.

## പൊതുവിദ്യാഭ്യാസം

1 ഭൗതിക സൗകര്യങ്ങൾ അപര്യാപ്തമാണ്.

2 സ്വകാര്യ വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളിൽ മാനേജ്മെൻറ് വേണ്ടത്ര താത്പര്യം കാട്ടുന്നില്ല.

3 ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള ഒരു വിഭാഗം രക്ഷാകർത്താക്കളുടെ അമിതമായ ആഭിമുഖ്യം കാരണം ഒന്നാം തരത്തിലെ പ്രവേശന നിരക്ക് ഗണ്യമായി കുറയുന്നു.

4 ലൈബ്രറി-ലബോറട്ടറി സൗകര്യങ്ങൾ തൃപ്തികരമല്ല. ഉള്ളവ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

5 പി. ടി. എ, മാതൃസമിതി എന്നിവയുടെ പ്രവർത്തന ശക്തി എല്ലാ സ്ഥലങ്ങളിലും വേണ്ടത്ര ഉപയോഗപ്പെടുത്തുന്നില്ല.

6 ഗുരുകുലം വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സ്കൂൾ വിദ്യാഭ്യാസ സമിതി, വാർഡ്തല സമിതി, അയൽക്കൂട്ടം എന്നിവയുടെ പ്രവർത്തനങ്ങൾ വേണ്ടത്ര ഫലപ്രദമല്ല.

7 സർക്കാർ വിദ്യാലയങ്ങളിലെ ഒഴിവുകൾ യഥാസമയം നികത്തപ്പെടുന്നില്ല.

8 സിലബസ്-പാഠപുസ്തക ഭാരം കുട്ടികളുടെ പഠന താത്പര്യത്തെ ഗണ്യമായി ബാധിക്കുന്നു.

9 പാഠ്യേതര പ്രവർത്തനങ്ങൾ എല്ലാ സ്കൂളുകളിലും ഒരുപോലെ തൃപ്തികരമല്ല.

10 ഗതാഗത പ്രശ്നം കാരണം ചില സ്കൂളുകളിലേയ്ക്ക് കുട്ടികൾ പോകുന്നില്ല.

## ഉന്നതവിദ്യാഭ്യാസം

1 തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സൗകര്യങ്ങൾ പഞ്ചായത്തിൽ കുറവാണ്.

2 നിലവിലുള്ള സാങ്കേതിക സ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ വേണ്ടത്ര തൃപ്തികരമല്ല.

## അനൗപചാരിക വിദ്യാഭ്യാസം

1 സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനത്തിനുശേഷം തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടക്കുന്നില്ല. നവ സാക്ഷരർ വീണ്ടും നിരക്ഷരരായി മാറിക്കൊണ്ടിരിക്കുന്നു.

2 വായനശാലകൾ, ഗ്രന്ഥാലയങ്ങൾ തുടങ്ങിയ സാംസ്കാരിക സ്ഥാപനങ്ങൾ തുടർ സാക്ഷരതാ പ്രവർത്തനങ്ങളിൽ വേണ്ടത്ര താത്പര്യം കാണിക്കുന്നില്ല.

## സാധ്യതകൾ

പ്രീ-പ്രൈമറി വിദ്യാഭ്യാസം

1 ശാസ്ത്രീയമായ സർവ്വേ നടത്തി ജനസംഖ്യാനുപാതികമായി പ്രീ-പ്രൈമറി വിദ്യാലയങ്ങൾ സ്ഥാപിക്കുക.

2 ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

3 എല്ലാ പ്രീ-പ്രൈമറി വിദ്യാലയങ്ങളിലും കുടിവെള്ളം എത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.

## പൊതുവിദ്യാഭ്യാസം

1 ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ ആസൂത്രിതമായും കാര്യക്ഷമമായും സംഘടിപ്പിക്കണം.

2 സ്വകാര്യ വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളിൽ മാനേജ്മെൻറിൻെറ പങ്കാളിത്തം ഉറപ്പുവരുത്തണം.

3 ഇംഗ്ളീഷ് മീഡിയം സ്കൂളുകളോടുള്ള ഒരു വിഭാഗം രക്ഷിതാക്കളുടെ അമിതമായ ആഭിമുഖ്യം നിയന്ത്രിക്കാൻ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ഇക്കാര്യത്തിൽ പി. ടി.എ കളുടെ സഹായവും പങ്കാളിത്തവും പ്രയോജനപ്പെടുത്താം.

4 അക്കാദമിക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കണം.

5 ലൈബ്രറി-ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. പ്രവർത്തനങ്ങൾ ഫലപ്രദമാക്കണം.

6 പി. ടി. എ, മാതൃ സമിതി എന്നിവയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം. പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും പി. ടി. എ, മാതൃ സമിതി എന്നിവയുടെ സംയോജന പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

7 സ്കൂൾ വിദ്യാഭ്യാസ സമിതി. വാർഡ് തല സമിതി, അയൽക്കൂട്ടങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം.

8 സർക്കാർ വിദ്യാലയങ്ങളിലെ ഒഴിവുകൾ യഥാസമയം നികത്തണം.

9 കുട്ടികളുടെ പഠന താത്പര്യം വർദ്ധിപ്പിക്കാൻ അനുയോജ്യമായ നിലയിൽ പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കണം. പാഠ പുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കണം.

10 പാഠ്യേതര പ്രവർത്തനങ്ങൾ കൃത്യമായും സജീവമായും സംഘടിപ്പിക്കണം.

11 6ാം വാർഡിലുള്ള ഗവൺമെൻറ് നോർത്ത് എൽ. പി. സ്കൂൾ 7ാം വാർഡിലേക്കു മാറ്റിസ്ഥാപിക്കണം.

12 വിദ്യാലയങ്ങളിൽ എത്തിച്ചേരാനുള്ള വഴികൾ സുഗമമാക്കണം.

13 നിലവിലുള്ള ഹൈസ്കൂൾ പ്രൈമറി, സെക്കൻററി എന്നിങ്ങനെ വിഭജിക്കണം.

14 വിദ്യാലയങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കണം.

## ഉന്നതവിദ്യാഭ്യാസം

1 തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.

2 നിലവിലുള്ള ഹൈസ്ക്കൂളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കണം.

## അനൗപചാരിക വിദ്യാഭ്യാസം

1 വായനശാലകളും, ഗ്രന്ഥശാലകളും കേന്ദ്രീകരിച്ച് തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

2 നവസാക്ഷരർക്ക് തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകണം.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

1. തെയമ്മാടം യു.പി. സ്കൂൾ (എയിഡഡ്)
2. ഗവ. നോർത്ത് എൽ.പി.സ്കൂൾ
3. ചെറുകുന്ന് മുസ്ലീം എൽ.പി.സ്കൂൾ, പള്ളിച്ചാൽ (എയിഡഡ്)
4. ഗവ. വെൽഫെയർ ഹൈസ്കൂൾ
5. സെൻറ് മേരിസ് എൽ, പി. സ്കൂൾ, പുന്നച്ചേരി (എയിഡഡ്)
6. താവം ദേവി വിലാസം എൽ. പി,സ്കൂൾ (എയിഡഡ്)
7. ആദി ദ്രാവിഡ എൽ.പി.സ്കൂൾ, പള്ളിക്കര (എയിഡഡ്)
8. മുട്ടിൽ എൽ.പി.സ്കൂൾ (എയിഡഡ്)

ഇവയിൽ 2,5,8 നമ്പറിലുള്ള സ്കൂളുകൾ ഗവൺമെൻറിൻെറ അൺ ഇക്കണോമിക് സ്കൂൾ ലിസ്റ്റിൽപെടുന്നു.

## മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ

1. ചെറുകുന്ന് കോ, ഓപ്പറേറ്റീവ് കോളേജ്, തറ
2. അക്ഷര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൊമേഴ്സ് , തറ
3. ശക്തി കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, പള്ളിച്ചാൽ
4. വികാസ് കമേർസ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, കൊവ്വപ്പുറം
5. സെൻറ് മാർട്ടിൻ ഡി പോറസ് ഹോസ്പിറ്റലിനോട് അനുബന്ധിച്ചുള്ള നഴ്സിങ്ങ് സ്കൂൾ

ഇവ കൂടാതെ മതപഠന കേന്ദ്രങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.



<u>കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം</u>

| പ്രായം | നോർമൽ | | | | | | 1-ാം ഗ്രേഡ് | | | | | | 2-ാം ഗ്രേഡ് | | | | | | 3-ാം ഗ്രേഡ് | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | | | പെൺ | | | ആൺ | | | പെൺ | | | ആൺ | | | പെൺ | | | ആൺ | | | പെൺ | | |
| 1 വയസ്സിനു താഴെ | 3 | 6 | 2 | 6 | 5 | 1 | 3 | 3 | 3 | 4 | 2 | 3 | - | 1 | - | 1 | - | - | - | - | - | - | - | - |
| | 3 | 8 | 2 | 3 | 5 | 7 | 3 | 5 | 2 | 3 | 7 | 3 | 1 | - | - | 1 | 1 | - | - | - | - | - | - | - |
| | 4 | 12 | 6 | 5 | 14 | 6 | 4 | 4 | 2 | 7 | 6 | 1 | - | 6 | - | - | 7 | - | - | 2 | - | - | 1 | - |
| 1 വയസ്സു മുതൽ 3 വയസ്സു വരെ | 20 | 7 | 10 | 16 | 10 | 10 | 27 | 4 | 10 | 27 | 3 | 12 | - | 1 | 1 | 2 | 2 | 1 | - | - | - | - | - | - |
| | 22 | 13 | 12 | 38 | 12 | 11 | 12 | 10 | 10 | 15 | 8 | 6 | 9 | 2 | 1 | 4 | 1 | 1 | - | - | - | - | - | - |
| | 9 | 19 | 5 | 9 | 16 | 8 | 13 | 8 | 4 | 10 | 10 | 4 | 1 | 9 | - | - | 7 | - | - | 2 | - | - | 1 | - |
| 3 വയസ്സു മുതൽ 6 വയസ്സു വരെ | 19 | 10 | 9 | 15 | 11 | 10 | 14 | 3 | 9 | 18 | 7 | 9 | 2 | 1 | 2 | 1 | 1 | 2 | - | 1 | - | - | 1 | - |
| | 50 | 12 | 15 | 55 | 10 | 10 | 20 | 14 | 18 | 25 | 13 | 12 | 15 | - | 2 | 10 | - | 1 | 1 | - | - | - | - | - |
| | 8 | 38 | 15 | 11 | 23 | 13 | 16 | 50 | 6 | 18 | 32 | 6 | 2 | 11 | - | 3 | 8 | - | - | 6 | - | - | 9 | - |

സൂചന

| | | |
|---|---|---|
| A | B | C |
| D | E | F |
| G | H | I |

A->
B->താവം
C->കുന്നനങ്ങാട്
D->പള്ളിക്കര
E->

F->കവിണിശ്ശേരി
G->പൂങ്കാവ്
H->തെയ്യമ്പാടം
I->വടക്കേക്കോഗം



# കുടിവെള്ളം

"വെള്ളം വെള്ളം സർവ്വത്ര
തുള്ളി കുടിക്കാനില്ലത്രെ!"

ചെറുകുന്ന് പഞ്ചായത്തിനെ സംബന്ധിച്ച് തികച്ചും അന്വർത്ഥമാണ് ഈ പഴഞ്ചൊല്ല്. മൂന്നുഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന പഞ്ചായത്തിന്റെ ചില ഭാഗങ്ങൾ ദ്വീപുകളാണ്. എങ്കിലും കണ്ണൂർ ജില്ലയിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് ചെറുകുന്ന്.

പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഏറിയോ കുറഞ്ഞോ ഉപ്പുവെള്ളമുണ്ട്. 1967 ഡിസംബർ മാസം പഞ്ചായത്തിലെ താണ പ്രദേശങ്ങളിലേക്ക് ഉപ്പുവെള്ളം കയറുകയുണ്ടായി. അന്നുവരെ ശുദ്ധജലമുണ്ടായിരുന്ന കിണറുകളിലടക്കം പിന്നീട് ഉപ്പുവെള്ളമായി മാറി.

1982-ൽ വലിയ വരൾച്ചയുണ്ടായപ്പോൾ പഞ്ചായത്ത് തലത്തിൽ ഒരു ശുദ്ധജല കമ്മിറ്റി രൂപീകരിക്കപ്പെട്ടു. ഒതയമ്മാടത്ത് (വാർഡ്-4) ഒരു കിണർ കുഴിച്ചെങ്കിലും അതിലെ വെള്ളം കുടിക്കാൻ പറ്റിയതായിരുന്നില്ല. കൊവ്വപ്പുറത്തും കവിണിശ്ശേരിവയലിലും സ്ഥലം വിലക്ക് വാങ്ങി കൊവ്വപ്പുറത്ത് കേരള വാട്ടർ അതോറിറ്റി കുഴിച്ച കിണർ കട്ടക്കുളം

കോളനിയിലേക്കു ശുദ്ധജലവിതരണത്തിന് ഉപയോഗിക്കുന്നു. പൊതു-സ്വകാര്യ കിണറുകളാണ് പഞ്ചായത്തിലെ കുടിവെള്ള സ്രോതസ്സ്.

കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധജല വിതരണപദ്ധതി ഇന്ന് പഞ്ചായത്തിൽ നിലവിലുണ്ട്. പല വാർഡുകളിലായി മുപ്പത് ടാപ്പുകൾ മാത്രമാണുള്ളത്. സംഭരിക്കപ്പെടുന്ന വെള്ളം ദിവസം അര-മുക്കാൽ മണിക്കൂർ നേരം വിതരണം ചെയ്യാനേ തികയുന്നുള്ളൂ. ശരാശരി 10 വീട്ടുകാർക്കു മാത്രമാണ് ഓരോ ടാപ്പും പ്രയോജനപ്പെടുന്നത്. വെള്ളറങ്ങൽ, പുന്നച്ചേരി, പൂങ്കാവ്, താവം, ദാലിൽ, കട്ടക്കുളം, കുന്നനങ്ങാട്, പഴങ്ങോട് എന്നീ പ്രദേശങ്ങളിലാണ് ഇത്തരത്തിൽ ജല വിതരണം നടക്കുന്നത്.

വരൾച്ച കാലത്ത് മറ്റുപഞ്ചായത്തുകളിൽനിന്ന് ടാങ്കർ ലോറികളിൽ ജലം സംഭരിച്ച് വിതരണം ചെയ്യേണ്ടി വരുന്നു. പരിമിതമായ സ്ഥലങ്ങളിൽ ഒരു കുടുംബത്തിന് ഒന്നോ രണ്ടോ ബക്കറ്റ് എന്ന തോതിലാണ് ലഭിക്കുന്നത്.

## വാർഡുകളിലെ ശുദ്ധജലലഭ്യത

വാർഡ് 1 മദ്ധ്യഭാഗത്ത് ഒരു ചെറിയ പ്രദേശത്ത് ശുദ്ധജലം ലഭ്യമാണ്. ഇതിൽ 3 സ്വകാര്യ കിണറുകൾ മാത്രമാണ് പൊതുആവശ്യത്തിന് ഉപയോഗിക്കാൻ സാധിക്കുന്നത്. വാർഡിന്റെ മറ്റു ഭാഗത്തുള്ളവരും രണ്ടാം വാർഡിൽ വടക്കേ ഭാഗത്തുള്ളവരും ഇവിടെനിന്ന് തലച്ചുമടായി വെള്ളം കൊണ്ടു പോകുന്നു. റെയിലിന് പടിഞ്ഞാറ് പള്ളിയടക്കം 20 വീടുകളിലേക്ക് പള്ളിക്കരയിൽ സ്വന്തം കിണറുകളിൽനിന്ന് പൈപ്പുലൈൻ വഴി വെള്ളം കൊണ്ടുവരുന്നു. വാർഡിൽ പൊതു ടാപ്പുണ്ട്.

വാർഡ് 2 വിരലിലെണ്ണാവുന്ന സ്വകാര്യ കിണറിൽ മാത്രമാണ് വാർഡിൽ ശുദ്ധജലം ലഭിക്കുന്നത്. ദാലിൽ ഭാഗത്തുള്ളവർ 1,2 വാർഡുകളെയും പുന്നച്ചേരി ഭാഗത്തുള്ളവർ 8,9 വാർഡുകളെയും ആശ്രയിക്കുന്നു. പൊതുടാപ്പുണ്ട്.

വാർഡ് 3 കുന്നനങ്ങാട് ചില ഭാഗത്ത് നല്ല വെള്ളം ലഭ്യമാണ്. കുന്നനങ്ങാട് പടിഞ്ഞാറ് ഭാഗത്തുള്ളവരും പഴങ്ങോടുള്ളവരും തലച്ചുമടായി വെള്ളം കൊണ്ടുപോകുന്നു. പൊതുടാപ്പുണ്ട്.

വാർഡ് 4 ഒതയമ്മാടത്തെയും പാടിയിലെയും കുന്നിൽചെരിവുകളിലും കവിണിശ്ശേരിയിലും ശുദ്ധജലം ലഭ്യമാണ്. ഒതയമ്മാടം, വേങ്കീൽ എന്നീ പ്രദേശങ്ങളിലുള്ളവർ തലച്ചുമടായി വെള്ളം കൊണ്ടു പോകുന്നു.

വാർഡ് 5 കവിണിശ്ശേരിയിലും ചീടങ്ങീൽ കുന്നിന്റെ ചരിവിൽ ചിലയിടത്തും ശുദ്ധജലം ലഭ്യമാണ്. പഞ്ചായത്തിന്റെ വകയായി ചിടങ്ങിലുള്ള കിണറുകൾ വേനലിൽ വറ്റുന്നവയാണ്. അതിലൊന്ന് കുടിക്കാൻ പറ്റിയതല്ല. വയൽപ്രദേശത്ത് നേരിയ ഉപ്പും ക്ഷാരവുമുള്ള വെള്ളമാണ് ഇവിടത്തുകാർ കോൺവെൻറിനു സമീപം കണ്ണപുരം പഞ്ചായത്തിലുൾപ്പെട്ട സ്വകാര്യകിണറുകളെയും ചിടങ്ങീൽ, കവിണിശ്ശേരി എന്നിവിടങ്ങളിലെ സ്വകാര്യ കിണറുകളേയും ആശ്രയിക്കുന്നു.

വാർഡ് 6 ക്ഷേത്രപരിസരത്തുള്ള 4 കിണറുകളിൽ നിന്നും ലഭിക്കുന്ന ശുദ്ധജലമാണ് ആ പ്രദേശങ്ങളിലുള്ളവർ ഉപയോഗപ്പെടുത്തുന്നത് വാർഡിലെ 20% ജനങ്ങൾ ഇവയെ ആശ്രയിക്കുന്നു. ഒരു വിഭാഗം ജനങ്ങൾ ചിടങ്ങിൽ, കവിണിശ്ശേരി കോൺവെൻറ് പരിസരം എന്നിവിടങ്ങളിൽ നിന്ന് തലച്ചുമടായി വെള്ളം കൊണ്ടു പോകുന്നു. ബാക്കിയുള്ളവർ വീടുകളിലെ കിണറുകളിൽനിന്നും ലഭിക്കുന്ന വെള്ളം തന്നെ ഉപയോഗിക്കുന്നു.

വാർഡ് 7 വെള്ളറങ്ങൽ പ്രദേശത്തുള്ളവർ ശുദ്ധജലക്ഷാമം അനുഭവിക്കുകയാണ് ചില ഭാഗത്തുള്ളവർ 4,6 വാർഡുകളിൽ നിന്നും തലച്ചുമടായി വെള്ളം കൊണ്ടു വരുന്നു.

വാർഡ് 8 പൂങ്കാവ്, മുണ്ടപ്രം, കട്ടക്കുളം എന്നിവിടങ്ങളിൽ ശുദ്ധജലം ചില ഭാഗത്ത് മാത്രമാണുള്ളത്. കട്ടക്കുളത്ത് 7-ാം വാർഡിലെ നാലൊന്നിൽ ഭാഗത്തു നിന്നും തലച്ചുമടായി വെള്ളം കൊണ്ടു വരുന്നു. മറ്റു ഭാഗങ്ങളിലുള്ളവർ വാർഡിൽ നിന്നുതന്നെ തലച്ചുമടായി കൊണ്ടു വരുന്നു.

വാർഡ് 9 പള്ളിക്കര റോഡിനിരുപുറം മാത്രം ശുദ്ധജലം ലഭിക്കുന്നു. പള്ളിക്കര പടിഞ്ഞാറ്, ഹരിജൻ കോളനി എന്നിവിടങ്ങളിൽ ശുദ്ധജലം ലഭിക്കുന്നില്ല, മുട്ടിൽ വടക്ക് 3 സ്വകാര്യകിണറുകളിൽ മാത്രമാണ് ശുദ്ധജലം ഉള്ളത്. ഇവയിലൊന്ന് പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്നുണ്ട്. മുട്ടിൽ തെക്ക് കാവ് പരിസരത്തുള്ള ഒരേയൊരു ശുദ്ധജല കിണറാണ് ആശ്രയം.

ചെറുകുന്നിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് വിവിധ തലങ്ങളിലുള്ള പദ്ധതികൾ ആവശ്യമാണ്. കുറ[illegible] പ്രദേശങ്ങളിലൊഴികെ പഞ്ചായത്തിലെ ശുദ്ധജലം ലഭ്യമായ മറ്റ് താഴ്ന്ന പ്രദേശങ്ങളിൽ നിന്ന് അമിതമായ പമ്പിങ് നടത്താൻ കഴിയില്ല. ഈ അവസ്ഥയിൽ പഞ്ചായത്തിൽ നിന്ന് സംഭരിക്കാവുന്ന ജലം ഇവിടുത്തെ ആവശ്യത്തിന് തികയില്ല.

## സാധ്യതകൾ

1. കവിണിശ്ശേരി ഭാഗത്ത് സ്ഥലം കണ്ടെത്തി കിണർ കുഴിച്ച് ജലവിതരണം നടത്തുക. 4,5,6 വാർഡുകളിൽ കൂടുതൽ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിലേക്ക് പുതുതായി വിതരണം നടത്താൻ ഈ ജലം ഉപയോഗിക്കാം.
2. പള്ളിക്കര സ്ക്കൂളിന്റെ പിന്നിൽ കിണർ കുഴിച്ച് പടിഞ്ഞാറ് ലൈൻവീട്, മത്സ്യ തൊഴിലാളി കേന്ദ്രം, മുട്ടിൽ എന്നിവിടങ്ങളിലേക്ക് വിതരണം നടത്താം.
3. 6-ാം വാർഡിൽ കോൺവെൻറ് പരിസരത്ത് സ്ഥലം കണ്ടെത്തി കിണർ കുഴിച്ചാൽ 5,6 വാർഡുകളിൽ ചെറിയ തോതിൽ ജല വിതരണം നടത്താനാകും.
4. 8-ാം വാർഡിൽ ശുദ്ധജലം കിട്ടുന്ന പ്രദേശങ്ങളിൽ സ്ഥലം കണ്ടെത്തി കിണറുകൾ കുഴിച്ച് വാർഡിന്റെ മാത്രം ആവശ്യത്തിന് പരിമിതമായ തോതിൽ ഉപയോഗിക്കാം.
5. ശുദ്ധജലകമ്മിറ്റി നിർമ്മിച്ച ഒതയമ്മാടം കിണറിലെ ജലം അടുത്ത കാലത്തായി നന്നായിട്ടുണ്ട്. അത് ഒന്നു കൂടി പരിശോധിച്ച് വിതരണത്തിന് ഉപയോഗിക്കാം.
6. നിലവിൽ വിതരണം ചെയ്യുന്ന കുടിവെള്ളം പാഴായി പോകുന്നത് തടയുക. ടാപ്പുകൾ സ്ഥിരമായി തുറന്നിടുന്ന ഉപഭോക്താക്കളുടെ നടപടി തടയുക.
7. പഞ്ചായത്തിന്റെ ശുദ്ധജലാവശ്യം പൂർണ്ണമായി നിറവേറ്റാൻ ഇവയൊന്നും

മതിയാകില്ല. പട്ടുവം ആൻറ് അഡ്ജോയി നിങ് വില്ലേജസ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിലാകെ സമഗ്രമായ ശുദ്ധജല വിതരണപദ്ധതി നടപ്പിലാക്കുക.

ഭൂമിയുടെ ഉപരിതലജലവിതാനം സംരക്ഷിക്കുന്നതിനും മണ്ണിൽനിന്ന് ഉപ്പുനഞ്ച് പുറന്തള്ളുന്നതിനും സമഗ്രമായ മണ്ണ് ജലസംരക്ഷണപദ്ധതി നടപ്പിലാക്കുക.

കുന്നിൽചരിവുകളിലും ഉയർന്ന പറമ്പുകളിലും മഴവെള്ളം തടഞ്ഞുനിർ ത്തുന്നതിന് സംവിധാനം ഉണ്ടാക്കുക.

നിലവിലുള്ള തോടുകൾ ആഴവും കഴിയുന്നിടങ്ങളിൽ വീതിയും കൂട്ടി സൈഡു കെട്ടി ചെക്ക് ഡാമുകൾ നിർമ്മിച്ച് മഴവെള്ളം പാഴാവുന്നത് തടയുക. ഇവയിലേക്ക് വേനലിൽ ഉപ്പുവെള്ളം കയറാതിരിക്കാൻ പുതുതായി ബണ്ട് നിർമ്മിക്കുകയും കാര്യ ക്ഷമമലാത്തവ പുതുക്കിപ്പണിയുകയും ചെയ്യുക.

മഴക്കാലത്ത് വയലുകളിൽ കൃഷിക്കും കെട്ടിടങ്ങൾക്കും നാശ മുണ്ടാക്കും വിധം കെട്ടിനില്ക്കുന്ന അമിതജലം ഒഴിവാക്കുന്നതിന് പുഴക ളെയോ മുഖ്യ തോടുകളെയോ ബന്ധപ്പെടുത്തി പുതുതായി തോടുകൾ നിർമ്മിക്കുക. ഇവയിലും പറ്റാവുന്ന ഇടങ്ങളിൽ ചെക്ക്ഡാമുകൾ പണിയുക.

വയലുകൾ നികത്തുകയും മതിലുകൾ നിർമ്മിക്കുകയും ചെയ്യുമ്പോൾ ഓവുചാൽ നിർമ്മാണം നിർബന്ധ മാക്കണം.

പൊതു സ്വകാര്യ കുണ്ടുകുളങ്ങൾ മുഴുവൻ കെട്ടി ഭദ്രമാക്കുക.

6. കരപ്രദേശത്തോടു ചേർന്ന് ഉപ്പുവെള്ളം കെട്ടിനിർത്തിയുള്ള ചെമ്മീൻ കൃഷി പൂർണ്ണമായും നിരോധിക്കുക.

7. വേനൽകാലത്ത് കയ്പ്പാട് നിലത്തുനിന്ന് കരയിലേക്ക് ഉപ്പുവെള്ളം കയറുന്നത് തടഞ്ഞു ചിറ ഭദ്രമാക്കാൻ കൃഷിക്കാരിൽ ബോധവല്ക്കരണം നടത്തണം.

8. കുന്നനങ്ങാട്ട് കുന്നിൻചരിവിൽ കിണർ കുഴിച്ച് ശുദ്ധജലം ലഭ്യമാക്കുക.





# പൊതുജനാരോഗ്യം

സമ്പന്നമായ ആയുർവ്വേദ ചികിത്സാപാരമ്പര്യം നിലനിന്നിരുന്ന ഒരു പഞ്ചായത്ത് ആയിരുന്നു ചെറുകുന്ന്. ഈ രംഗത്ത് പ്രവർത്തിച്ചിരുന്ന പഴയ തലമുറക്ക് പകരം പുതിയവ ഉയർന്ന് വരുന്നില്ല. ഈ രംഗത്ത് വൻകിട ആയുർവ്വേദ മരുന്ന് ഉല്പാദകരുടെ ആധിപത്യമാണ് ഉണ്ടാവുന്നത്. വസൂരി, കോളറ എന്നീ സാംക്രമിക രോഗങ്ങളുടെ വിളയാട്ടം നടന്ന പഞ്ചായത്താണിത്. കൊല്ലവർഷം 1116-ൽ ഉണ്ടായ അതിഭീകരമായ വെള്ളപ്പൊക്കത്തെ തുടർന്ന് നാട്ടിലാകെ കോളറ പടർന്ന് പിടിക്കുകയുണ്ടായി. ഇതിൽ നിരവധി ആളുകൾ മരണമടഞ്ഞു. പിൽക്കാലത്ത് വ്യാപകമായി പടർന്ന് പിടച്ച രോഗത്തിലും അനവധി പേർ മരണമടഞ്ഞു.

സമീപകാലത്ത് ക്ഷയം, ക്യാൻസർ, രക്തസമ്മർദ്ദം, പ്രമേഹം, ഹൃദ്രോഗം തുടങ്ങിയ രോഗങ്ങൾ വർദ്ധിച്ച് വരികയാണ്. നിരവധി അകാലമരണങ്ങൾ ഇവ മൂലം ഉണ്ടായിട്ടുണ്ട്. സമ്പന്നരുടെ രോഗം എന്നറിയപ്പെട്ടിരുന്ന രക്തസമ്മർദ്ദം, പ്രമേഹം, ഹൃദ്രോഗം എന്നിവ ഇന്ന് ദരിദ്ര-ധനിക വ്യത്യാസമില്ലാതെ വ്യാപകമാണ്. യഥാസമയം കണ്ടുപിടിക്കാൻ കഴിയാത്തതും ചികിത്സക്കു വേണ്ടി വരുന്ന വമ്പിച്ച ചെലവും ഈ രോഗങ്ങളുടെ ഭീഷണി രൂക്ഷമാക്കുകയാണ്. മാരക രോഗമായ എയ്ഡ്സ് ചെറുകുന്നിലും ദൃശ്യമായി എന്നത് ഗൗരവപൂർവ്വം പരിഗണിക്കേണ്ടതാണ്.

സമഗ്രമായ ഒരു ആരോഗ്യസർവ്വേ നടത്തി നിലവിലുള്ള ബഹുജനാരോഗ്യനിലവാരം മനസ്സിലാക്കുകയും, ബോധവല്ക്കരണം, ആരോഗ്യചികിത്സാകേമ്പുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമായി എന്ന് ലോകമെങ്ങും കരുതിപ്പോന്ന മലേറിയ ഇന്ത്യയിൽ പലേടത്തും വ്യാപിച്ചത് അടുത്തകാലത്താണല്ലോ. ആരോഗ്യ പരിപാലനരംഗത്ത് നമ്മുടെ പ്രവർത്തനം പിറകോട്ടായതിന്റെ പ്രതിഫലനമാണിത്. ഈ വർഷം (1996) ചെറുകുന്നിൽ 12 മലേറിയാ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു എന്നത് അത്യന്തം ഗൗരവത്തോടെ കാണേണ്ടതാണ്. ഇവയിൽ 11 എണ്ണം ബോംബെ, മംഗലാപുരം ഭാഗത്തുനിന്ന് പിടിപെട്ടതാണെങ്കിൽ ഒന്ന് ഇവിടെ തന്നെ ഉണ്ടായതാണ്. അതാതു സന്ദർഭങ്ങളിൽ മാത്രമായി ആണെങ്കിലും പി.എച്ച്.സി മുഖേന നടക്കുന്ന രക്ത സാമ്പിൾ പരിശോധനയും പ്രതിരോധ പ്രവർത്തനങ്ങളും സ്വാഗതാർഹം തന്നെ. എങ്കിലും ഇത്തരം സാംക്രമിക രോഗങ്ങളുടെ നിർമ്മാർജ്ജനത്തിന് കുറേക്കൂടി ഫലപ്രദമായ നടപടികൾ അത്യാവശ്യമാണ്.

കൊച്ചുകുട്ടികളിൽ ശ്വാസംമുട്ടൽ പോലുള്ള അസുഖങ്ങൾ കൂടുതലായി കണ്ടുവരുന്നത് മഴക്കാലത്താണ്. വേനൽക്കാലത്ത് വയറിളക്കവും ഛർദ്ദിയും കണ്ട് വരുന്നു. മലിനജലം തന്നെ കുടിക്കുന്നതും നിർജ്ജലീകരണവും ആണ് ഇതിന്റെ പ്രധാനകാരണങ്ങൾ. ശുദ്ധ ജലലഭ്യത, പരിസരശുചിത്വം എന്നിവയ്ക്ക് മുൻഗണന കൊടുത്ത് കൊണ്ടുള്ള സാമൂഹ്യക്ഷേമ നടപടികൾ ചെറുകുന്നിൽ നടപ്പിലാക്കണം.

ചെറുകുന്ന് പഞ്ചായത്തിലെ ആരോഗ്യരക്ഷാസംവിധാനം തീർത്തും അപര്യാപ്തമാണ്. ഒരു സ്വകാര്യ അലോപ്പതി ആശുപത്രി, ഒരു സ്വകാര്യ അലോപ്പതി ക്ലിനിക്ക്, ഒരു സർക്കാർ ആയുർവ്വേദ ആശുപത്രി, രണ്ട് കുടുംബക്ഷേമ കേന്ദ്രങ്ങൾ, നാല് സ്വകാര്യ ഹോമിയോ ക്ലിനിക്കുകൾ എന്നിവയാണ് ഇന്ന് ഈ രംഗത്തുള്ള സ്ഥാപനങ്ങൾ. ഇതിനു പുറമെ 9 അംഗൻവാടികൾ കേന്ദ്രീകരിച്ച് ആരോഗ്യ പരിപാലന പ്രവർത്തനങ്ങളും നടക്കുന്നുണ്ട്.

ചെറുകുന്ന് പി.എച്ച്.സി സ്ഥിതി ചെയ്യുന്നത് കണ്ണപുരം പഞ്ചായത്തിലാണ്. രണ്ട് കിലോമീറ്ററിലധികം നടന്നും ആറ് കിലോ മീറ്റർ ബസ്സ് യാത്ര ചെയ്തും മാത്രമേ ചെറുകുന്നിലെ ചില പ്രദേശത്തുകാർക്ക് ഇവിടെ എത്താനാവൂ.

<u>പ്രശ്നങ്ങൾ</u>

1. കതിരുവെക്കും തറക്കുള്ള പി.എച്ച്.സിയിൽ ചിലപ്പോൾ ഡോക്ടർമാർ ഉണ്ടാവാറില്ല. നിലവിലുള്ള മെറ്റേർണിറ്റി വാർഡും മറ്റുപകരണങ്ങളും ഉപയോഗിക്കപ്പെടാതെ കിടക്കുന്നു.

2. നിലവിലുള്ള രണ്ട് കുടുംബക്ഷേമ കേന്ദ്രങ്ങളും സ്വകാര്യവീടുകളിലാണ് പ്രവർത്തിക്കുന്നത്. അതിലൊന്ന് പഴക്കം മൂലം ഉപയോഗയോഗ്യമല്ല.

3. നിലവിലുള്ള സർക്കാർ ആശുപത്രിയിൽ രോഗികൾക്ക് വിശ്രമിക്കാനും പരിശോധനയ്ക്കും പ്രത്യേക സൗകര്യങ്ങൾ ഇല്ല. ഒ.പി.ശീട്ടിനും രജിസ്ട്രേഷനും സൗകര്യങ്ങൾ പരിമിതമാണ്.

4. മത്സ്യമാർക്കറ്റും അറവുശാലകളും ഇല്ല. അനാരോഗ്യകരമായ ചുറ്റുപാടിലാണ് ഇവ വിപണനം ചെയ്യപ്പെടുന്നത്.

5. കെട്ടിനില്ക്കുന്ന ജലത്തിൽ കൊതുകു നിവാരണ മരുന്ന് തളിക്കുന്ന പ്രവർത്തനം നടക്കുന്നില്ല. കിണറുകളിൽ ക്ലോറിനേറ്റ് ചെയ്യുന്ന പ്രവൃത്തിയും കാര്യക്ഷമമായി നടക്കുന്നില്ല.

6. വെളിമ്പ്രദേശങ്ങളിൽ മലവിസർജ്ജനം നടത്തുന്നതു ഒഴിവാക്കാൻ പൊതു കൺഫർട്ട് സ്റ്റേഷനുകളുടെ പ്രവർത്തനമില്ല.

7. ജനനിബിഡപ്രദേശങ്ങളിലും കോളനി പ്രദേശങ്ങളിലും ആരോഗ്യശുചിത്വ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

8. സ്റ്റോൺക്രഷർ, ചകിരിമില്ലുകൽ എന്നിവിടങ്ങളിൽ നിന്നും പുറത്തള്ളുന്ന മാലിന്യങ്ങൾ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

## സാധ്യതകൾ

1. ആരോഗ്യപ്രവർത്തകർ ആഴ്ചയിൽ രണ്ട് തവണ ഗൃഹ സന്ദർശനം നടത്തുക.

2. അംഗൻവാടികൾ മുഖേനയുള്ള ആരോഗ്യ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

3. കിണറുകളിലെ കുടിവെള്ളം ഇടയ്ക്കിടെ പരിശോധിച്ച് പരിഹാരപ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് നിർദ്ദേശിക്കുക.

4. പരിസരശുചിത്വം നടത്തുന്നതിന് ബോധവല്ക്കരണവും പാഴ്‌വസ്തുക്കൾ നിക്ഷേപിക്കാൻ പ്രത്യേക സംവിധാനവും ഏർപ്പെടുത്തുക.

5. കമ്പോസ്റ്റ് കുഴികൾ കുഴിക്കാനും അതിന്റെ ഉപയോഗം കാര്യക്ഷമമാക്കാനും ഏർപ്പാട് ചെയ്യുക.

6. പൊളിഞ്ഞുകിടക്കുന്ന കുടുംബക്ഷേമ കേന്ദ്രം പുനർനിർമ്മിച്ച് അത് മുഖേന ഉള്ള പ്രവർത്തനം ത്വരിതമാക്കുക.

7. തറക്കുള്ള ആശുപത്രിയിൽ ഡോക്ടർമാരെയും ഗൈനക്കോളജിസ്റ്റിനെയും നിശ്ചയിച്ച് മരുന്നും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുക.

8. കൊതുകുനിവാരണത്തിന് സ്ഥിരമായ സംവിധാനം ഉണ്ടാക്കുക.

9. എല്ലാവർക്കും കക്കൂസ് എന്ന രീതിയിൽ പ്രവർത്തനം സംഘടിപ്പിക്കുക.

10. ജനങ്ങൾ തിങ്ങിക്കൂടുന്ന സ്ഥലങ്ങളിൽ പൊതുകൺഫർട്ട്സ്റ്റേഷനുകൾ നിർമ്മിച്ച് സംരക്ഷിക്കുക. ഉദാ- തറ, കൊവ്വപ്പുറം.

11. നാടോടികളുടെ ആവശ്യത്തിനായി അവർ കൂടുതലായി കേന്ദ്രീകരിക്കുന്നിടങ്ങളിൽ കൺഫർട്ട് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കുക.

12. മത്സ്യമാർക്കറ്റ്, അറവ്ശാല എന്നിവ നിർമ്മിക്കുക. അവയിൽ നിന്നും പുറത്തു വരുന്ന വർജ്യവസ്തുക്കൾ ഉപയോഗിച്ച് ജൈവവളനിർമ്മാണ സാധ്യതകൾ ഉണ്ടാക്കുക. എല്ല്, തോൽ മുതലായവ സംസ്ക്കരിക്കുക.

13. ഹോട്ടലുകളിലെ മലിനവസ്തുക്കൾ സംസ്ക്കരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

14. അഴുക്കുജലം പോകാൻ ആവശ്യമായ ഓടകൾ നിർമിക്കുകയും അവ സംരക്ഷിക്കുകയും ചെയ്യുക.

15. ചകിരിമില്ലുകളിൽ നിന്നും പുറന്തള്ളുന്ന ചകിരിച്ചോറ് ഉപയോഗിച്ച് മറ്റ് വസ്തുക്കൾ ഉണ്ടാക്കുവാൻ ഏർപ്പാടാക്കുക.

16. സ്റ്റോൺ ക്രഷറിലെ പൊടിപടലങ്ങൾ അന്തരീക്ഷത്തിലേക്ക് വരാതിരിക്കുവാനുള്ള ഏർപ്പാടാക്കുക.

17. ആരാധനാലയങ്ങളിലെ മലിനജലം പൊതു നിരത്തിലും പൊതുസ്ഥലത്തും എത്താതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

18. ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്ത് ഒരു അലോപ്പതി ആശുപത്രി എല്ലാ സൗകര്യങ്ങളോടും കൂടി നിർമിക്കുക.

19. ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾ ബോധവല്ക്കരിക്കുന്നതിന് ഓഡിയോ, വീഡിയോ സ്ക്രീൻ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

20. സ്വകാര്യ-പൊതുകിണറുകൾ, കുളങ്ങൾ, കുണ്ടുകുളങ്ങൾ റിപ്പയർ എന്നിവ ചെയ്ത് ഉപയോഗയോഗ്യമാക്കുക.

21. ആയുർവേദ ആശുപത്രി വികസിപ്പിച്ച് ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

22. ഔഷധസസ്യങ്ങൾ നട്ടുവളർത്താൻ വ്യക്തികളെയും സ്ഥാപനങ്ങളെയും പ്രോത്സാഹിപ്പിക്കാവുന്നതാണ്.

23. ആയുർവേദാശുപത്രിക്ക് ചുറ്റുമതിൽ നിർമ്മിക്കണം.







# ഗതാഗതം

വർത്തമാനകാല പുരോഗതിക്ക് ഗതാഗതസൗകര്യം അനിവാര്യഘടകമാണ്. ഗതാഗതസൗകര്യത്തിന്റെ കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് ഒട്ടും പിറകിലല്ല. ആദ്യകാലങ്ങളിൽ കാൽനടയാത്രയും ജലഗതാഗതവുമാണ് നാട്ടുകാർ ആശ്രയിച്ചിരുന്നത്. മാട്ടൂൽക്കടവ്, പഴയങ്ങാടികടവ്, കാവിൻമുനമ്പ് കടവ് എന്നിവ ഉദാഹരണങ്ങളാണ്. ഈ കാലഘട്ടത്തിൽ കിഴക്കൻ മലയോര മേഖലയുമായി ബന്ധപ്പെടുവാൻ ബോട്ട് സൗകര്യങ്ങൾ നിലവിലുണ്ട്. വാണിജ്യവ്യവസായമേഖല ഇത്തരം കടവ് കേന്ദ്രങ്ങളെ ആശ്രയിച്ചാണ് അന്ന് വളർന്ന് വന്നത്. പിന്നീട് ജലഗതാഗതം കാളവണ്ടിക്ക് വഴി മാറി കൊടുത്തു. പഴയങ്ങാടിയിൽ നിന്നും പാപ്പിനിശ്ശേരി വഴി പറശ്ശിനിക്കടവിലേക്കുള്ള ബസ്സാണ് ആദ്യമായി നമ്മുടെ പഞ്ചായത്തിൽ സർവ്വീസ് നടത്തിയത്. കണ്ണൂർ പട്ടണവുമായി ബന്ധപ്പെടുവാൻ വളപട്ടണം കടവ് കടക്കേണ്ടിയും വന്നിട്ടുണ്ട്. ഇന്ന് ഗതാഗത സൗകര്യം മെച്ചപ്പെട്ട് ഉൾനാടൻ പ്രദേശങ്ങളിലടക്കം ബസ്സ് റൂട്ടുകൾ വ്യാപിച്ചിട്ടുണ്ട്. ജില്ലാ ആസ്ഥാനത്തേക്കും മലയോര മേഖലയടക്കമുള്ള മറ്റ് പ്രദേശങ്ങളിലേക്കും എളുപ്പത്തിൽ എത്തിപ്പെടാൻ ഇന്ന് ഏറെ സൗകര്യമുണ്ട്. അത്കൊണ്ട് തന്നെ പണ്ട് നിലനിന്നിരുന്ന വാണിജ്യകേന്ദ്രങ്ങൾ (മരോട്കുണ്ട്, കാവിൻമുനമ്പ് എന്നിവ) നാമാവശേഷമാണ്. ഈ സൗകര്യങ്ങൾ കൂടാതെ ബ്രിട്ടീഷ് ഭരണകാലത്ത് ഏർപ്പെടുത്തിയ ഷോർണ്ണൂർ-മംഗലാപുരം റെയിൽവെ ലൈനിൽ പഴയങ്ങാടി-കണ്ണപുരം സ്റ്റേഷനുകൾക്കിടയിലെ 7 കിലോ മീറ്റർ റെയിൽപാത ഈ പഞ്ചായത്തിലൂടെ കടന്ന് പോകുന്നു. എ.കെ.ജിയുടെ ശ്രമഫലമായി അനുവദിച്ച് കിട്ടിയ ചെറുകുന്ന് റെയിൽവെ സ്റ്റേഷൻ പിന്നീട് ആദായകരമല്ലാത്തതിനാൽ നിർത്തലാക്കിയത് പ്രസ്താവ്യമാണ്.


ചെറുകുന്ന് ഗ്രാമ പഞ്ചായത്ത്

റെയിൽപാതക്ക് സമാന്തരമായി വളപട്ടണം ചെറുതാഴം പി.ഡബ്ല്യൂ.ഡി റോഡിൻെറ 7 കിലോ മീറ്റർ ഭാഗം നമ്മുടെ പഞ്ചായത്തിൽ കൂടി കടന്ന് പോകുന്നു. വാഹനങ്ങളുടെ ആധിക്യം മൂലം ഈ റോഡ് പൂർണ്ണമായും നാശത്തിൻെറ വക്കിലാണ്. കൊല്ലം തോറുമുള്ള അറ്റകുറ്റപണികൾ കാര്യമായി നടത്താൻ പോലും ബന്ധപ്പെട്ടവർ ശ്രമിക്കുന്നില്ല.

ഗൾഫ് പണത്തിൻെറ വരവോടു കൂടി ഇരുചക്ര മോട്ടോർ വാഹനങ്ങളുടെ അതിപ്രസരം ഇവിടെയും വ്യാപിച്ചതായി കാണാം.

പഞ്ചായത്ത് വർഷം തോറും വലിയൊരു സംഖ്യ റോഡുകളുടെ അഭിവൃദ്ധിക്കുവേണ്ടി ചെലവഴിക്കുന്നുണ്ടെങ്കിലും ഓവുചാലുകൾ നിർമ്മിക്കാത്തതുമൂലം ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് സംരക്ഷിക്കാൻ സാധിക്കുന്നില്ല. കെട്ടിടങ്ങളും ചുറ്റുമതിലും നിർമ്മിക്കുമ്പോൾ ഓവുചാലിന് വേണ്ടിയുള്ള സ്ഥലം വിട്ടുകൊടുക്കുവാൻ ജനങ്ങൾ തയ്യാറാകാത്ത സ്ഥിതിയും ഉണ്ട്. പഞ്ചായത്തിൽ ആകെ 44 കി.മീ. റോഡുകൾ ഉണ്ട്.

## റോഡുകൾ

1. തറ - പഴയങ്ങാടി- പി.ഡബ്ല്യൂ.ഡി (താർ ചെയ്തത്) 7 കി.മി (വളപട്ടണം ചെറുതാഴം റോഡിൽ)
2. ചെറുകുന്ന് തറ - അമ്പലം ആയിരം തെങ്ങ് 1½ കി.മീ (താർ ചെയ്തത്)
3. ചെറുകുന്ന് തറ - കീഴറ - 1 കി.മീ പി.ഡബ്ല്യൂ.ഡി.(താർ)
4. തറ - പാടിയിൽ - കയറ്റിൽ 2.5 കി.മീ. (താർ)
5. മുണ്ടത്തടം - കവിണിശ്ശേരി 1.100 കി.മീ.
6. പാടിയിൽ - കവിണിശ്ശേരി - 1. കി.മീ.
7. കവിണിശ്ശേരി-കൂവപ്പുറത്ത് കാവ് റോഡ് 400 മീ. (താർ)
8. കോൺവെൻറ് - കവിണിശ്ശേരി ബാലവാടി - 0.500
9. കവിണി.വയൽ.ഒതയമ്മാടം - 1കി.മീ.
10. പള്ളിച്ചാൽ. പാടിയിൽ - 1.200 കി.മീ.(താർ)
11. ഒതയമ്മാടം. റെയിൽവേഗേറ്റ് - കുന്നനങ്ങാട് 1.100
12. ഒതയമ്മാടം - വേങ്ങിൽ - 500 മീ.
13. പള്ളിച്ചാൽ - ഇടത്തട്ട - .800 മീ.
14. പള്ളിച്ചാൽ - കൊവ്വപ്പുറം ബാലവാടി - 400 മീ.
15. ആർക്കേടൂട്ടോറിയൽ - സായി മന്ദിരം - 600മീ.
17. പോലീസ് സ്റ്റേഷൻ - അമ്പലംറോഡ് - 500 മീ.
10. അമ്പലം - കൊവ്വപ്പുറം. പി.ഡബ്ല്യൂ.ഡി. 1.200 (താർ)
11. കൊവ്വപ്പുറം - കാവിൻമുനമ്പ്. പി.ഡബ്ല്യൂ.ഡി. 1½ കി.മീ. (താർ)
12. കൊവ്വപ്പുറം - ദാലിൽ വടക്കേ ഭാഗം 3.350 മീ.(താർ)
13. കൂരാങ്കുന്ന് - കൂർമ്പക്കാവ് 300 മീ.
14. ദാലിൽ - പുന്നച്ചേരി 650 മീ.

15. മഠത്തിൽ അരയാൽ - നാലൊന്നിൽ 560 മീ.
16. വെള്ളറങ്ങൽ - കട്ടക്കുളം 1.250
17. കട്ടക്കുളം - നാലൊന്നിൽ - 900 മീ.
18. വെള്ളറങ്ങൽ - മുണ്ടപ്പുറം 1.കി.മീ. (താർ)
19. പഞ്ചായത്ത് ആഫീസ് - മുട്ടിൽ -400 മീ. 1.200 ചരൽ (താർ)
20. മുട്ടിൽ റോഡ് - പൂങ്കാവ് ലക്ഷം വീട് - പുന്നച്ചേരി 650 മീ.
21. പുന്നച്ചേരി - മുട്ടിൽ 2കി.മീ. താർ - 800 ചരൽ
22. താവം പോസ്റ്റാഫീസ് - പള്ളിക്കര - 600 മീ.
23. താവം പ്രീമിയർ - വേട്ടക്കൊരുമകൻ ക്ഷേത്രം - 300 മീ.
24. താവം ശ്രീശക്തി - താവം. ദാലിൽ ലിങ്ക് റോഡ് 2.300
25. താവം റെ. ഗേറ്റ് - പള്ളിക്കര -400 മീ. (താർ)
26. പള്ളിക്കര - പത്തൊന്നിൽ. മുട്ടിൽ- 500 മീ.

**പ്രശ്നങ്ങൾ**

1. മിക്ക റോഡുകൾക്കും ഓവുചാലുകൾ ഇല്ലാത്തതിനാൽ മഴക്കാലത്ത് വെള്ളം കെട്ടി നില്ക്കുന്നതിന്റെ ഫലമായി ചീത്ത യാകുന്നു.
2. മിക്ക റോഡുകൾക്കും ആവശ്യത്തിന് വീതിയില്ല.
3. കൊവ്വപ്പുറം അമ്പലം റോഡിൽ കൂടി ഹെവിവെഹിക്കിൾസ് ഓടുന്നത് മൂലം അമ്പലച്ചിറക്ക് സംരക്ഷണക്കുറവ് അനുഭവ പ്പെടുന്നു.
4. മുട്ടിൽ ഡാം ഗതാഗതയോഗ്യമാക്കണം.
5. റോഡുകളും ഓവുചാലുകളും ശാസ്ത്രീയമായി നിർമ്മിക്കുന്നില്ല.

**സാധ്യതകൾ**

1. എല്ലാ വാർഡുകളിലെയും റോഡുകൾ മുൻഗണനാ ക്രമത്തിൽ താർ ചെയ്ത് ഗതാഗതസൗകര്യം വർദ്ധിപ്പിക്കാം.
2. ഷോർണ്ണൂർ - മംഗലാപുരം റെയിൽപാത ഇരട്ടിപ്പിക്കണം.
3. മുട്ടിൽ ഡാം - റഗുലേറ്റർ കം ബ്രിഡ്ജാക്കി ഗതാഗത സൗകര്യം വർദ്ധിപ്പിക്കാം.
4. ടാക്സി - ഓട്ടോസ്റ്റാൻറ് നിർമ്മിച്ചു ഗതാഗതക്കുരുക്ക് ഒഴിവാക്കണം.
5. യാത്രാസൗകര്യമില്ലാത്ത സ്ഥലങ്ങളിൽ നടപ്പാതകൾ നിർമ്മിക്കണം.
6. പട്ടുവം പുഴക്ക് കാവിൻമുനമ്പ് പാലം നിർമ്മിച്ച് മലയോര മേഖലയുമായി എളുപ്പത്തിൽ ബന്ധപ്പെടാൻ സൗകര്യ മുണ്ടാക്കണം.
7. താവം റെയിൽവേ ഗേറ്റിന് ഓവർ ബ്രിഡ്ജ് നിർമ്മിച്ച് ഗതാഗതക്കുരുക്ക് ഒഴിവാക്കണം.
8. പയ്യന്നൂർ മുതൽ കണ്ണൂർ വരെ പൂർണ്ണമായും റെയിൽവെ ഗേറ്റ് ഒഴിവാക്കി കൊണ്ട് ബൈപാസ് റോഡ് നിർമ്മിക്കുക.
9. ഓവുചാലുകളും റോഡുകളും ശാസ്ത്രീയമായി നിർമ്മിക്കണം.



# ഊർജ്ജം

ആധുനിക യുഗത്തിൽ ഒരു രാഷ്ട്രത്തിൻെറ പുരോഗതിയുടെ മാനദണ്ഡം ആളോഹരി ഊർജ്ജ ഉപഭോഗമാണ്. പരിസ്ഥിതിപ്രശ്നം ഇല്ലാത്തതും ലളിതവുമായ ഒരു ഊർജ്ജരൂപമാണല്ലോ വൈദ്യുതി. 1958 ജൂലൈ 1-ാം തീയതിയാണ് ഈ പഞ്ചായത്തിൽ വൈദ്യുതി വിതരണം ആരംഭിച്ചത് . പക്ഷെ വൈദ്യുതി പ്രശ്നങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കാൻ ആവശ്യമായ ഉദ്യോഗസ്ഥസംവിധാനവും ഓഫീസും ചെറുകുന്നിലുണ്ടായത് 1977 നവംബറിലാണ്. ചെറുകുന്നിലെ പുന്നച്ചേരി മുതൽ താവം വരെയുള്ള പ്രദേശത്തെ ഉപഭോക്താക്കൾ മാടായിലുള്ള ഓഫീസിലും മറ്റു പ്രദേശങ്ങളിലുള്ളവർ പാപ്പിനിശ്ശേരിയിലുള്ള ഓഫീസിലുമാണ് വൈദ്യുതി സംബന്ധമായ ആവശ്യങ്ങൾക്ക് ബന്ധപ്പെട്ടിരുന്നത്. പിന്നീട് ഈ പ്രദേശങ്ങൾ സംയോജിപ്പിച്ച് 1985 ഡിസംബർ മാസം ഇലക്ട്രിസിറ്റി മേജർ സെക്ഷൻ ആഫീസ് ചെറുകുന്നിൽ പ്രവർത്തനം തുടങ്ങി. എന്നാൽ ഒരു വർഷം കഴിയുന്നതിന് മുമ്പ് 1986 ഫെബ്രുവരിയിൽ പ്രസ്തുത ഓഫീസിൻെറ പദവി മാറ്റി സെക്ഷൻ ഓഫീസായി തരംതാഴ്ത്തുകയും ചെയ്തു. ഇന്ന് ഈ ഓഫീസ് ചെറുകുന്ന് പഞ്ചായത്തിലെ വർദ്ധിച്ചു വരുന്ന വൈദ്യുതി ഉപഭോക്താക്കളുടെ ആവശ്യങ്ങൾ കൈകാര്യം ചെയ്യാൻ പര്യാപ്തമായ നിലയിലായിട്ടില്ല.

വൈദ്യുതി വിതരണ ലൈൻ എത്താത്ത ഒരു പ്രദേശവും ഈ ഗ്രാമ പഞ്ചായത്തിലില്ല. വലിയൊരു ഭാഗം വീടുകൾ ഇനിയും വൈദ്യുതീകരിക്കപ്പെടാനുണ്ടെങ്കിലും കല്യാശ്ശേരി പഞ്ചായത്തിലെ മാങ്ങാട് 110 കെ.വി സബ്സ്റ്റേഷനിൽ നിന്നും വരുന്ന മാടായി, കണ്ണപുരം

എന്നീ രണ്ട് 11 കെ.വി പ്രസരണ ലൈനിൽ നിന്നുമാണ് പ്രധാനമായും വൈദ്യുതി വിതരണം നടക്കുന്നത്. പഴയങ്ങാടി പുഴയുടെ തെക്കും റെയിൽവെ ലൈനിൻെറ വടക്കുമായി കിടക്കുന്ന പ്രദേശത്തുള്ള 4 വിതരണട്രാൻസ്ഫോമറുകളിലേക്കുള്ള പ്രസരണ ലൈൻ 110 കെ.വി കാങ്കോൽ പയ്യന്നൂർ സബ്സ്റ്റേഷനിലെ മാതമംഗലം ഫീഡറാണ്.

പഞ്ചായത്ത് പ്രദേശത്ത് മൊത്തം 27 വിതരണ ട്രാൻസ്ഫോമറുകളുണ്ടുള്ളത്. ഇതിൽ പഞ്ചായത്തിൻെറ തെക്കു വശത്തുള്ള 3 ട്രാൻസ്ഫോമറുകളുടെ വിതരണ ലൈൻ കണ്ണപുരം പഞ്ചായത്ത് പ്രദേശത്ത് കൂടി വ്യാപിച്ചു കിടക്കുന്നു. വ്യാവസായികാവശ്യത്തിനായി മാത്രം സ്ഥാപിക്കപ്പെട്ടിട്ടുള്ള 7 ട്രാൻസ്ഫോമറുകളുണ്ട്. പുറമേ ഗാർഹികാവശ്യങ്ങൾക്കും തെങ്ങ് കൃഷിയുടെ ജലസേചനത്തിനുള്ള പമ്പ്സെറ്റുകൾക്കും വാണിജ്യസ്ഥാപനങ്ങളിലെ ആവശ്യങ്ങൾക്കും വൈദ്യുതി ഉപയോഗിക്കപ്പെടുന്നു.

ഗാർഹികാവശ്യത്തിനുള്ള ഇന്ധനമായി പരമ്പരാഗതമായി ഓല, മടൽ, വിറക് എന്നിവയാണ് പ്രധാനമായും ആശ്രയിച്ചു വരുന്നത്. പാചകാവശ്യത്തിന് മണ്ണെണ്ണയും എൽ.പി.ജിയും ഉപയോഗിക്കുന്ന ഒരു ചെറുവിഭാഗവും ഉണ്ട്. 263 സ്ട്രീറ്റ് ലൈറ്റുകളാണ് പഞ്ചായത്ത് പ്രദേശത്തുള്ളത്. ഇതിൽ 14 എണ്ണം ഫ്ലൂറസെൻറ് ട്യൂബുകളാണ്.

<u>പ്രശ്നങ്ങൾ</u>

1. ഉത്തരമലബാറിൽ പൊതുവെയുള്ള വോൾട്ടേജ് കമ്മി കുറെക്കൂടി രൂക്ഷമായി അനുഭവിക്കുന്ന പ്രദേശമാണിത്. മാങ്ങാട് സബ്സ്റ്റേഷനിൽ നിന്നുള്ള കണ്ണപുരം, മാടായി 11 കെ.വി. ഫീഡർ ലൈനുകൾ ഇപ്പോൾ തന്നെ 130-150% വരെ ഓവർ ലോഡ് ചെയ്യുന്നുണ്ട്. തൽഫലമായുള്ള വൈദ്യുതി തടസ്സങ്ങൾ കൂടിക്കൂടി വരികയാണ്. ഏതെങ്കിലും ഒരു ലൈൻ കേടായാൽ മറ്റു ലൈനിൽ നിന്നും വൈദ്യുതി ലഭിക്കുക അസാധ്യമാണ്.

2. തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾ നടക്കുന്നത് കാണാറുണ്ടെങ്കിലും മാറ്റിയ ബൾബുകൾ അടുത്ത ഒന്ന് രണ്ട് ദിവസത്തിനകം ഫ്യൂസായി പോകുന്നത് കാണുന്നു. അതുകൊണ്ട് തന്നെ ഉള്ള തെരുവ് വിളക്കുകളിൽ കത്തുന്നത് വളരെ കുറവാണ്.

3. പൊതുവായ വോൾട്ടേജ് കമ്മിക്ക് പുറമെ വളരെ രൂക്ഷമായ വോൾട്ടേജ് കമ്മി അനുഭവപ്പെടുന്ന പ്രദേശങ്ങളും ഉണ്ട്.

4. തെരുവ് വിളക്കുകൾ പുതുതായി സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

1. താവം റെയിൽവെ ഗേറ്റ് മുതൽ പഴയങ്ങാടി പാലം വരെ.
2. ശ്രീശക്തി ടാക്കീസുമുതൽ താവം ശ്രീ കൂർമ്പക്കാവുവരെ.
3. ഒതയമ്മാടം റെയിൽവെ ഗേറ്റ് മുതൽ വായനശാല വരെ
4. പ്രീമിയർ പ്ലൈവുഡ് മുതൽ റെയിൽവെ ലൈൻ വരെ.
5. കുന്നനങ്ങാട് സാമൂഹ്യവിനോദകേന്ദ്രം മുതൽ മുതിരികടവു വരെ.
6. കൂരാങ്കുന്ന് ക്ഷേത്രം മുതൽ കൂർമ്പക്കാവ് ക്ഷേത്രം വരെ.
7. ഒതയമ്മാടം സ്ക്കൂൾ മുതൽ പാടിയിൽ റോഡു വരെ.
8. കവിണിശ്ശേരി കൊവ്വപ്രത്ത് കാവു മുതൽ കള്ള്ഷാപ്പ് വരെ.
9. പോസ്റ്റാഫീസുമുതൽ പള്ളിക്കര വരെ.

## ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | ഹരിജൻ കോളനികളുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ (എണ്ണം) |
|---|---|---|
| 1 | 2 | 3 |
| II | ദാലിൽ വടക്കെഭാഗം | 21 |
| IV | വേങ്കിയിൽ<br>പാടിയിൽ | 8<br>9 |
| V | ചിടങ്ങിൽ | 7 |
| VIII | 1) കട്ടക്കുളം<br>2) പൂങ്കാവ് | 9<br>36 |
| IX | പള്ളിക്കര | 16 |

## വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1 നിലവിലുള്ള ഉപഭോക്താക്കൾ

a) ഗാർഹികം 2143

b) വ്യാപാരം 249

c) വ്യാവസായികം 44

d) കാർഷികം -

2 കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

a) Ordinary
b) OTP
c) OYEC

അവസാനം നൽകിയ കണക്ഷൻെറ അപേക്ഷാ തീയ്യതി

a) 30-3-91
b) 3-9-98
c) 31-8-93

3 സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

a) ബൾബ് 40 W - 249 Nos.

b) ട്യൂബ് 2×40 W 14 Nos.

c) മെർക്കുറി വേപ്പർ -

d) സോഡിയം വേപ്പർ -

4 ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ : = 7

5 തൻവർഷത്തെ കണക്ഷൻ

Ordinary -
OTP 3
OYEC 12

6 പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ.

| | | |
|---|---|---|
| 1 തറ -100 KVA | 7 പാടിയിൽ 100 KVA | 13 പുന്നച്ചേരി 63 |
| 2 അമ്പലം 63 " | 8 ഒതയമ്മാടം 50 " | 14 എ. കെ.പ്ലൈവുഡ് 100 " |
| 3 പള്ളിച്ചാൽ 63 " | 9 കൊവ്വപ്പുറം 100" | 15 ഷാഫ്കോ.പ്ലൈവുഡ്100" |
| 4 പള്ളിച്ചാൽ No. II 63" | 10 കട്ടക്കുളം 63 " | 16 താവം പോസ്റ്റാഫീസ് 63 " |
| 5 കോൺവെൻറ് 250 " | 11 മുണ്ടപ്പുറം 63 " | 17 പ്രീമിയർ പ്ലൈവുഡ് 100" |
| 6 കവിണിശ്ശേരി 100 " | 12 സിവിയർകോംപ്ളക്സ്100 | 18 പ്രീമിയർ ബോർഡ് 100 " |

7 സ്ട്രീറ്റ്ലൈറ്റിനുവേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക 3117/ - രൂപ

10. കവിണിശ്ശേരി വയൽ മുതൽ ചിടങ്ങിൽ മദ്രസ വരെ.

**5. സോഡിയം വേപ്പർ ലാമ്പുകൾ ആവശ്യപ്പെടുന്ന സ്ഥലങ്ങൾ**

1. ചെറുകുന്ന് അമ്പലം ജംഗ്ഷൻ, 2. പള്ളിപ്പാൽ ജംഗ്ഷൻ, 3. കൊവ്വപ്പുറം ജംഗ്ഷൻ, 4. പുന്നച്ചേരി, 5. താവം പോസ്റ്റോഫീസിന് മുൻവശം

**6. വൈദ്യുതീകരിക്കാത്ത കോളനികൾ**

1. പള്ളിക്കര സെറ്റിൽമെൻറ് കോളനി.

**സാധ്യതകൾ**

1. നിർമ്മാണത്തിലിരിക്കുന്ന പഴയങ്ങാടി 110 കെ.വി സബ്സ്റ്റേഷൻെറ പണി എത്രയും വേഗം പൂർത്തിയാക്കുക. നിർമാണം പൂർത്തിയാകുന്നതോടെ പഴയങ്ങാടി സബ്സ്റ്റേഷനിൽ നിന്നും 2 ഫീഡറുകൾ ചെറുകുന്നിലെ ഇപ്പോഴുള്ള ഫീഡർ ലൈനുകളുമായി താഴെ പറയുന്ന വിധം ബന്ധപ്പെടുത്തുക.

1. താവം ശ്രീശക്തി ടാക്കീസിനു കിഴക്കു വശം വരെ എത്തി നില്ക്കുന്ന 11 കെ.വി. ലൈൻ അവിടെ നിന്ന് ഇപ്പോൾ നിലവിലുള്ള ദാലിൽ-കുന്നനങ്ങാട് 11 കെ.വി ലൈനുമായും തുടർന്ന് കുന്നനങ്ങാട് നിന്നും നിലവിലുള്ള ഒതയമ്മാടം- കവിണിശ്ശേരി 11 കെ.വി. ലൈനുമായും ബന്ധിപ്പിക്കുക.

2. ഇപ്പോൾ മാടായി ഫീഡറിൻെറ പഴയങ്ങാടി ഭാഗത്തുള്ള ലൈനുമായി ബന്ധിപ്പിച്ച് റെയിലിന് പടിഞ്ഞാറ് ഭാഗത്തു കൂടി ഇപ്പോഴുള്ള ഒരു ലൈനിനെ ഒരു പുതിയ ഫീഡറാക്കുക.

2. തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണിക്കുള്ള സാധനസാമഗ്രികൾ വിതരണം ചെയ്യാനും അറ്റകുറ്റപണിയുടെ മേൽ നോട്ടം വഹിക്കുവാനുമുള്ള ചുമതല തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുക.

3. പുതുതായി ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് കമ്മി പരിഹരിക്കേണ്ടുന്ന പ്രദേശങ്ങൾ

1. മുട്ടിൽ, 2. പള്ളിക്കര, 3. പൂങ്കാവ്, 4. കൊവ്വപ്പുറം ചാലിൽ തീയ്യസമുദായ ശ്മശാനത്തിനടുത്ത്, 5. ഒതയമ്മാടം വടക്ക് ചെട്ടിക്കുളത്തിനടുത്ത്

4. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി പരിഹാരം കാണേണ്ട പ്രദേശങ്ങൾ.

1. കട്ടക്കുളം, 2. ചിടങ്ങിൽ

5. വൈദ്യുതീകരിക്കാത്ത കോളനികൾ വൈദ്യുതീകരിക്കുക.

6. വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാകാനുള്ള പ്രവർത്തനം അതാത് അവസരത്തിൽ നടത്തണം.

**പൊതുവായ ചില നിർദ്ദേശങ്ങൾ**

1. കന്നുകാലി കൃഷിക്കാരെ ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കാൻ പ്രേരിപ്പിക്കുക.

2. സബ്സിഡി നല്കി ഇലക്ട്രോണിക് ചോക്ക് ഉപയോഗിക്കാൻ പ്രേരിപ്പിക്കുക.

3. സബ്സിഡി നല്കി കോംപാക്റ്റ് ഫ്ളൂറസെൻറ് ലാമ്പ് ഉപയോഗിക്കാൻ പ്രേരണ നല്കുക.

4. പിക്‌ലോഡ് സമയത്തെ വൈദ്യുതി ഉപയോഗം അത്യാവശ്യത്തിനുള്ള ഉപയോഗം മാത്രമാക്കി നിയന്ത്രിക്കുന്നതിന് ബോധവല്ക്കരണം നടത്തുക.

5. അനർട്ടിൻെറ സോളാർ ലാമ്പുകൾ വ്യാപകമായി പ്രചരിപ്പിക്കുക.

6. ചെറുകുന്നിൽ ഇപ്പോൾ പ്രവർത്തിക്കുന്ന സെക്ഷൻ ആഫീസ് മേജർ സെക്ഷൻ ആഫീസാക്കി മാറ്റുക.

7. ഇന്ധന ക്ഷമതയുള്ള പരിഷത്ത് അടുപ്പുകൾ വ്യാപകമാക്കുകയും ബോധവല്ക്കരണം നടത്തുകയും ചെയ്യുക.



# പാർപ്പിടം

ബ്രിട്ടീഷ് ഭരണകാലത്തിനു മുമ്പ് തന്നെ നമ്മുടെ പഞ്ചായത്തിൽ പാർപ്പിടങ്ങളുടെ സ്ഥിതി ശോചനീയമായിരുന്നു. അന്ന് ധനികർക്കും സവർണ്ണ ജാതികളിൽപെട്ടവർക്കും മാത്രമായിരുന്നു സാമാന്യം സൗകര്യമുള്ള വീടുകൾ ഉണ്ടായിരുന്നത്. മൺകട്ടകളും ഉരുട്ടുകട്ടകളും ഉപയോഗിച്ചുള്ള ചുമരുകളായിരുന്നു പാവപ്പെട്ടവരുടെ വീടുകൾക്ക്. ഓല മേഞ്ഞതും പുല്ല് മേഞ്ഞതുമായ വീടുകൾ ഈ പഞ്ചായത്തിൽ ധാരാളമുണ്ടായിരുന്നു. കുറെ വീടുകൾക്ക് കൂടിയാണ് ഒരു കിണർ ഉണ്ടായിരുന്നത്.

1960 കളിലാണ് നമ്മുടെ പഞ്ചായത്തിലെ പാർപ്പിട സങ്കല്പത്തിലും സംവിധാനത്തിലും കാര്യമായ മാറ്റം വരുന്നത്. അമ്പത്തേഴിൽ നടപ്പിലാക്കിയ കാർഷിക പരിഷ്ക്കാരങ്ങൾ കൃഷിക്കാരുടെയും തൊഴിലാളികളുടെയും ജീവിതസൗകര്യങ്ങളിലും വരുമാനത്തിലും വർദ്ധനവുണ്ടാക്കി. ഭൂമിയുടെ ഉടമകളായി മാറിയ കർഷകർ തുടർന്ന് പാർപ്പിടസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും വിപുലപ്പെടുത്തുകയും ചെയ്യണമെന്ന ബോധം സാർവ്വത്രികമായി ഉണ്ടായി. ക്രിസ്ത്യൻ മിഷനറിമാർ അധകൃതർക്കും അവശ ജനവിഭാഗങ്ങൾക്കും ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കിയതും ഏതാണ്ട് ഇതേ കാലഘട്ടത്തിലാണ്.

1970കളിൽ ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ സാദ്ധ്യതകൾ ഉണ്ടായതോടെ ഈ പഞ്ചായത്തിലെ ഭവനനിർമ്മാണ രംഗത്ത് വമ്പിച്ച പരിവർത്തനങ്ങൾ ഉണ്ടായി. ഓടിട്ട

വീടുകൾ പലതും മാറ്റി ടെറസ്സ് വീടുകൾ നിർമ്മിക്കാൻ തുടങ്ങി. ഗൾഫ് പണത്തിൻെറ സ്വാധീനം വർദ്ധിച്ചതോടു കൂടി പാർപ്പിടങ്ങൾ എന്നതിലുപരി ആഡംബരത്തിൻെറ പ്രതീകമായിരിക്കുകയാണ് ഗൃഹനിർമ്മാണം. വീടുകളിലെ ആഡംബരങ്ങൾക്കായി കൂടുതൽ പണം ചെലവാക്കുന്ന ശൈലിയും ചിലർ സ്വീകരിച്ചു. ഗൾഫ് പണക്കാരെ അനുകരിച്ച് ഇടത്തരക്കാരും തങ്ങളുടെ വീടുകളിൽ മാറ്റം വരുത്താൻ തുടങ്ങി. അവർ കടം വാങ്ങിയും തിരിമറികൾ നടത്തിയും വീടുകൾക്ക് മോടി കൂട്ടി. അടിസ്ഥാന സൗകര്യങ്ങളെക്കാൾ ആഡംബരത്തിന് പ്രാമുഖ്യം നല്കുന്ന പ്രവണത ഏറി വരുന്നു. വീടുകൾക്ക് വേണ്ടി പണം അമിതമായും അനാവശ്യമായും ചെലവാക്കുന്ന ശൈലി ഇപ്പോഴും പലരും ഉപേക്ഷിച്ചിട്ടില്ല.

നമ്മുടെ പഞ്ചായത്തിലെ എല്ലാം കുടുംബങ്ങൾക്കും ഇപ്പോഴും വീടുകൾ ലഭിച്ചു കഴിഞ്ഞിട്ടില്ല. എന്നാൽ നിലവിലുള്ള വീടുകളിൽ ഒരു വലിയ വിഭാഗം അടിസ്ഥാന സൗകര്യങ്ങൾ ഉള്ളവയാണ്. ചുരുക്കം ചില വാർഡുകളിൽ മാത്രം വളരെ ചെറിയ കുടിലുകൾ ഉണ്ട്. ചേരിനിവാസികളും പുറമ്പോക്കിൽ അധിവസിക്കുന്ന വരും ഈ പഞ്ചായത്തിലില്ല. ഏഴ് ഹരിജൻ കോളനികൾ ഈ പഞ്ചായത്ത് പരിധിക്കകത്തുണ്ട്. ലക്ഷം വീടുകളിലും കോളനികളിലും താമസിക്കുന്നവരുടെ പല പ്രശ്നങ്ങളും ഇനിയും പരിഹരിക്കേണ്ടതുണ്ട്.

വീടുകളുടെ എണ്ണം പട്ടിക -1

| വാർഡ് | വീടുകളുടെ എണ്ണം |
|---|---|
| 1 | 300 |
| 2 | 205 |
| 3 | 272 |
| 4 | 323 |
| 5 | 344 |
| 6 | 419 |
| 7 | 272 |
| 8 | 322 |
| 9 | 426 |
| | 2883 |

ഭവന നിർമ്മാണത്തിലെ പാഴ് ചെലവുകൾ ഒഴിവാക്കാനും ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കാനും ബോധവല്ക്കരണം അത്യന്താപേക്ഷിതമാണ്. നിർമ്മാണസാമഗ്രികൾ പ്രാദേശികമായി കിട്ടുന്നവയാണെങ്കിൽ ഗൃഹ നിർമ്മാതാക്കൾക്ക് ചെലവിൽ സാരമായ കുറവു വരുത്താൻ സാധിക്കും.

ഈ പഞ്ചായത്തിനകത്ത് ഹൗസിങ്ങ് സൊസൈററി ഇല്ല. എന്നാൽ പാപ്പിനിശ്ശേരി കോ.ഓപ്പറേറ്റീവ് റൂറൽ ഹൗസിങ്ങ് സൊസൈറ്റിയിൽ നിന്നും മറ്റു സൊസൈറ്റികളിൽ നിന്നും ബേങ്കുകളിൽ നിന്നും പണം കടം വാങ്ങി വീട് നിർമ്മിച്ചവരുണ്ട്. നേരത്തെ സൂചിപ്പിച്ചതു പോലെ ഭവന നിർമ്മാണത്തിലെ അനാവശ്യചെലവുകൾ ഉപേക്ഷി

ക്കാൻ ഇടത്തരക്കാരും പാവപ്പെട്ടവരും ശ്രദ്ധിക്കുന്നില്ലെങ്കിൽ അവർ കടത്തിന്റെ പാതാളക്കുഴിയിൽ പതിക്കും എന്ന കാര്യത്തിൽ സംശയമില്ല.

പട്ടിക -2

ഭവന നിർമ്മാണത്തെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | വീട് കൈവശമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീട് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | 2 | 1 MWS | 1 | |
| II | 4 | 1 MWS | 1 | |
| III | 4 | 1 MWS<br>1 JRY<br>2 IAY | 4 | |
| IV | 1 | 2 MWS | 2 | |
| V | 2 | 3 MWS | 1 | 2 |
| VI | 2 | 1 JRY | 1 | |
| VII | 1 | 2 MWS<br>2 IAY | 4 | |
| VIII | 2 | 1 MWS<br>2 JRY | 3 | |
| IX | 5 | 5 MWS<br>2 IAY<br>1 JRY | 6 | 2 |

പാർപ്പിടനിർമ്മാണത്തിൽ ഒരു പുതിയ ശൈലിയും സംസ്ക്കാരവും നമുക്കുണ്ടാവേണ്ടതുണ്ട്. സർക്കാരിന്റെയും സന്നദ്ധസംഘടനകളുടെയും മറ്റ് ഏജൻസികളുടെയും സമ്പൂർണ്ണ സഹകരണം ഉണ്ടെങ്കിൽ ഈ രംഗത്തെ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാനാവും ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കാൻ ശ്രമിക്കുന്ന സംഘടനകളെയും വ്യക്തികളെയും അഭിനന്ദിക്കാനും പ്രോത്സാഹിപ്പിക്കാനും നാം തയ്യാറാകണം. നമ്മുടെ നിർമ്മാണ തൊഴിലാളികൾക്ക് ചെലവു കുറഞ്ഞ ഭവന നിർമ്മാണരീതികളിൽ പരിശീലനം നല്കാൻ ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

വയലുകൾ നികത്തി വീടുണ്ടാക്കുന്ന പ്രവണത നമ്മുടെ പഞ്ചായത്തിൽ ശക്തിപ്പെട്ടു വരുന്നു. ഗൃഹനിർമ്മാണത്തിന് ചെലവാകുന്ന പണം തിരിച്ചു കിട്ടുന്ന പണമല്ലെന്നും അതുകൊണ്ട് ഓരോ കുടുംബത്തിൻെറയും വരുമാന സൗകര്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള അനുയോജ്യമായ വീടുകളാണ് ആവശ്യമെന്നുമുള്ള ബോധം ജനങ്ങളിലുണ്ടാകാൻ നാം ശ്രദ്ധിച്ചേ തീരൂ. കടം വാങ്ങി വീടുകൾ നിർമ്മിക്കുന്നവർ കൃത്യമായി കടം തിരിച്ചടക്കുന്നതിലും അതിന്നവരെ പ്രേരിപ്പിക്കുന്നതിലും ബന്ധപ്പെട്ടവർ ജാഗ്രത കാണിക്കണം. ചുരുങ്ങിയ പലിശയ്ക്ക് ലളിതമായ വ്യവസ്ഥകളിൽ ഗൃഹനിർമ്മാണ വായ്പകൾ ലഭിച്ചാലേ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കാനാവൂ.

പട്ടിക-3

കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം 1992നു ശേഷം | സാനിറ്റേഷൻ പഞ്ചായത്ത് വക |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 38 | 1 | 70 |
| 2 | 42 | 1 | 58 |
| 3 | 32 | 3 | 37 |
| 4 | 43 | 1 | 65 |
| 5 | 25 | 4 | 36 |
| 6 | 13 | 2 | 11 |
| 7 | 33 | 1 | 24 |
| 8 | 49 | 1 | 51 |
| 9 | 64 | 2 | 43 |

ഇപ്പോൾ ഈ പഞ്ചായത്തിൽ ആകെ 2883 വീടുകൾ ഉണ്ട്. പട്ടിക നോക്കുക വീടുകളും പരിസരങ്ങളും കൃത്യമായി ശുചീകരിക്കുന്നതിലും കിണറുകൾ, കക്കൂസുകൾ എന്നിവ സംരക്ഷിക്കുന്നതിലും പൊതുസ്ഥലങ്ങളിലേക്ക് വീട്ടു വളപ്പുകളിലെ അഴുക്കു വെള്ളവും മാലിന്യങ്ങളും ഒഴുക്കിവിടാതെ പൗരബോധവും ഉത്തരവാദിത്വബോധവും പ്രകടിപ്പിക്കുന്നതിലും നാട്ടുകാർ കുറേക്കൂടി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

<u>പ്രശ്നങ്ങൾ</u>

1. ചെലവു കുറഞ്ഞ പാർപ്പിട നിർമ്മാണ രീതികളിൽ പലരും താല്പര്യം കാണിക്കുന്നില്ല.

2. ചെലവുകുറഞ്ഞ പാർപ്പിടനിർമ്മാണ രീതികളിൽ പരമ്പരാഗത ഭവനനിർമ്മാണ തൊഴിലാളികൾക്ക് വേണ്ടത്ര അവബോധ മില്ല.

3. ചുരുങ്ങിയ പലിശയ്ക്ക് ഭവനനിർമ്മാണ വായ്പ കൊടുക്കുന്ന സ്ഥാപനങ്ങളും ഏജൻസികളും കുറവാണ്.

4. ചുരുങ്ങിയ പലിശയ്ക്ക് ഭവനനിർമ്മാണ വായ്പ കൊടുക്കുന്നതിന് ബാങ്കുകൾക്കും സൊസൈറ്റികൾക്കും ഗവൺമെൻറ് ആവശ്യമായ സഹായം നല്കുന്നില്ല.

5. ഭവന നിർമ്മാണത്തിൽ ധൂർത്തും പാഴ്ചെലവുകളും സംഭവിക്കുന്നു.

6. അന്യസ്ഥലങ്ങളിൽനിന്ന് പഞ്ചായത്തിൽ ജോലി ചെയ്യുവാൻ എത്തുന്നവർക്ക് ചുരുങ്ങിയ വാടകയ്ക്ക് താമസ സൗകര്യങ്ങൾ ലഭ്യമല്ല.

7.ഭൂമിയുടെയും ഭവനനിർമ്മാണ സാമഗ്രി കളുടെയും വിലകൾ ഭവനരഹിതരായ സാധാരണക്കാർക്ക് താങ്ങാനാവുന്നില്ല.

8. കക്കൂസ്, കിണർ എന്നിവയുടെ നിർമ്മാണത്തിലും സംരക്ഷണത്തിലും പലരും വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല.

9. ഭവന നിർമ്മാണ വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നതിൽ പലരും ശ്രദ്ധിക്കുന്നില്ല.

**സാദ്ധ്യതകൾ**

1. ചെലവുകുറഞ്ഞ പാർപ്പിട നിർമ്മാണ രീതികൾ സംബന്ധിച്ച് ആവശ്യമായ ബോധവല്ക്കരണം നടത്തണം. പരമ്പരാഗത നിർമ്മാണ തൊഴിലാളികൾക്ക് ഈ രീതിയെപ്പറ്റി വിദഗ്ധൻമാരുടെ സേവന മുപയോഗിച്ച് പരിശീലന ക്ലാസ്സുകൾ നല്കണം.

2. ചുരുങ്ങിയ പലിശയ്ക്ക് സാധാരണ ക്കാർക്കും ഇടത്തരക്കാർക്കും ഭവന നിർമ്മാണ വായ്പ നല്കാൻ ബാങ്കുകൾക്കും സൊസൈറ്റികൾക്കും ഗവൺമെൻറ് ധനസഹായം നല്കണം.

3. പഞ്ചായത്തിൽ ഒരു ഹൗസിങ് സൊസൈറ്റി രൂപീകരിക്കണം.

4. പഞ്ചായത്തിനകത്ത് തന്നെ ഭവന നിർമ്മാണ സാമഗ്രികളുടെ ഉല്പാദന സാദ്ധ്യതയെപ്പറ്റി പഠനം നടത്താവുന്നതാണ്.

5. കക്കൂസ്, കിണർ എന്നിവയുടെ നിർമ്മാണത്തിലും സംരക്ഷണത്തിലും വീട്ടുവളപ്പുകളിലെ മലിനജലം ഒഴുക്കിവിടുന്ന കാര്യത്തിലും ബോധവല്ക്കരണ പ്രവർത്തനങ്ങൾ നടത്തണം.

6. ഭവനനിർമ്മാണ വായ്പ കൃത്യമായി തിരിച്ചടപ്പിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കണം.

7. ലക്ഷംവീട് കോളനികളിലും മറ്റുമുള്ള അസൗകര്യങ്ങളും പ്രശ്നങ്ങളും പരിഹരിക്കണം.

8. ലക്ഷംവീടുകോളനികളിലെ വീടുകൾ ഓരോ കുടുംബത്തിന് മാത്രമായി പുനർനിർമ്മിക്കണം.





# സാമൂഹ്യക്ഷേമം

സമൂഹത്തിലെ അവശരും നിരാലംബരുമായ പാവങ്ങളെ സഹായിക്കാനും അവരുടെ ക്ഷേമപ്രവർത്തനങ്ങളിൽ ഇടപെടാനും ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ സമൂർത്തമായ പദ്ധതികളൊന്നും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. 1954-ൽ വികസന ബ്ലോക്കുകൾ നിലവിൽ വന്നതോടെയാണ് ഈ രംഗത്ത് ചില ചലനങ്ങൾ ഉണ്ടായത്. 1957-59 കാലത്ത് കേരളം ഭരിച്ച ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ സാമൂഹ്യക്ഷേമത്തെ ലക്ഷ്യമാക്കി നടപ്പാക്കിയ പരിപാടികൾ ജനങ്ങളെ ആകർഷിക്കുകയും ആവേശം കൊള്ളിക്കുകയും ചെയ്തു. ഗ്രാമവികസന വകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ് എന്നിവ മുഖേന ആരംഭിച്ച പദ്ധതികൾ ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തെ ലാക്കാക്കിയുള്ളതായിരുന്നു.

ക്ഷേമ പ്രവർത്തനങ്ങൾക്കായി ചെറുകുന്ന്-കണ്ണപുരം പഞ്ചായത്തുകൾക്ക് പൊതുവിൽ ഒരു എക്സ്റ്റൻഷൻ ഓഫീസാണ് ഇപ്പോൾ നിലവിലുള്ളത്. ഒരു എക്സ്റ്റൻഷൻ ഓഫീസറും.

വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, മത്സ്യ തൊഴിലാളി പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മാ വേതനം എന്നിവ ലഭിക്കുന്നവർ ഈ പഞ്ചായത്തിലുണ്ട്. 1996-ൽ 122 പേർക്ക് വിധവാ പെൻഷനും 27 പേർക്ക്

വികലാംഗ പെൻഷനും നല്കി. ദേശീയ പ്രസവാനുകൂല്യ പദ്ധതിയനുസരിച്ച് 5 പേർക്ക് 300 രൂപാ വീതം ചികിത്സാ സഹായവും ലഭ്യമാക്കിയിട്ടുണ്ട്.

കൃഷി വികസന പ്രവർത്തനങ്ങളുടെ ഭാഗമായി കർഷകർക്ക് പമ്പ് സെറ്റുകൾ നല്കുന്നതിൽ സബ്സിഡി നല്കിയിട്ടുണ്ട്. ഈ ഇനത്തിൽ 1995-97 കാലത്തേക്ക് അനുവദിച്ച തുകയിൽ 9653 രൂപയാണ് ഇതുവരെയായി കൊടുത്തത്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ഉയർച്ചയെ ലക്ഷ്യമാക്കി ചില പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അവയിൽ ട്രൈസം പദ്ധതി ഉൾപ്പെടുന്നു. എന്നാൽ അത്തരം തൊഴിൽ പരിശീലന പദ്ധതികൾ ഉപയോഗപ്പെടുത്തി തൊഴിൽ ചെയ്യാൻ പലരും താല്പര്യം കാണിക്കുന്നില്ല.

ചെത്ത്, തയ്യൽ, നിർമ്മാണം, കരിങ്കല്ല്, കാർഷികതൊഴിൽ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവർ ക്ഷേമനിധികളിൽ അംഗങ്ങളായിട്ടുണ്ട്. എന്നാൽ ഈ രംഗങ്ങളിലുള്ളവരെല്ലാം പ്രസ്തുത ക്ഷേമനിധികളിൽ അംഗങ്ങളായിട്ടില്ല.

ഈ പഞ്ചായത്തിൽ സോഷ്യോ ഇക്കണോമിക്ക് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സമ്പൂർണ്ണ ശുചിത്വ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കക്കൂസുകളില്ലാത്ത എല്ലാ വീടുകളിലും കക്കൂസ് നിർമ്മിച്ചു കൊടുത്തത് ഇതിന്റെ ഭാഗമായാണ്. എങ്കിലും കക്കൂസുകളില്ലാത്ത ഏതാനും പാർപ്പിടങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 9 അംഗൻവാടികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. എല്ലാ അംഗൻവാടികളും പ്രവർത്തിക്കുന്നത് സ്വന്തം കെട്ടിടത്തിലാണ്. പക്ഷേ അവയിലെല്ലാം കുട്ടികൾക്കാവശ്യമായ സൗകര്യങ്ങളില്ല. കളിക്കോപ്പുകൾ, ഇരിപ്പിടങ്ങൾ, പാചക സാമഗ്രികൾ എന്നിവയുടെ ദൗർലഭ്യവും ഇല്ലായ്മയും ചില അംഗൻ വാടികളെ ഇപ്പോഴും വിഷമിപ്പിക്കുന്നു. അംഗൻവാടികളോടനുബന്ധിച്ച് വെൽഫേയർ കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ കുറേക്കൂടി ഫലപ്രദമാക്കേണ്ടിയിരിക്കുന്നു. മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങളും കാര്യക്ഷമമല്ല. അമ്മമാർക്കുള്ള ബോധവല്ക്കരണ ക്ലാസുകളും ആരോഗ്യപരിപാലന പരിപാടികളും അംഗൻവാടികളിൽ വെച്ച് സംഘടിപ്പിക്കാറുണ്ട്.

അംഗൻവാടികൾ കേന്ദ്രമാക്കി പഞ്ചായത്തിൽ ശിശുക്ഷേമ പ്രവർത്തനങ്ങളും മഹിളാക്ഷേമപ്രവർത്തനങ്ങളും സംഘടിപ്പിക്കാവുന്നതാണ്. ഗ്രാമവികസനത്തിനായി മഹിളാസമാജങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്.

## ഐ.ആർ.ഡി.പി സർവ്വേപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ എസ്.സി എസ്ടി. കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ എസ്സി എസ്.ടി | സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| I | 109 | | 4 | 1 | 2 |
| II | 86 | 3 | 16 | 5 | 12 |
| III | 66 | | 7 | 2 | 4 |
| IV | 60 | | 2 | - | 1 |
| V | 55 | 1 | 6 | 3 | 4 |
| VI | 44 | | 7 | 1 | 5 |
| VII | 53 | | 9 | 4 | 7 |
| VIII | 66 | 6 | 13 | 8 | 10 |
| X | 99 | 4 | 16 | 6 | 13 |

## ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലനം- വിഷയത്തിന്റെപേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ |
|---|---|---|---|---|
| 1 | 2 | 3 | 5 | 4 |
| I | ഇലക്ട്രീഷ്യൻ<br>ഓട്ടോമൊബൈൽ | 1<br>2 | 1<br>2 | |
| II | ടൈലറിങ് | 2 | | 2 |
| IV | ടൈലറിങ് | 1 | | 1 |
| VII | ടൈലറിങ്<br>ഓട്ടോമൊബൈൽ | 1<br>1 | 1 | <br>1 |
| IX | ടൈലറിങ് | 4 | | 4 |

## ഡി.ഡബ്ല്യൂ.സി.ആർ.എ പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| വാർഡ് | തൊഴിൽസംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| I | റെഡിമെയ്ഡ് ഗാർമെൻറ്സ് | 1992-93 | ആരംഭിച്ചപ്പോൾ 10 96 ൽ ജോലി ചെയ്യുന്നവർ 5 | ഭാഗികം |
| VIII | കയർ യൂനിറ്റ് | 1995-96 | 10 | വിജയകരം |

അവലംബം ദ്വിതീയ വിവരശേഖരണം

**പ്രശ്നങ്ങൾ**

1. ഐ.ആർ.ഡി.പി പദ്ധതി പ്രകാരം ധന സഹായം ലഭിക്കാൻ അർഹരായ ഗുണ ഭോക്താക്കൾ മുന്നോട്ട് വരുന്നില്ല.
2. വിവിധ പദ്ധതികളനുസരിച്ച് ധന സഹായം വാങ്ങുന്നവർ നിശ്ചയിക്കപ്പെട്ട പ്രവർത്തനങ്ങൾക്കായി തുക ഉപയോഗി ക്കുന്നില്ല.
3. കക്കൂസ് നിർമ്മാണത്തിനായി അനുവദി ക്കപ്പെട്ട വായ്പ അപര്യാപ്തമാണ്.
4. ട്രൈസം പദ്ധതി പ്രകാരം തൊഴിൽ പരിശീലനം നേടിക്കഴിഞ്ഞാൽ തൊഴിൽ ചെയ്യാൻ പലരും താല്പര്യം കാണിക്കുന്നില്ല.
5. വിവിധ ക്ഷേമപദ്ധതികളെപ്പറ്റി ആളികൾ ബോധവാന്മാരല്ല.
6. അംഗൻവാടികളിൽ ആവശ്യമായ സൗകര്യങ്ങളില്ല.
7. അംഗൻവാടി ജീവനക്കാരുടെ സേവന - വേതനവ്യവസ്ഥകൾ തൃപ്തികരമല്ല.
8. വിവിധ പെൻഷനുകൾ യഥാസമയം ലഭിക്കുന്നില്ല.
9. ഐ.ആർ.ഡി.പി. സർവ്വേ കാര്യക്ഷമ മായും അന്യൂനമായും നടക്കുന്നില്ല.
10. അംഗൻവാടികളുടെ വെൽഫെയർ കമ്മിറ്റികൾ, മഹിളാസമാജങ്ങൾ എന്നിവ യുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല.
11. പഞ്ചായത്ത് തലത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസില്ല.

**സാധ്യതകൾ**

1. ഐ.ആർ.ഡി.പി. സർവ്വേ കാര്യക്ഷമ മായി നടത്തി ഗുണഭോക്താക്കൾക്ക് ആവശ്യമായ സഹായ പദ്ധതികൾ നടപ്പാക്കണം.
2. തൊഴിൽ പരിശീലന സൗകര്യങ്ങൾ വിപുലമാക്കണം.
3. വിവിധ ആവശ്യങ്ങൾക്കായി നല്കുന്ന വായ്പാതുക കാലോചിതമായി വർദ്ധി പ്പിക്കണം.
4. ക്ഷേമപദ്ധതികൾ സംബന്ധിച്ച് ആവശ്യ മായ ബോധവല്ക്കരണം നടത്തണം.
5. അംഗൻവാടികളിൽ ആവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തണം.
6. വിവിധ പെൻഷനുകൾ യഥാസമയം ലഭ്യമാക്കണം.
7. അംഗൻവാടി ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ മെച്ചപ്പെടു ത്താൻ സമ്മർദ്ദം ചെലുത്തണം.
8. അംഗൻവാടികളുടെ വെൽഫെയർ കമ്മി റ്റികൾ, മഹിളാസമാജങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം.
9. പഞ്ചായത്ത് തലത്തിൽ വിവിധ സ്കീമു കളുടെ കാരക്ഷമമായ നടത്തിപ്പിനു ജനകീയ സംവിധാനം ഏർപ്പെടുത്തണം.
10. പഞ്ചായത്തിനു മാത്രമായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് ഏർപ്പെടുത്തണം.

**ഗ്രാമീണ കൈത്തൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നല്കുന്ന പരിപാടി**

| വാർഡ് നമ്പർ 1 | ഐ.ആർ.ഡി.പി സർവ്വേ പ്രകാരം ഗ്രാമീണകൈത്തൊഴി ലുകാരുടെ എണ്ണം 2 | സഹായം ലഭിച്ചവരുടെ എണ്ണം 3 | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം 4 | കുറിപ്പ് 5 |
|---|---|---|---|---|
| 1 | 2 | | 2 | |
| 2 | 2 | | 2 | |
| 3 | | 3 | | ബ്ലാക്ക് സ്മിത്ത് 3 |
| 4 | 4 | 2 | | കാർപെൻററി 2 |
| 5 | ഇല്ല | 1 | | കൽപ്പണി 1 |
| 6 | 5 | | 5 | |
| 7 | | | | |
| 8 | 5 | 1 | 4 | കൽപണി 1 |
| 9 | | 4 | | കാർപെൻററി 2<br>കോൺക്രീറ്റ് 1<br>കൽപണി 1 |

അവലംബം ദ്വിതീയ വിവരശേഖരണം



# സംസ്കാരം

സ്വാതന്ത്ര്യസമര പ്രസ്ഥാനം, കർഷക പ്രസ്ഥാനം, കമ്യൂ.പ്രസ്ഥാനം എന്നിവ സജീവമായ കാലഘട്ടത്തിലാണ് ചെറുകുന്നിന്റെ സാംസ്കാരികരംഗം ഉണരുന്നത്. കർഷകരുടെയും തൊഴിലാളികളുടെയും അധസ്ഥിത വർഗ്ഗക്കാരുടെയും അവകാശസംരക്ഷണങ്ങൾക്ക് വേണ്ടിയുള്ള ജനകീയ പോരാട്ടങ്ങളോടൊപ്പം സമൂഹത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക മണ്ഡലങ്ങളിലെ പുരോഗതിക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളും അനിവാര്യമായി. അങ്ങനെയാണ് ചെറുകുന്നിലെ കലാസാംസ്കാരിക മണ്ഡലങ്ങൾ ചലനാത്മകമാകുന്നത്.

1930-കളിൽ സ്വാതന്ത്ര്യ സമര പ്രസ്ഥാനവും കർഷക പ്രസ്ഥാനവും ഊർജ്ജസ്വലമായതോടെയാണ് കതിരുവെക്കുംതറക്ക് ഇന്നത്തെ വില്ലേജ് ആഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിനടുത്തായി ചെറുകുന്നിലെ ആദ്യത്തെ വായനശാല രൂപം കൊണ്ടത്. "വിദ്യാഭിവർദ്ധിനി വായനശാല" എന്ന പേരിലാണ് ഈ സ്ഥാപനം അറിയപ്പെട്ടത്. ഒരു സംഘം സാമൂഹ്യദ്രോഹികൾ ഈ വായനശാല നശിപ്പിച്ചുവെന്ന കാര്യം ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്.

1944-ൽ ഒതയമ്മാടത്ത് ചാത്തുക്കുട്ടി എഴുത്തച്ഛൻ സ്മാരക വായനശാല നാട്ടുകാരുടെ സഹകരണത്തോടെ സ്ഥാപിതമായി. പ്രവർത്തകരിൽ ഒരു വിഭാഗത്തിന്റെ നിസ്സഹകരണം മൂലമായിരിക്കണം ഈ വായനശാല പ്രവർത്തനം പിന്നീട് നിലച്ചു പോയത്.

ജനങ്ങളുടെ വിദ്യാഭ്യാസ സാംസ്കാരിക മുന്നേറ്റത്തെ ലക്ഷ്യം വെച്ചു ദേശീയ പ്രസ്ഥാനവും കർഷകപ്രസ്ഥാനവും കമ്യൂണിസ്റ്റ് പ്രസ്ഥാനവും ഇക്കാലഘട്ടത്തിൽ നടത്തിയ പ്രവർത്തനങ്ങളെ നമുക്ക് ഇവിടെ വിസ്മരിക്കാനാവില്ല. ജാതിയുടെ പേരിൽ ക്ഷേത്രപ്രവേശനം നിഷേധിക്കപ്പെട്ടിരുന്നവർക്ക് ആ സ്വാതന്ത്ര്യം ലഭിക്കുവാൻ വീറോടെ പൊരുതിയ പുരോഗമന വാദികൾ ചെറുകുന്നിൻെറ സാംസ്കാരിക ചരിത്രത്തിൽ പ്രത്യേകം ശ്രദ്ധാർഹരാണ്. ജാതിചിന്തകൾക്കെതിരായ പോരാട്ടത്തിൻെറ ഭാഗമായി 1942-ൽ ലേബർ സ്കൂളിൽ (ഇന്നത്തെ ഗവ. വെൽഫെയർ ഹൈസ്കൂളിൻെറ പഴയ പേര്) സംഘടിപ്പിക്കപ്പെട്ട മിശ്രഭോജന പരിപാടി ഇതോടൊപ്പം സ്മരണീയമാണ്.

സാധാരണ-കർഷകരും തൊഴിലാളികളും അനുഭവിച്ചിരുന്ന പ്രധാന പ്രയാസങ്ങളെ പ്രമേയങ്ങളാക്കി കൊണ്ട് നാടകങ്ങളും മറ്റു കലാരൂപങ്ങളും കേരളത്തിൻെറ പല ഭാഗങ്ങളിലും ആ കാലഘട്ടത്തിൽ അവതരിപ്പിക്കപ്പെടുകയുണ്ടായല്ലോ. അക്കൂട്ടത്തിൽ ശ്രീ. കെ. ദാമോദരൻ രചിച്ച 'പാട്ടബാക്കി' എന്ന നാടകം ചെറുകുന്ന് പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും അരങ്ങേറുകയുണ്ടായി.

അക്കാലത്ത് കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരിൽ ചിലർ ശ്രദ്ധേയരാണ്. ശ്രീ. സി.കെ പണിക്കർ ഇക്കൂട്ടത്തിൽപെടുന്നു. നാടകാഭിനയം, തെയ്യം, സംഗീതം എന്നിവയിലുള്ള ശ്രീ. പണിക്കരുടെ പ്രാഗത്ഭ്യം എടുത്തു പറയത്തക്കതാണ്. ശ്രീ. പണിക്കരുടെ മകനായ ശ്രീ.സി. രാമചന്ദ്രൻ പുതിയ തലമുറയിലെ പ്രസിദ്ധനായ സിനിമാ പിന്നണി ഗായകനാണ്.

നിരവധി പുരസ്കാരങ്ങൾ ഏറ്റുവാങ്ങിയ എഴുത്തുകാരനും കവിയുമായ ശ്രീ. ഏ.വി. ചന്ദ്രൻ മാസ്റ്റർ സാംസ്കാരിക രംഗത്ത് ചെറുകുന്നിൻെറ സംഭാവനയാണ്. കലാ സാംസ്കാരിക സംഘടനകളിൽ ചെറുകുന്ന്- കണ്ണപുരം പുരോഗമന കലാസമിതിയുടെ പങ്ക് പ്രത്യേകം ചൂണ്ടി കാണിക്കേണ്ടതുണ്ട്. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ രൂപം കൊണ്ട പുരോഗമന -കലാസമിതി സാമൂഹ്യപുരോഗതിക്കായി കലയെയും, സാഹിത്യത്തെയും ഉപയോഗിക്കണമെന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചു വരുന്നു. സമിതി അവതരിപ്പിച്ച ചില നാടകങ്ങളുടെ രചയിതാവ് പ്രശസ്ത സംസ്കൃത പണ്ഡിതനും അദ്ധ്യാപക ശ്രേഷ്ഠനുമായ യശഃശ്ശരീരനായ ശ്രീ. ഒ.കെ മുൻഷിയാണ്. ശ്രീ. എം. പി. നാരായണൻ നമ്പ്യാരുടെ നേതൃത്വത്തിൽ 1950-കളിൽ ചെറുകുന്നിൽ വച്ച് സംഘടിപ്പിക്കപ്പെട്ട മാടായി ഫർക്കാ കലോൽസവവും ഇവിടെ എടുത്തു പറയാവുന്നതാണ്.

ചെറുകുന്ന്-കണ്ണപുരം പ്രസന്ന കലാസമിതിയുടെ പ്രവർത്തനങ്ങളും വിസ്മരിക്കാനാവില്ല. നൃത്തം, സംഗീതം എന്നിവയിൽ തല്പരരായ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുവാൻ ഈ സ്ഥാപനത്തിൽ ആവശ്യമായ ഏർപ്പാടുകൾ ഉണ്ട്.

പ്രൊഫഷണൽ നാടകരംഗത്തെ പ്രശസ്ത നടനും കേരള സംഗീത നാടക അക്കാദമിയുടെ 1987-ലെ അവാർഡ് ജേതാവുമായ ശ്രീ. വാസൂട്ടി കലാകേരളത്തിനുള്ള ചെറുകുന്നിൻെറ സംഭാവനയാണ്.

നാടോടി കലകളിലും നാട്ടറിവുകളിലും ചെറുകുന്നിനുള്ള പ്രാധാന്യം

അവഗണിക്കാനാവില്ല. തെയ്യങ്ങളും തിറകളും ഈ പഞ്ചായത്തിലെ നാടൻകലകളിൽ മുഖ്യമാണ്. വയൽത്തിറകൾ, കോതാമൂരി, വേടൻ എന്നിവയും ഇവിടെ നിലനില്ക്കുന്നു. ഹരിജനങ്ങൾ അവതരിപ്പിക്കുന്ന നാടോടി നാടകമായ ചിമ്മാനക്കളിയും ശ്രദ്ധാർഹമായ ഒരു കലാരൂപമാണ്. ഈ രംഗത്ത് കട്ടക്കുളത്തുള്ള ശ്രീ പുതുക്കേൻ അനന്തൻെറ പ്രാഗത്ഭ്യവും പരിചയവും പ്രശംസനീയമാണ്.

വിവിധ മത വിഭാഗങ്ങളിൽപെട്ടവരുടെ ആരാധനാലയങ്ങൾ ചെറുകുന്നിലുണ്ട്. ഭൂരിഭാഗവും ഹിന്ദുക്കളാണ്. മുസ്ലീങ്ങളും ക്രിസ്ത്യാനികളും ന്യൂനപക്ഷവും. വ്യത്യസ്ത മതങ്ങളിൽപെട്ടവരാണെങ്കിലും സൗഹാർദ്ദത്തോടെയും പരസ്പര ബഹുമാനത്തോടെയും ജീവിക്കുവാൻ പഠിച്ചവരാണ് ചെറുകുന്നിലെ ജനങ്ങൾ.

ഹൈന്ദവ ക്ഷേത്രങ്ങളിൽ മുഖ്യമായത് ചെറുകുന്ന് അന്നപൂർണ്ണേശ്വരി ക്ഷേത്രമാണ്. ഭൂമിശാസ്ത്രപരമായി ഈ ക്ഷേത്രം ചെറുകുന്ന്, കണ്ണപുരം എന്നീ രണ്ടു പഞ്ചായത്തുകളിലായാണ് സ്ഥിതി ചെയ്യുന്നത്. ക്ഷേത്രത്തിലെ പ്രധാന ആരാധനാമൂർത്തിയായ അന്നപൂർണ്ണേശ്വരിയെപറ്റി പല ഐതിഹ്യകഥകളും പ്രചാരത്തിലുണ്ട്.

കാശിപുരാധികേശിയായ അന്നപൂർണ്ണേശ്വരി കാശിയിൽനിന്ന് കപ്പൽ വഴി ചെറുകുന്നിലെത്തി എന്നാണ് ഐതിഹ്യം. മുസ്ലീമായ കപ്പിത്താൻ രാജാവിൻെറ അനുവാദത്തോടെ പള്ളിച്ചാലിൽ പള്ളി പണിതു എന്നും പറയപ്പെടുന്നു. അന്നപൂർണ്ണേശ്വരി ക്ഷേത്രവും ചെറുകുന്ന് ഒളിയങ്കര പള്ളിയും മതസൗഹാർദ്ദത്തിൻെറ അത്യുന്നത മാതൃക പുലർത്തിയിരുന്നതായി ക്ഷേത്രത്തിലെയും പള്ളിയിലെയും രേഖകൾ വ്യക്തമാക്കുന്നു. പള്ളിയിലേക്ക് ആവശ്യമായ ചെമ്പ്, വട്ടളം, തുടങ്ങിയ പാത്രങ്ങൾ നല്കി വന്നത് അന്നപൂർണ്ണേശ്വരി ക്ഷേത്രമായിരുന്നു. ക്ഷേത്രത്തിൽ ഉൽസവം നടക്കുമ്പോൾ വെളിച്ചെണ്ണ വഴിപാടായി നല്കി വന്നത് പള്ളിയുടെ ചുമതലക്കാരും.

ഉൽസവകാലത്ത് അന്നപൂർണ്ണേശ്വരീ വിഗ്രഹം ആനപ്പുറത്ത് എഴുന്നള്ളിക്കുമ്പോൾ ഉപയോഗിക്കുന്ന തലയിണയുടെ നിർമ്മാണാവകാശം ഒരു മുസ്ലീം കുടുംബത്തിനാണെന്നുള്ളതും പ്രത്യേകം ശ്രദ്ധേയമാണ്.

അന്നപൂർണ്ണേശ്വരീ ക്ഷേത്രോത്സവകാലത്ത് തയ്യാറാക്കപ്പെടുന്ന വിശാലമായ വട്ടപ്പന്തൽ ആരെയും ആകർഷിക്കുന്നതാണ്. നൂറ്റിപ്പതിനൊന്ന് തേക്കിൻകാലുകൾ ഉപയോഗിച്ചാണ് വട്ടപ്പന്തൽ നിർമ്മിക്കാറുള്ളത്. ചെറുകുന്ന്, കണ്ണപുരം പഞ്ചായത്തുകളിലും പരിസര പ്രദേശങ്ങളിലും താമസിക്കുന്നവർ അന്നപൂർണ്ണേശ്വരീക്ഷേത്രത്തിലെ വിഷു ഉത്സവകാലത്ത് എത്തിച്ചേരുന്നതുമായി ബന്ധപ്പെട്ട് 'വട്ടപ്പന്തലിൽ കാണാം' എന്ന ശൈലി ഉപയോഗിക്കാറുണ്ട്. ക്ഷേത്രോത്സവങ്ങളുമായി ബന്ധപ്പെട്ട് കൊണ്ട് കേരളത്തിൽ മറ്റൊരു സ്ഥലത്തും ഇത്രയും വിശാലമായ വട്ടപ്പന്തൽ നിർമ്മിക്കപ്പെടാറുള്ളതായി അറിയില്ല.

ഇവിടുത്തെ ഹൈന്ദവ ക്ഷേത്രങ്ങളിൽ കെട്ടിയാടിക്കപ്പെടാറുള്ള തെയ്യക്കോലങ്ങൾ പ്രശസ്തങ്ങളാണ്. തറവാട്ട്ക്ഷേത്രങ്ങളും ചെറുകുന്നിലുണ്ട്. നാട്ടുകാരുടെ കമ്മിറ്റികൾ നിയന്ത്രിക്കുന്ന ക്ഷേത്രങ്ങളും ഇവിടെ കുറവല്ല.

മുസ്ലീങ്ങളുടെ പ്രധാന ആരാധനാലയം പള്ളിച്ചാലിലുള്ള ചെറുകുന്ന് ഒളിയങ്കര പള്ളിയാണ്. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി ചെറിയചെറിയ പള്ളികളും മതപഠന കേന്ദ്രങ്ങളും ഉണ്ട്. ഒളിയങ്കര പള്ളിയോടനുബന്ധിച്ച് അദ്ധ്യാപകരെ പരിശീലിപ്പിക്കുന്ന സ്ഥാപനവും പ്രവർത്തിക്കുന്നു.

താവത്താണ് ക്രൈസ്തവരുടെ പ്രധാന ദേവാലയം സ്ഥിതി ചെയ്യുന്നത്. പഞ്ചായത്തിലെ മറ്റു ചില പ്രദേശങ്ങളിലും ക്രിസ്ത്യാനികളുടെ ആരാധനാലയങ്ങൾ ഉണ്ട്. കവിണിശ്ശേരിയിൽ കോൺവെന്റ് റോഡിനടുത്തായി 'കനോഷ്യൻ കോൺവെന്റ്' എന്ന സ്ഥാപനവും പ്രവർത്തിക്കുന്നു.

മതപരമായും ജാതി സംബന്ധമായുമുള്ള പല പ്രാചീനാചാരങ്ങളും അനുഷ്ഠാനങ്ങളും ഇപ്പോൾ അപ്രത്യക്ഷമായി കൊണ്ടിരിക്കുന്നു. കാർഷികോത്സവുമായി ബന്ധപ്പെട്ട് ഹിന്ദുക്കൾ ആഘോഷിക്കാറുള്ള നിറ, പുത്തരി എന്നിവ അടുത്ത കാലത്തായി ചുരുക്കം ചില വീടുകളിലേ നടത്തപ്പെടാറുള്ളൂ.

ഗന്ധർവൻ പാട്ട്, മലയൻകെട്ട്, കുറുന്തിനി, കണ്ണേറ് പാട്ട് തുടങ്ങിയവ മിക്കവാറും ഇല്ലാതായിരിക്കുന്നു. തെരണ്ടുകല്യാണം, വണ്ണാത്തിമാറ്റ്, മന്ത്രിച്ച് കെട്ടൽ, ജപിച്ചൂതൽ തുടങ്ങിയ ചടങ്ങുകൾ ഇല്ലാതായികൊണ്ടിരിക്കുന്നു. പൂരക്കളി, കോൽക്കളി തുടങ്ങിയ നാടൻ കലകൾ അഭ്യസിക്കുന്നവരുടെയും പഠിപ്പിക്കുന്നവരുടെയും എണ്ണം ഇപ്പോൾ കുറഞ്ഞു കൊണ്ടിരിക്കുകയാണ് എന്ന കാര്യവും പ്രസ്താവ്യമാണ്. പുല, വാലായ്മ തുടങ്ങിയവ ആചരിക്കുന്നത് ക്ഷേത്രങ്ങളും കാവുകളുമായി ബന്ധപ്പെട്ട വ്യക്തികളും കുടുംബങ്ങളുമാണ്. ബലി, ചാവ് തുടങ്ങിയവയുടെ അനുഷ്ഠാനം പൊതുവെ കുറവാണ്. അടുത്ത കാലത്തായി എല്ലാ മതവിഭാഗങ്ങളിലും പെട്ടവരിൽ ഒരു വലിയ വിഭാഗം കല്യാണത്തോടനുബന്ധിച്ച് ആഡംബരത്തിനും പൊങ്ങച്ചത്തിനും വേണ്ടി വലിയ ധൂർത്ത് നടത്തുന്നതായി കാണാം.

ഉപഭോഗസംസ്കാരം നമ്മുടെ കുടുംബങ്ങളിലും ജീവിത ശൈലികളിലും സാരമായ പരിവർത്തനം സൃഷ്ടിച്ചിരിക്കുന്നു. മനുഷ്യസ്നേഹത്തിനല്ല പണാധിപത്യത്തിനാണ് പലരും പ്രാമുഖ്യം കല്പിക്കുന്നത്. നമ്മുടെ ഇലക്ട്രോണിക് മാധ്യമങ്ങളുടെ സ്വാധീനവും വ്യാപനവും സാംസ്കാരിക വളർച്ചയ്ക്ക് വേഗത കൂട്ടുന്നു. മാനവികതയ്ക്കും മതേതരത്വത്തിനും പ്രാധാന്യം നല്കുന്ന സംസ്കാരം പ്രചരിപ്പിക്കുവാൻ പഞ്ചായത്തിലെ കലാസാംസ്കാരിക സംഘടനകൾ ശ്രദ്ധിക്കേണ്ടതാണ്.

കലാകായിക സാംസ്കാരിക മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന ഒട്ടേറെ സമിതികളും സംഘടനകളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവയിൽ ചിലത് ചില പ്രത്യേക അവസരങ്ങളിൽ മാത്രം സജീവമാണ്. വാർഷികാഘോഷങ്ങൾ കൃത്യമായി നടത്തുന്ന സ്ഥാപനങ്ങൾ കുറവാണ്. കലാസാംസ്കാരിക സ്ഥാപനങ്ങളിലെ സ്ത്രീപങ്കാളിത്തം തീരെ തൃപ്തികരമല്ല.

വായനശാലകൾ, ഗ്രന്ഥാലയങ്ങൾ, ആർട്ട്സ് ക്ലബ്ബുകൾ, സ്പോർട്ട്സ് ക്ലബ്ബുകൾ, കലാസമിതികൾ, മഹിളാസമാജങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ സജീവവും



IX
VIII
VII
I
II
III
IV
V
VI
③ ക്രിസ്ത്യൻ പള്ളി
⑤ സ്കൂൾ
⑥ ബാങ്ക്
⑨ മുസ്ലീം പള്ളി
⑩ ഫാക്ടറി

ഫലപ്രദവുമാക്കാൻ ബന്ധപ്പെട്ടവർ കുറെക്കൂടി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും പ്രവർത്തനങ്ങൾ സജീവവും ഫലപ്രദവുമല്ല.

2. വായനാശീലം കുറഞ്ഞുവരുന്നു. വായനയുടെ പ്രാധാന്യവും ആവശ്യകതയും ബോദ്ധ്യപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടക്കുന്നില്ല.

3. നാടൻകലകളും കായിക വിനോദങ്ങളും പ്രോത്സാഹിപ്പിക്കുന്നില്ല.

4. കലാകായിക-സാംസ്കാരിക പ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം കുറവാണ്.

5. നിർജ്ജീവവും ക്ഷയോന്മുഖവുമായ വായനശാലകളും ഗ്രന്ഥശാലകളും പുനരുദ്ധരിക്കുന്നതിലും സജീവമാക്കുന്നതിലും വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല.

6. ഇലക്ട്രോണിക് മാധ്യമങ്ങളുടെ ദുസ്വാധീനം കലാ-സാംസ്കാരിക പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നു.

7. വിവാഹങ്ങളിലും മറ്റു ആഘോഷാവസരങ്ങളിലും ആഡംബരത്തിനും പൊങ്ങച്ചപ്രകടനത്തിനുമായി പണം കൂടുതൽ ചെലവഴിക്കുന്നു.

## സാദ്ധ്യതകൾ

1. വായനശാലകളുടെയും ഗ്രന്ഥാലയങ്ങളുടെയും പ്രവർത്തനങ്ങൾ സജീവവും ഫലപ്രദവുമാക്കണം.

2. വായനാശീലം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ചർച്ചാക്ലാസുകളും സാഹിത്യസായാഹ്നങ്ങളും ഏർപ്പെടുത്തണം, കൈയെഴുത്തുമാസികകളുടെ പ്രസിദ്ധീകരണം പ്രോത്സാഹിപ്പിക്കണം.

3. നാടൻ കലകളും കായിക വിനോദങ്ങളും പ്രോത്സാഹിപ്പിക്കണം. പൂരക്കളി, കോൽക്കളി, ക്ഷേത്രകലകൾ എന്നിവയ്ക്കുള്ള പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

4. കലാ-കായിക-സാംസ്കാരിക പ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

5. പഞ്ചായത്തിൽ വള്ളംകളി നടക്കുന്ന പ്രദേശം വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കണം.

6. നിലവിലുള്ള മിനിസ്റ്റേഡിയം എല്ലാ കാലാവസ്ഥകളിലും ഉപയോഗിക്കാൻ പറ്റുന്ന നിലയിൽ മണ്ണിട്ടുയർത്തി മെച്ചപ്പെടുത്തണം.

7. പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലത്ത് ഒരു കമ്യൂണിറ്റി ഹാൾ നിർമ്മിക്കണം.

8. ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ ദുസ്വാധിനത്തിൽ നിന്ന് ജനങ്ങളെ മോചിപ്പിക്കാൻ ആവശ്യമായ ബോധവല്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

9. ഉപഭോഗസംസ്കാരത്തിന്റെ കടന്നാക്രമണത്തെ ചെറുക്കാൻ കലാ - സാംസ്കാരികസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശക്തമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കണം.

## ആരാധനാലയങ്ങൾ

1. ശ്രീ അന്നപൂർണ്ണേശ്വരി ക്ഷേത്രം
2. ഒളിയങ്കര ജുമാമസ്ജിദ്- പള്ളിച്ചാൽ
3. കളരി
4. നാലൊന്നിൽ പൊട്ടൻദൈവം ധർമ്മസ്ഥാനം
5. സോമേശ്വരി ക്ഷേത്രം - കവിണിശ്ശേരി
6. കൊവ്വപ്രത്ത് കാവ് - കവിണിശ്ശേരി
7. മുച്ചിലോട്ട് ഭഗവതി ക്ഷേത്രം - കവിണിശ്ശേരി
8. ഒതയമ്മാടം വേട്ടക്കൊരു മകൻ ക്ഷേത്രം

9. ശ്രീ വേങ്ങിൽ ചേരിക്കൽ കോട്ടം
10. ഗുരിക്കളോട്ട് ക്ഷേത്രം - കുന്നനങ്ങാട്
11. കൂരാങ്കുന്ന് ക്ഷേത്രം - പഴങ്ങോട്
12. ശ്രീ കൂർമ്പക്കാവ് - പഴങ്ങോട്
13. ശ്രീ. കുന്നിൻ മതിലകം ശിവക്ഷേത്രം
14. ചെറുകുന്ന് മഠം ശ്രീ സുബ്രഹ്മണ്യ സ്വാമിക്ഷേത്രം
15. കാഞ്ഞിരത്തിൻ കീഴിൽ ഭഗവതി ക്ഷേത്രം
16. സെൻറ് ജോസഫ് പള്ളി - കട്ടക്കുളം
17. ചാമുണ്ഡി ക്ഷേത്രം - മുട്ടിൽ
18. മുസ്ലീം ജുമാമസ്ജിദ് പള്ളി - മുട്ടിൽ
19. ജുമാമസ്ജിദ് - പള്ളിക്കര
20. പുതുവക്കൽ പൊട്ടൻ ധർമ്മസ്ഥാനം - പുതുവക്കൽ
21. താവം ഫാത്തിമ മാതാ ദേവാലയം
22. ശ്രീ കൂർമ്പക്കാവ് - താവം
23. ശ്രീ.വേട്ടക്കൊരു മകൻ ക്ഷേത്രം - താവം
24. കളത്തിൽ കോട്ടം- താവം

ഇവ കൂടാതെ വീടുകളോടനുബന്ധിച്ച് കുടുംബക്ഷേത്രങ്ങളുണ്ട് അവയിൽ കളിയാട്ടങ്ങളും, ഉത്സവങ്ങളും നടത്താറുണ്ട്.

## കലാസമിതി / വായനശാല - ഗ്രന്ഥാലയം

### വാർഡ് 1

1. ഭഗത്സിംഗ് സ്പോർട്ട്സ് ആൻറ് ആർട്ട്സ് ക്ലബ്
2. പബ്ലിക് ലൈബ്രറി - താവം (സ്വന്തം കെട്ടിടം)
3. തനത് കലാകായിക വേദി
4. ജ്വാലാ തിയറ്റേർസ്

### വാർഡ് 2

1. റെയിൻബോ ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്
2. ഗ്രാമീണ വായനശാല
3. ഷൈനിംങ്ങ് സ്റ്റാർ ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ്

### വാർഡ് 3

1. സാമൂഹ്യ വിനോദ കേന്ദ്രം - കുന്നനങ്ങാട് (സ്വന്തം കെട്ടിടം)
2. എ.കെ.ജി. വായനശാല - പഴങ്ങോട് (സ്വന്തം കെട്ടിടം)
3. ന്യൂ സ്റ്റാർ ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് - കുന്നനങ്ങാട്
4. സഹൃദയ - കുന്നനങ്ങാട്

### വാർഡ് 4

1. യുവജന വായനശാല ആൻറ് ഗ്രന്ഥാലയം ഒതയമ്മാടം - (സ്വന്തം കെട്ടിടം)
2. വിന്നേഴ്സ് ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്
3. ശക്തി ആർട്ട്സ് - പാടിയിൽ
4. വിജ്ഞാന വേദി വായനശാല - പാടിയിൽ (സ്വന്തം കെട്ടിടം)
5. ജനകീയ വായനശാല ആൻറ് ഗ്രന്ഥാലയം - കവിണിശ്ശേരി (സ്വന്തം കെട്ടിടം)
6. ജനകീയ കലാസമിതി - കവിണിശ്ശേരി
7. ഭാരത് ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് - കവിണിശ്ശേരി

### വാർഡ് 5

1. കോസ്മോസ് ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് - പിടങ്ങിൽ
2. ജനശക്തി വായനശാല - കവിണിശ്ശേരി വയൽ (സ്വന്തം കെട്ടിടം)

### വാർഡ് 6

1. ചെറുകുന്ന് കണ്ണപുരം പുരോഗമന കലാസമിതി
2. ചെറുകുന്ന് കണ്ണപുരം പബ്ലിക് ലൈബ്രറി - (സ്വന്തം കെട്ടിടം)
3. ദീപ്തി ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ് (സ്വന്തം കെട്ടിടം)
4. ഭാവനാ തിയറ്റേർസ് - എടത്തട്ട
5. സൗഹൃദ - പള്ളിച്ചാൽ
6. യങ്ങ്-ബ്രദേർസ് സ്പോർട്ട്സ് ക്ലബ് - പള്ളിച്ചാൽ

7. ആസ്തികാലയം - ചെറുകുന്ന്
8. കുഞ്ഞിമൊയ്തീൻ മാസ്റ്റർ സ്മാരക വായനശാല - പള്ളിച്ചാൽ (സ്വന്തം കെട്ടിടം)
9. മുസ്ലീം യുവജന സംഘം - പള്ളിച്ചാൽ (സ്വന്തം കെട്ടിടം)
10. യുവധാര - കൊവ്വപ്പുറം
11. നാഷനൽ സ്പോർട്ട്സ് ക്ലാബ് ആൻറ് ഗ്രന്ഥാലയം - കൊവ്വപ്പുറം (സ്വന്തം കെട്ടിടം)

**വാർഡ് 8**

1. നാഷണൽ ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് - കട്ടക്കുളം.
2. സാമൂഹ്യവിനോദകേന്ദ്രം - മുണ്ടപ്പുറം (സ്വന്തം കെട്ടിടം)
3. ഉദയാ സ്പോർട്ട്സ് ക്ലബ് - മുണ്ടപ്പുറം
4. ഫണ്ണീസ് ഗ്രൂപ്പ് - പൂകാവ്
5. ബ്രദേർസ് സ്പോർട്ട്സ് ക്ലബ് - പൂകാവ്
6. രാജീവ്ജി വായനശാല - പൂകാവ്

**വാർഡ് 9**

1. യുവധാര വായനശാല - മുട്ടിൽ (സ്വന്തം കെട്ടിടം)
2. ഡ്രാഗൺ - പള്ളിക്കര
3. ഫാൽക്കൺ - പള്ളിക്കര
4. സഫ്ദർ ഹാശ്മി സ്മാരക കലാസമിതി - പള്ളിക്കര
5. യുവശക്തി - മുട്ടിൽ

**അംഗീകൃത ഗ്രന്ഥാലയങ്ങൾ**

1. താവം പബ്ലിക് വായനശാല ആൻറ് ഗ്രന്ഥാലയം
സ്ഥാപനം - 1975
പുസ്തകങ്ങൾ - 3013

2. നേഷണൽ സ്പോർട്ട്സ് ക്ലബ്, കൊവ്വപ്പുറം
സ്ഥാപനം -1964
പുസ്തകങ്ങൾ 3418
27438

3. ജനകീയ വായനശാല ആൻറ് ഗ്രന്ഥാലയം കവിണിശ്ശേരി
സ്ഥാപക വർഷം - 1974
പുസ്തക എണ്ണം - 2004
പുസ്തക വില - 27705 35

**ലൈബ്രറികൾ, വായനശാലകൾ സംബന്ധിച്ച വിവരങ്ങൾ**

| ലൈബ്രറികൾ | | | വായനശാലകൾ | | |
|---|---|---|---|---|---|
| പഞ്ചായത്ത് വക | മറ്റുള്ളവ | ആകെ | പഞ്ചായത്ത് വക | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 |
| ഇല്ല | 3 | 3 | ഇല്ല | 16 | 16 |

ലൈബ്രറി, വായനശാല ആവശ്യത്തിലേക്ക് പഞ്ചായത്ത് ചെലവഴിച്ച തുക (1995-96) 30793
ആകെ ചെലവിൻെറ എത്ര ശതമാനം 3.8%





# വനിതാക്ഷേമം

ഒരു നാടിന്റെ സാമൂഹ്യ-സാംസ്ക്കാരിക പുരോഗതിയെപ്പറ്റി പരിഗണിക്കുമ്പോൾ സ്ത്രീകളുടെ അവസ്ഥയെപ്പറ്റി ചിന്തിക്കാതിരിക്കാനാവില്ല. സ്ത്രീപുരുഷ സമത്വം യാഥാർത്ഥ്യമായാലെ സാമൂഹ്യപുരോഗതി നേടാനാവൂ.

ചെറുകുന്ന് പഞ്ചായത്തിൽ ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ സ്ത്രീകളുടെ നില പൊതുവെ ശോചനീയമായിരുന്നു. വിദ്യാഭ്യാസം നേടിയ സ്ത്രീകൾ അക്കാലത്ത് പുരുഷന്മാരെ അപേക്ഷിച്ച് കുറവായിരുന്നു. സവർണ്ണജാതിയിൽപ്പെട്ട സ്ത്രീകൾ ഭൂരിഭാഗവും വിദ്യാഭ്യാസം നേടിയിരുന്നു. എന്നാൽ പിന്നോക്ക- അധ:കൃത വിഭാഗങ്ങളിലെ വനിതകളിൽ ഒരു വലിയ വിഭാഗത്തിന് പല കാർണങ്ങളാൽ അക്ഷരാഭ്യാസം ആർജ്ജിക്കാൻ സാധിച്ചില്ല. അതുകൊണ്ടു തന്നെ ഒട്ടേറെ അന്ധവിശ്വാസങ്ങൾക്ക് അടിമപ്പെട്ടവരായിരുന്നു സ്ത്രീകൾ.

സ്വാതന്ത്ര്യ പ്രസ്ഥാനവും കർഷക പ്രസ്ഥാനവും ശക്തിയാർജ്ജിച്ചപ്പോൾ സ്ത്രീ വിദ്യാഭ്യാസരംഗത്ത് കാര്യമായ മാറ്റം വന്നു. വിദ്യാഭ്യാസത്തിന്റെ ആവശ്യകതയും പ്രാധാന്യവും സ്ത്രീകൾക്ക് ബോദ്ധ്യപ്പെടാൻ തുടങ്ങി. പെൺകുട്ടികളെ വിദ്യാലയങ്ങളിലേക്കയക്കുവാൻ എല്ലാ വിഭാഗങ്ങളിലും പെട്ട ആളുകൾ തയ്യാറായി. ഐക്യകേരളത്തിന്റെ രൂപീകരണത്തിനുശേഷം 1957-ൽ അധികാരത്തിൽ വന്ന കമ്യൂണിസ്റ്റ് ഗവൺമെൻറ് കാർഷിക വിദ്യാഭ്യാസ മേഖലകളിൽ നടപ്പാക്കിയ പുരോഗമനപരമായ നിയമങ്ങളാണ് സ്ത്രീ വിദ്യാഭ്യാസം കൂടുതൽ സജീവമാക്കിയത്.

1991-ലെ കണക്കനുസരിച്ച് ചെറുകുന്ന് പഞ്ചായത്തിലെ ആകെ ജനസംഖ്യയായ 16246-ൽ 8773 പേർ സ്ത്രീകളാണ്. ഇത് ആകെ ജനസംഖ്യയുടെ 54 ശതമാനമാണ്. ഈ പഞ്ചായത്തിലെ സ്ത്രീ-പുരുഷ അനുപാതം 1000 പുരുഷന്മാർക്ക് 1146 സ്ത്രീകളാണ്. ഇത് സംസ്ഥാന അനുപാതത്തെക്കാൾ 1000 1036 വളരെ കൂടുതലാണ്.

| ജനസംഖ്യ | പു. | സ്ത്രീ | സ്ത്രീ സാക്ഷരത |
|---|---|---|---|
| 16246 | 7473 | 8773 | 6618 |

അവലംബം 1991 സെൻസസ്സ് റിപ്പോർട്ട്

| ആകെ സ്കൂൾ | അദ്ധ്യാപകർ | പു. | സ്ത്രീ |
|---|---|---|---|
| 8 | 79 | 27 | 52 |

ദ്വിതീയവിവരശേഖരണം

ഇപ്പോൾ സ്ത്രീകൾ വിദ്യാഭ്യാസ രംഗത്ത് മുന്നിലാണെങ്കിലും തൊഴിൽ മേഖലയിൽ അവരുടെ പങ്കാളിത്തം വളരെ കുറവാണ്. തൊഴിലില്ലാത്ത യുവജനങ്ങളിൽ ഭൂരിഭാഗവും യുവതികളാണ്. കൃഷി, കെട്ടിടനിർമ്മാണം, നൂൽനൂല്പ്, മൃഗസംരക്ഷണം, അദ്ധ്യാപനം, പ്ലൈവുഡ്, ചകിരി എന്നീ മേഖലകളിൽ സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്. കൂലി നിരക്കിലുള്ള വ്യത്യാസം കാരണം കൃഷിപ്പണിയേക്കാൾ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളിലാണ് സ്ത്രീകൾ താല്പര്യം കാണിക്കുന്നത്. വനിതകൾ മാത്രം പ്രവർത്തിക്കുന്ന നൂൽനൂല്പ് കേന്ദ്രങ്ങളും ചകിരി സഹകരണസംഘവും പഞ്ചായത്തിലുണ്ട്. ഡി.ഡബ്ല്യൂ.സി.ആർ.എ. പദ്ധതിയുടെ ധനസഹായം ഉപയോഗിച്ച് താവത്ത് ഒരു ഗാർമെൻറ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഈ യൂണിറ്റിൽ അഞ്ച് പേരാണ് ഇപ്പോൾ ജോലി ചെയ്യുന്നത്. പട്ടികജാതിയിൽപെട്ട പത്ത് സ്ത്രീകൾ ഉൾപ്പെടുന്ന ഒരു കയർ നിർമ്മാണ യൂനിറ്റ് പൂങ്കാവിൽ പ്രവർത്തിക്കുന്നുണ്ട്.

ഉത്തരവാദിത്വമേറ്റെടുക്കാനുള്ള ആത്മവിശ്വാസക്കുറവ് കാരണവും വിപണിയിൽ ഉല്പന്നങ്ങൾ ലഭ്യമല്ലാത്തതുകൊണ്ടും സ്ത്രീകൾ തൊഴിൽ സംരംഭങ്ങളിൽ പങ്കെടുക്കുവാൻ മുന്നോട്ട് വരുന്നില്ല. സ്ത്രീകൾക്കായി നിലവിലുള്ള വനിതാവ്യവസായ സംരംഭങ്ങളൊന്നും ഈ പഞ്ചായത്തിലില്ല.

തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ കുടുംബത്തിൻെറ സാമ്പത്തികനില മെച്ചപ്പെട്ടതാണ്. പുരുഷമേധാവിത്വാശയങ്ങൾ ഇന്നും പ്രബലമായതുകൊണ്ട് പുറത്തുപോയി ജോലി ചെയ്യുന്ന സ്ത്രീകളടക്കം വീട്ടിലെ എല്ലാ ജോലികളും സ്ത്രീകൾ തന്നെ ചെയ്യേണ്ടി വരുന്നു. വിറകുശേഖരണം, പാചകം, അലക്ക്, കന്നുകാലികളെ വളർത്തൽ തുടങ്ങിയവയൊന്നും വരുമാനമുള്ള തൊഴിലുകളായി കാണുന്നുമില്ല. ഇതെല്ലാം ഇപ്പോഴും കാണാപ്പണികളായി തന്നെ നിലനില്ക്കുന്നു.

മിക്ക കുടുംബങ്ങളിലും സ്ത്രീകളുടെ സാമൂഹ്യപദവി ഇന്നും താഴ്ന്നതാണ്. കുടുംബത്തിൻെറ പൊതു പ്രശ്നങ്ങളിലുള്ള നിർണ്ണായക തീരുമാനങ്ങൾ എടുക്കുന്നതിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. സ്ത്രീകൾ എല്ലാ ചെലവുകളും നടത്തുന്ന കുടുംബങ്ങളിലും ഈ സ്ഥിതിക്കു മാറ്റമില്ല.

സ്ത്രീകൾ കുടുംബനാഥകളായ കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ദാരിദ്ര്യം കൊണ്ട് പ്രയാസങ്ങൾ അനുഭവിക്കുന്ന സ്ത്രീകളും ഇവിടെയുണ്ട്. ഭർത്താക്കന്മാരുടെ മദ്യപാനം മൂലം വിഷമിക്കുന്ന സ്ത്രീകളും കുറവല്ല. പോഷണക്കുറവും ദാരിദ്ര്യജന്യ രോഗങ്ങളും സ്ത്രീകളിലാണ് കൂടുതലും കണ്ടുവരുന്നത്.

സ്ത്രീധന സമ്പ്രദായം ചില പ്രത്യേക വിഭാഗങ്ങളിൽ നിലനില്ക്കുന്നുണ്ട്. വിവാഹത്തോടനുബന്ധിച്ചുള്ള ആഡംബരങ്ങൾക്കും ആർഭാടങ്ങൾക്കുമായി ധനദുർവ്യയം നടത്തുന്നത് ഒരു ഫാഷനായി കൊണ്ടു നടക്കുന്നവർ ഈ പഞ്ചായത്തിൽ വർദ്ധിച്ചു വരുകയാണ്.

സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ബോധവല്ക്കരണം കൂടിയേ തീരു. വിദ്യാലയങ്ങളിലെ മാതൃസമിതി പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കാനും സ്ത്രീകളുടെ സഹായ സഹകരണങ്ങൾ ആവശ്യമാണ്. അംഗൻവാടികൾ, ബാലവാടികൾ എന്നിവയോടനുബന്ധിച്ച് മഹിളാസമാജങ്ങൾ ഉണ്ടെങ്കിലും അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

1990-91 കാലത്ത് ഈ പഞ്ചായത്തിൽ സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനം നടന്നിരുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നിരക്ഷരരായ സ്ത്രീകളെ കണ്ടെത്തി സാക്ഷരരാക്കിയതോടെ അവരിൽ ആത്മവിശ്വാസവും ഉത്സാഹവും ഉണ്ടായി. എന്നാൽ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ചിട്ടയായും സമയബന്ധിതമായും നടക്കാത്തത് അവരെ നിരാശരാക്കി. മഹിളാസമാജങ്ങൾ, വായനശാലകൾ, ഗ്രന്ഥശാലകൾ എന്നിവയുടെ കൂട്ടായ പ്രവർത്തനങ്ങൾ ഉണ്ടായാൽ തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ സാധിക്കും. എസ്.എസ്.എൽ.സി, പ്രീ-ഡിഗ്രി, ഡിഗ്രി തുടങ്ങിയ പരീക്ഷകളിൽ തോറ്റ പെൺകുട്ടികളുടെ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും അവരുടെ തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിലും സന്നദ്ധ സംഘടനകൾക്കു നിർണ്ണായക പങ്ക് വഹിക്കാൻ കഴിയും.

## പ്രശ്നങ്ങൾ

1. കുടുംബത്തിന്റെ ഉത്തരവാദിത്വം സ്ത്രീകളിലായതുകൊണ്ട് പൊതുപ്രവർത്തനങ്ങളിലെ സ്ത്രീ പങ്കാളിത്തം കുറവാണ്.
2. സാമൂഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സ്ത്രീകളെ മോശമായ രീതിയിൽ നോക്കി കാണുന്ന പ്രവണതയുണ്ട്.
3. ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനുള്ള ആത്മധൈര്യം സ്ത്രീകൾ പ്രകടിപ്പിക്കുന്നില്ല.
4. തൊഴിലില്ലായ്മ രൂക്ഷമായതു കാരണം സ്ത്രീകൾക്ക് സാമ്പത്തിക ഭദ്രതയില്ല.
5. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ കൂലി നിരക്ക് കുറവാണ്.
6. സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ താല്പര്യം പ്രകടിപ്പിക്കുന്നില്ല.
7. സ്ത്രീകൾക്ക് തൊഴിൽ പരിശീലന കേന്ദ്രങ്ങളില്ല.
8. സ്ത്രീകൾക്കുള്ള സർക്കാർ പദ്ധതികളെപ്പറ്റി സ്ത്രീകൾ അറിയുന്നില്ല.
9. പുരുഷന്മാരുടെ മദ്യപാനം മൂലം സ്ത്രീകൾ പ്രയാസങ്ങൾ അനുഭവിക്കുന്നു.
10. അംഗൻവാടികളിൽ ആവശ്യമായ സൗകര്യങ്ങളില്ല.
11. സ്ത്രീകളുടെ ഇടയിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനില്ക്കുന്നു.
12. വിദ്യാലയങ്ങളിൽ പെൺകുട്ടികൾക്കായി സൗകര്യപ്രദമായ മൂത്രപ്പുരകളും കക്കൂസുകളും ഇല്ല.
13. വായനശാലകൾ, ഗ്രന്ഥശാലകൾ എന്നിവയുമായി ബന്ധപ്പെട്ടു സ്ത്രീകൾ പ്രവർത്തിക്കുന്നില്ല.
14. ഇലക്ട്രോണിക് മാധ്യമങ്ങളുടെ സ്വാധീനം കൂടുന്നു.

## സാധ്യതകൾ

1. കാർഷികരംഗത്ത് തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കണം.
2. തുല്യജോലിക്ക് തുല്യവേതനം എന്ന

ത്വം നടപ്പാക്കണം.

3. പ്രാദേശികസാദ്ധ്യതകൾ പരിഗണിച്ച് സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകണം.

4. ഐ.ആർ.ഡി.പി, ഡി.ഡബ്ല്യൂ.സി.ആർ.എ എന്നിവയിൽ നിന്നുള്ള സഹായങ്ങൾ ഉപയോഗിച്ച് വനിതകൾ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കണം.

5. ബോധവല്ക്കരണത്തിലൂടെ സ്ത്രീകളിൽ ശാസ്ത്രീയവീക്ഷണവും പുരോഗമന ചിന്താഗതിയും വളർത്തിയെടുക്കണം.

6. വിദ്യാലയങ്ങളിലും പൊതുസ്ഥല ങ്ങളിലും സ്ത്രീകൾക്കു പ്രാഥമികാവശ്യം നിർവഹിക്കാനുള്ള സൗകര്യം ഉണ്ടാക്കണം.

7. സ്ത്രീകളുടെ ആരോഗ്യസംരക്ഷണത്തിന് പുകയില്ലാത്ത അടുപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കണം.

8. പി.എച്ച്.സി.യിൽ ഗൈനക്കോളജിസ്റ്റ്, ശിശുരോഗവിദഗ്ധൻ എന്നിവരുടെ സേവനം ഉറപ്പു വരുത്തണം.

9. സ്ത്രീകൾക്ക് കലാ-കായിക-സാംസ്കാരിക രംഗങ്ങളിൽ പരിശീലനം നല്കണം.

10. മഹിളാസമാജങ്ങൾ, വായനശാലകൾ, ഗ്രന്ഥശാലകൾ എന്നിവയുടെ പ്രവർത്ത നങ്ങൾ കാര്യക്ഷമമാക്കണം.

11. ആവശ്യമായ സ്ഥലങ്ങളിൽ വായന ശാലകൾ സ്ഥാപിക്കണം.

12. സഞ്ചരിക്കുന്ന ഗ്രന്ഥശാലകളുടെ പ്രവർത്തനം സംഘടിപ്പിക്കണം.

13. അംഗൻവാടികളിലെ ഭൗതിക സൗകര്യ ങ്ങൾ വർദ്ധിപ്പിക്കണം.

14. തൊഴിലവസരങ്ങൾ, നിയമങ്ങൾ എന്നിവയെപ്പറ്റി സ്ത്രീകൾക്ക് യഥാസമയം വിവരങ്ങൾ നല്കണം.

15. ഐ.ആർ.ഡി.പി, ഡി.ഡബ്ല്യൂ.സി.ആർ.എ എന്നീ പദ്ധതികളുടെ സഹായം ഉപ യോഗിച്ച് ഓരോ വാർഡിലും സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കണം. സ്ത്രീകളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാനായി വിപണന കേന്ദ്രങ്ങൾ സംഘടിപ്പിക്കണം.

16. അവശരും അഗതികളുമായ മുഴുവൻ സ്ത്രീകൾക്കും ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നല്കണം.



# സഹകരണം

**ചരിത്രം**

രണ്ടാം ലോകമഹായുദ്ധത്തെ തുടർന്നുണ്ടായ ക്ഷാമത്തെ തുടർന്നാണ് രാജ്യത്ത് സഹകരണപ്രസ്ഥാനത്തെക്കുറിച്ച് ജനങ്ങൾ ചിന്തിച്ചു തുടങ്ങിയത്. തുടർന്ന് പി.സി.സി സൊസൈറ്റികൾ നിലവിൽ വന്നു. അന്ന് തുടങ്ങി വളർന്ന് പന്തലിച്ചു വന്ന പി.സി.സിയാണ് ഇന്നത്തെ മാടായി കോ.ഓപ്പറേറ്റീവ് റൂറൽ ബാങ്ക്. അതിൻെറ ചുവടു പിടിച്ച് ഐക്യനാണയസംഘം, ചക്കരസൊസൈറ്റി എന്നിവ ചെറുകുന്ന് പഞ്ചായത്തിൽ രൂപമെടുത്തു. ഐക്യനാണയസംഘമാണ് ഇന്നത്തെ ചെറുകുന്ന് സർവ്വീസ് സഹകരണബേങ്ക്. നാടിൻെറ സർവ്വതോമുഖമായ വികസനത്തിന് സഹകരണസ്ഥാപനങ്ങളുടെ സംഭാവന വളരെ വലുതാണ്.

**ക്രഡിറ്റ് സംഘങ്ങൾ**

നമ്മുടെ പഞ്ചായത്തിലെ ക്രഡിറ്റ് മേഖലയിലെ പ്രധാന സ്ഥാപനമാണ് ചെറുകുന്ന് സർവ്വീസ് സഹകരണ ബാങ്ക്. 18-9-55ന് ഐക്യനാണയസംഘമായി രജിസ്റ്റർ ചെയ്ത ഈ സ്ഥാപനം പ്രവർത്തനം ആരംഭിച്ചു. 5.5.1982 മുതൽ സഹകരണ ബാങ്കായി പ്രവർത്തനം തുടരുന്നു. ഇപ്പോൾ ബാങ്കിന് കൊവ്വപ്പുറത്ത് സ്വന്തമായി കെട്ടിടവും കതിർവെക്കും തറക്ക് ബാങ്കിൻെറ ഒരു ബ്രാഞ്ചും നിലവിലുണ്ട്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ആകെ ജീവനക്കാർ | | | ഓഹരി മൂലധനം | വാർഷിക ടേൺ ഓവർ | ലാഭം നഷ്ടം | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|
| | | | | ആകെ | സ്ത്രീ. | പു. | | | | |
| 1. | ചക്കര സൊസൈറ്റി | | | | | | | | | ലിക്വിഡേഷൻ |
| 2. | ചെറുകുന്ന് സർവ്വീസ് സഹകരണ ബേങ്ക് | 1956 | 4159 | 20 | 3 | 17 | 853722 | | ലാഭം | |
| 3. | താവം കയർ വ്യവസായ സഹകരണസംഘം | 1962 | 881 | 1 | | 1 | 384420 | | നഷ്ടം | |
| 4. | ചെറുകുന്ന് ലേബർ കോൺട്രാക്ട് സൊസൈറ്റി | 1964 | | | | | | | | ലിക്വിഡേഷൻ |
| 5. | തളിപ്പറമ്പ് ബ്ലോക്ക് പൗൾട്രി ബ്രീഡേർസ് കോ.ഓപ്. സൊസൈറ്റി | | | | | | | | | പ്രവർത്തനം തുടങ്ങിയിട്ടില്ല. |
| 6. | പള്ളിക്കര ഹരിജൻ കോളനി കലക്റ്റീവ് ഫാമിങ്ങ് സഹകരണസംഘം | 1974 | 104 | 1 | | 1 | 16034 | | | |
| 7. | ഒതയമ്മാടം യു.പി.സ്കൂൾ കോ.ഒപ്.സൊസൈററി | 1976 | 1925 | | | | 2231 | | | |
| 8. | ചെറുകുന്ന് പട്ടികജാതി സഹകരണസംഘം | 1982 | 395 | 1 | | 1 | 26074 | | ലാഭം | |
| 9. | ചെറുകുന്ന് പഞ്ചായത്ത് സഹകരണ കൺസ്യൂമർസ്റ്റോർ | 1988 | 435 | | | | 36060 | | നഷ്ടം | പ്രവർത്തിക്കുന്നില്ല. |
| 10. | പുന്നച്ചേരി സഹകരണകൺസ്യൂമർ സ്റ്റോർ | 1982 | 154 | | | | 20325 | | നഷ്ടം | പ്രവർത്തിക്കുന്നില്ല. |
| 11. | ചെറുകുന്ന് കോ.ഓപ്. എഡ്യുക്കേഷൻ സൊസൈറ്റി | 1985 | 58 | | | | 14,500 | | | |

**പ്രവർത്തനം**

അംഗങ്ങളിൽനിന്ന് സ്ഥിരനിക്ഷേപം, സേവിങ്സ് ബാങ്ക് നിക്ഷേപം, റക്കറിങ് നിക്ഷേപം, ഗ്രൂപ്പ് നിക്ഷേപം, ഹോം സെയ്ഫ് നിക്ഷേപം എന്നിവ സ്വീകരിക്കുന്നു.

**വായ്പകൾ**

കാർഷിക ഹ്രസ്വകാല ദീർഘകാല വായ്പകൾ, സാധാരണവായ്പ, വ്യവസായ വായ്പ, ഗൃഹോപകരണവായ്പ, പെൺകുട്ടികളുടെ വിവാഹവായ്പ, സ്വർണ്ണ പണയവായ്പ,ഭൂപണയവായ്പ, ഐ.ആർ.ഡി.പി.വായ്പ എന്നിവ നല്കുന്നു.

നിത്യോപയോഗ സാധനങ്ങൾ വില്പന ചെയ്യുന്ന ഒരു കൺസ്യൂമർ സ്റ്റോർ, വളം ഡിപ്പോ, കൊപ്ര, കശുഅണ്ടി സംഭരണ ഡിപ്പോകൾ, ഓണച്ചന്ത എന്നിവ നടത്തുന്നു. ബാങ്കിലെ മുഴുവൻ അംഗങ്ങളെയും അപകട ഇൻഷൂറൻസ് പദ്ധതി പ്രകാരം ഇൻഷൂർ ചെയ്തിട്ടുണ്ട്. ബാങ്ക് പ്രവർത്തന പരിധിയിൽ വരുന്ന എസ്.എസ്.എൽ.സി പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിക്കുന്ന കുട്ടികൾക്ക് കേഷ് അവാർഡ് നല്കി വരുന്നു.

കണ്ണൂർ ജില്ലയിലെ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന മാടായി കോ.ഓപ്പറേറ്റീവ് റൂറൽ ബേങ്കിന്റെ ഒരു സായാഹ്ന ശാഖ ചെറുകുന്നിൽ പ്രവർത്തിക്കുന്നു. കണ്ണപുരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ശാഖയും ചെറുകുന്ന് പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നു.

**പ്രശ്നങ്ങൾ**

1. കാർഷിക നന്മക്ക് തക്കതായ മുൻഗണന നൽകുന്നില്ല.
2. കടം അവധി ബാക്കി പിരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല.
3. എല്ലാകുടുംബങ്ങളേയും സഹകരണ രംഗവുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല.

**സാധ്യതകൾ**

1. പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളേയും നിക്ഷേപകരായോ അംഗങ്ങളായോ ബാങ്കുമായി ബന്ധപ്പെടുത്തണം.
2. വായ്പ കുടിശ്ശിക പിരിക്കുന്നതിന് പ്രത്യേക വായ്പാ കുടിശ്ശിക നിർമാർജ്ജനപരിപാടി ആസൂത്രണം ചെയ്യണം.
3. സഹകരണപ്രസ്ഥാനത്തെക്കുറിച്ച് സെമിനാറുകൾ, ചർച്ചാക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കണം.
4. വാർഷിക പൊതുയോഗങ്ങളിൽ അംഗങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കണം.
5. പള്ളിക്കര, ദാലിൽ, താവം, മുട്ടിൽ എന്നീ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഉപകാരപ്രദമാകുന്നതിന് സൗകര്യപ്രദമായ സ്ഥലത്ത് ഒരു ബ്രാഞ്ച് ആരംഭിക്കണം.

**വ്യവസായ സഹകരണസംഘം**

പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ഏക വ്യവസായ സംഘമാണ് താവം കയർവ്യവസായ സഹകരണസംഘം. ഇവിടെ 28 സ്ത്രീകളും 5 പുരുഷന്മാരും ജോലി ചെയ്യുന്നു. ചകിരി നാരിൽ നിന്ന് കയർ ഉല്പാദിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുക എന്നത് മാത്രമാണ് ഈ സംഘത്തിന്റെ ഇപ്പോഴത്തെ പ്രവർത്തനം.

**പ്രശ്നങ്ങൾ**

1. മാനേജ്മെന്റ് സജീവമാകുന്നില്ല.
2. തൊഴിലാളികളുടെ പങ്കാളിത്തക്കുറവ്.
3. പ്രവർത്തന മൂലധനത്തിന്റെ കുറവ്.

**സാധ്യതകൾ**

1. മാനേജ്മെന്റ് സജീവമാകുകയും കയറും കയർഉല്പന്നനിർമ്മാണയൂനിറ്റ് ആരംഭിക്കുകയും ചെയ്യുക.
2. ചകിരിനാര് ഉല്പാദനത്തിന് ഡിഫൈബറിങ് യൂനിറ്റ് ആരംഭിക്കുക.

സഹകരണമേഖലയിൽ തന്നെ കയർഫെഡിന്റെ ഒരു ഡിഫൈബറിങ് യൂനിറ്റ് ദാലിൽ പ്രവർത്തിക്കുന്നുണ്ട്.

## ക്ഷീരവ്യവസായം

കണ്ണപുരം ക്ഷീരവ്യവസായ സഹകരണസംഘമാണ് ചെറുകുന്നിൽ പ്രധാനമായും പാൽസംഭരണവും വിതരണവും നടത്തുന്നത്. നമ്മുടെ പഞ്ചായത്തിലെ ക്ഷീരകർഷകരിൽ ചിലർ ഈ സംഘത്തിലെ അംഗങ്ങളാണ്.

### പ്രശ്നങ്ങൾ

1. കാലിത്തീറ്റ, തീറ്റപുൽ എന്നിവയുടെ അമിതമായ വിലക്കയറ്റം.
2. പാലിന് ഉല്പാദനചെലവുമായി താരതമ്യപ്പെടുത്തികൊണ്ടുള്ള വില ലഭിക്കുന്നില്ല.
3. മേച്ചിൽ സ്ഥലങ്ങൾ കുറഞ്ഞ് വരുന്നു.

### സാധ്യതകൾ

1. പഞ്ചായത്ത്തലത്തിൽ ഒരു ക്ഷീര വ്യവസായ സഹകരണസംഘം ആരംഭിക്കുക.
2. സൗജന്യനിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുക.
3. തീറ്റപുൽ കൃഷി വ്യാപകമാക്കുക.
4. ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കണം.
5. വൈക്കോൽ കുറഞ്ഞ വിലക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

## ഉപഭോക്തൃ സഹകരണസംഘം

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത രണ്ട് ഉപഭോക്തൃസഹകരണ സംഘമുണ്ടെങ്കിലും രണ്ടും പ്രവർത്തനക്ഷമമല്ല. സർവ്വീസ് സഹകരണസംഘത്തിൻെറ ആഭിമുഖ്യത്തിലുള്ള ഒരു മാവേലി സ്റ്റോർ കൊവ്വപ്പുറത്ത് പ്രവർത്തിക്കുന്നുണ്ട്.

### പ്രശ്നങ്ങൾ

1. കൺസ്യൂമർസ്റ്റോറുകളുടെ മാനേജ്മെൻറുകൾ കാര്യക്ഷമമല്ല.

### സാധ്യതകൾ

1. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന നിയന്ത്രിത വിലയ്ക്കുള്ള സാധനങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കണം.
2. ഗ്രാമീണ മേഖലയിൽ വില്പനശാല തുറക്കണം.
3. ഡോർ ഡെലിവറി സിസ്റ്റം ആരംഭിക്കണം.
4. ഓഹരി മൂലധനം വർദ്ധിപ്പിക്കണം.

## സേവനമേഖല

പട്ടികജാതി വിഭാഗത്തിൽപെട്ടവരുടെ സേവനത്തിനായി പ്രവർത്തിക്കുന്ന രണ്ട് സ്ഥാപനങ്ങളുണ്ട്.

1. പള്ളിക്കര ഹരിജൻ കലക്റ്റീവ് ഫാമിങ്ങ് സഹകരണസംഘം.
2. ചെറുകുന്ന് പട്ടികജാതി സർവ്വീസ് സഹകരണസംഘം

ഈ വിഭാഗത്തിൽപെടുന്ന എല്ലാവർക്കും അംഗത്വം നല്കി സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തണം.

1. വിദ്യാഭ്യാസമേഖലയിൽ ചെറുകുന്ന് സഹകരണ എഡ്യുക്കേഷൻ സൊസൈറ്റി പ്രവർത്തിച്ച് വരുന്നു.
2. തെയ്യത്താടം സ്കൂൾ കേന്ദ്രീകരിച്ചുകൊണ്ട് തെയ്യത്താടം യു.പി. സ്കൂൾ ഗ്രൂപ്പ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി പ്രവർത്തിച്ചു വരുന്നു.

## മറ്റു നിർദ്ദേശങ്ങൾ

1. രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കാത്ത തളിപ്പറമ്പ് ബ്ലോക്ക് പൗൾട്രി ബ്രീഡേർസ് സഹകരണസംഘം കൂടുതൽ അംഗങ്ങളെ ചേർത്ത് പ്രവർത്തനം ആരംഭിക്കണം.
2. കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട തൊഴിലാളികളെ ചേർത്ത് ഒരു ലേബർ കോൺട്രാക്റ്റ് സൊസൈറ്റി രൂപീകരിക്കുക.
3. സ്ത്രീകളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിന് വനിതാസഹകരണസംഘങ്ങൾ രൂപീകരിക്കണം.
4. ചെറുകുന്ന് ഗവ. വെൽഫേർ ഹൈസ്കൂളിൽ ഒരു സ്ക്കൂൾ കോ.ഓപ്പറേറ്റീവ് സൊസൈറ്റി ആരംഭിക്കണം.
5. ലിക്വിഡേഷനിൽ നിൽക്കുന്ന കോക്കനട്ട് ജാഗരി സൊസൈറ്റി പുനരുദ്ധരിക്കുക.



# പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

ഒട്ടേറെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ ഈ മേഖലയിൽ നടന്നിട്ടുണ്ട്. ആസൂത്രണത്തിന്റെയും പദ്ധതി നടത്തിപ്പിന്റെയും പോരായ്മ മൂലം അവ മുഴുവൻ ഉപയോഗപ്പെടുത്താൻ ഈ വിഭാഗത്തിന് സാധിക്കുന്നില്ല. സാമൂഹ്യ പദവിയിൽ ഈ വിഭാഗം ഇതര വിഭാഗത്തോടൊപ്പം എത്തി എന്ന് പറയാൻ പറ്റില്ല.ഭൂമിയുടെയും സ്വത്തിന്റെയും കൈവശാവകാശം ഇവരിൽ കുറവാണ്. മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസകാര്യത്തിൽ അല്പം മുന്നോട്ട് പോയിട്ടുണ്ട്.

ചെറുകുന്ന് പഞ്ചായത്തിൽ 250 ഓളം കുടുംബങ്ങളിലായി 1277 ആളുകൾ പട്ടികജാതിയിൽ ഉൾപ്പെട്ടവരായിട്ടുണ്ട്. ഈ വിഭാഗത്തിൽ പ്രധാനമായും പുലയൻ, മലയൻ, വണ്ണാൻ എന്നീ വിഭാഗങ്ങളിൽപെട്ടവരാണ്. പട്ടിക വർഗ്ഗത്തിൽ പെട്ടവർ ഈ പഞ്ചായത്തിൽ ഇല്ല. പരമ്പരാഗതമായി കൃഷിപ്പണി, പായനെയ്ത്ത്, മത്സ്യബന്ധനം, തെയ്യം എന്നീ ജോലികളിൽ ഏർപ്പെട്ടവരാണ് കൂടുതലും. കൃഷി കുറഞ്ഞു വരുന്നതു കാരണം കെട്ടിടനിർമ്മാണ രംഗത്തേക്ക് വലിയ വിഭാഗം തിരിഞ്ഞിട്ടുണ്ട്. ഏതാനും ചിലർ സർക്കാർ മേഖലയിലും അർദ്ധ സർക്കാർ മേഖലയിലും ജോലി ചെയ്യുന്നവരായിട്ടുണ്ട്. ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്നവർ പരിമിതമാണ്. സ്വയം തൊഴിൽ കണ്ടെത്താൻ നിരവധി സർക്കാർ പദ്ധതികൾ ഉണ്ടെങ്കിലും ഉപയോഗപ്പെടുത്താനാവശ്യമായ ചുറ്റുപാടുകൾ ഇവർക്കില്ലാത്തതുകൊണ്ട് അവയുടെ നേട്ടം കൈവരിക്കാൻ കഴിയുന്നില്ല.

പള്ളിക്കര, പൂങ്കാവ്, കട്ടക്കുളം, ദാലിൽ, വേങ്ങിൽ, ചിടങ്ങിൽ, പാടിയിൽ എന്നീ അംഗീകൃത കോളനികളിലും കൂടാതെ ഒറ്റപ്പെട്ട മറ്റു പ്രദേശങ്ങളിലും ഇവർ നിവസി ക്കുന്നു. ജെ.ആർ.വൈ, ഐ.എ.വൈ, എം.ഡബ്ല്യൂ.എസ് എന്നീ പദ്ധതികളിലായി വിവിധ ഭവന നിർമ്മാണ ഗ്രാൻറുകൾ ഉപയോഗിച്ച് ഈ വിഭാഗം വീടുകൾ വച്ചിട്ടുണ്ട്. റോഡുകൾ, വൈദ്യുതി, കുടിവെള്ളം എന്നിവ കോളനികളിൽ ലഭ്യ മാണ് എന്ന് പറയാനാവില്ല. വൈദ്യുതീകരിക്കാത്ത വീടുകൾ ഒട്ടേറെയാണ്. വിദ്യാഭ്യാസ രംഗത്ത് ഇതരവിഭാഗങ്ങൾക്കൊപ്പം

എത്തിയിട്ടില്ല. കലാകായിക സാംസ്ക്കാരിക രംഗങ്ങളിൽ ഇവർ നല്ല പ്രവർത്തനം നടത്തുന്നുണ്ട്. ദേശീയ പ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടെ അയിത്തത്തിനും അനാചാരത്തിനും അസമത്വത്തിനും എതിരായ പ്രവർത്തനം നമ്മുടെ പഞ്ചായത്തിലും നടന്നിട്ടുണ്ട്. 1942-ൽ ലേബർ സ്ക്കൂളിൽ നടന്ന മിശ്രഭോജനം പ്രത്യേകം ശ്രദ്ധേയമാണ്.

ജി.ബി.എച്ച്.എസ്. ചെറുകുന്ന്, ജി.ജി.എച്ച്.എസ്, ജി.എച്ച്.എസ് മാടായി, ജി.ജി.എച്ച്. എസ് മാടായി എന്നീ വിദ്യാലയങ്ങളിലും ഈ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളുണ്ട്.

## കോളനി സംബന്ധിച്ച പട്ടിക

| ക്രമനമ്പർ | കോളനിയുടെ പേര് | വാർഡ് നമ്പർ | വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | ദാലിൽ | II | 35 |
| 2 | വേങ്കിൽ | IV | 22 |
| 3 | പാടിയിൽ | IV | 15 |
| 4 | ചിടങ്ങിൽ | V | 12 |
| 5 | കട്ടക്കുളം | VIII | 32 |
| 6 | പൂങ്കാവ് | VIII | 47 |
| 7 | പള്ളിക്കര | IX | 41 |
| | | | 204 |

ഇവ കൂടാതെ ഒന്നാം വാർഡിൽ 10, മൂന്നാം വാർഡിൽ 10, ആറിൽ 4, നാലാം വാർഡിൽ 13, അഞ്ചാം വാർഡിൽ 2, ഏഴാം വാർഡിൽ 9 എന്നിങ്ങനെയും കുടുംബങ്ങൾ താമസിക്കുന്നുണ്ട്.

### പ്രശ്നങ്ങൾ

1. സർക്കാർ ആനുകൂല്യങ്ങളെപ്പറ്റി വേണ്ടത്ര ധാരണയില്ല.
2. കൃഷിയിടങ്ങൾ കുറയുന്നു. കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ കുറയുന്നു.
3. വീടുകൾ വൈദ്യുതീകരിച്ചിട്ടില്ല.
4. ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്താൻ ആവശ്യമായ ചുറ്റുപാടുകൾ ഇല്ല.
5. പരിസര ശുചിത്വം പാലിക്കുന്നില്ല.
6. കുടിവെള്ള പ്രശ്നം ഉണ്ട്.
7. ശ്മശാനങ്ങളിൽ വേണ്ടത്ര സൗകര്യമില്ല.
8. പായനെയ്ത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നില്ല.

### സാധ്യതകൾ

1. യഥാകാലത്ത് നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് കോളനികളിൽ ആവശ്യമായ ബോധവല്ക്കരണം.
2. യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെ ഗുണം ലഭിക്കണം.
3. പരമ്പരാഗത തൊഴിൽ സാധ്യതകൾ വിപുലപ്പെടുത്തണം.
4. സ്വയം തൊഴിൽ വായ്പകൾ ഉദാരമാക്കണം.
5. എല്ലാ വീടുകളും വൈദ്യുതീകരിക്കാൻ ആവശ്യമായ നടപടികൾ എടുക്കണം.
6. കുടിവെള്ളം ലഭ്യമാക്കാൻ വിപുലമായ പദ്ധതി ആസൂത്രണം ചെയ്യണം.
7. തോട്ടിൻകരയിലും പുറംപോക്ക് സ്ഥലത്തും മുണ്ടത്തൈ വച്ചു പിടിപ്പിക്കണം.
8. ശ്മശാനങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി സംരക്ഷിക്കണം.
9. ശുചിത്വ ബോധവല്ക്കരണം നടത്തണം.

# വിഭവസമാഹരണം

ഒരു പ്രദേശത്തെ വിഭവങ്ങൾ കണ്ടെത്തി ആസൂത്രിതമായ രീതിയിൽ വിനിയോഗിച്ചാൽ ഒരു പരിധി വരെയെങ്കിലും പുരോഗതി കൈവരുത്താമെന്ന കാര്യം തർക്കമറ്റതാണ്. വലിയ തോതിൽ വിഭവസമാഹരണം നടത്തിയാൽ മാത്രമേ മെച്ചപ്പെട്ട വികസന പ്രവർത്തനങ്ങൾ നടത്താനാവൂ. നമ്മുടെ കാർഷിക-വ്യാവസായിക മേഖലകൾ സമ്പുഷ്ടമാക്കുവാനും വിപുലപ്പെടുത്തുവാനും നമുക്ക് കഴിയണം. സാമൂഹ്യമുന്നേറ്റത്തിനാവശ്യമായ വിഭവസമാഹരണം നടത്തുവാനും അത് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കാനും സാധിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിലെ കഴിഞ്ഞ അഞ്ചുവർഷത്തെ വരുമാനത്തിൻെറ പട്ടിക ചുവടെ ചേർത്തിരിക്കുന്നു

**ചെറുകുന്ന് ഗ്രാമപഞ്ചായത്ത്**

**5 വർഷത്തെ വരവ്- ചെലവ്**

| വർഷം | വരവ് | ചെലവ് |
|---|---|---|
| 1991-92 | 1059974 | 1054680 |
| 1992-93 | 1307171 | 891757 |
| 1993-94 | 2121482 | 2133638 |
| 1994-95 | 1665745 | 1754577 |
| 1995-96 | 1753862 | 1808689 |
| ആകെ | 7908234 | 7643341 |

1995-96 വർഷത്തിലെ വരവ് സംബന്ധിച്ച കണക്കുകളാണ് താഴെ കൊടുക്കുന്നത്

## 1.23 വരവ് സംബന്ധിച്ച വിവരങ്ങൾ 1995-96

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| 1 | 2 | 3 | 4 |
| കെട്ടിട നികുതി | 185000.00 | 185000.00 | ഇല്ല |
| സർവ്വീസ് ചാർജ്ജ് | - | - | - |
| തൊഴിൽ നികുതി | 101000.00 | 101000.00 | - |
| വാഹന നികുതി | - | - | - |
| വിനോദ നികുതി | 24200.00 | 24200.00 | - |
| അഡി. വിനോദ നികുതി | 14800.00 | 14800.00 | |
| പ്രദർശന നികുതി | 4300.00 | 4300.00 | |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ് | 1080.00 | 1080.00 | |
| ചന്ത വരവ് | - | - | - |
| ലാൻറ് സെസ്സ് | - | - | - |
| ലൈസൻസ് ഫീസ് | 15800.00 | 15800.00 | - |
| കെട്ടിട നികുതി സർചാർജ്ജ് | - | - | - |
| വസ്തു കൈമാറ്റ നികുതി 75% | 37148.00 | - | - |
| വസ്തു കൈമാറ്റ നികുതി 25% | - | - | |
| സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റുവരവുകൾ | 290000.00 | 40000.00 | 50000.00 |
| സംഭാവ | - | - | - |
| ഡെപ്പോസിറ്റ് | 100000.00 | 100000.00 | |
| മറ്റുള്ളവ | - | - | - |
| ആകെ | 773328.00 | 686180 | 87148 |

പഞ്ചായത്തിൻെറ പൊതു സാമ്പത്തിക നില വ്യക്തമാക്കുന്ന പട്ടിക ചുവടെ കൊടുക്കുന്നു.

### പൊതു സാമ്പത്തിക നില

| | പൊതുകണക്ക് | മൂലധന കണക്ക് | കടം സംബന്ധിച്ച കണക്ക് |
|---|---|---|---|
| 1 | 2 | 3 | 4 |
| വരവ് | 1171313.95 | 25000.00 | 314939.00 |
| ചെലവ് | 1177764.75 | 25000.00 | 329337.65 |

പഞ്ചായത്തിലെ വിഭവങ്ങളിൽ കാർഷിക വിഭവങ്ങളും വ്യാവസായിക വിഭവങ്ങളും ഉൾപ്പെടുമല്ലോ. സേവന മേഖലയിൽ നിന്നുള്ള വരുമാനങ്ങളും വിദേശ ഇന്ത്യക്കാരിൽ നിന്നുള്ള വരുമാനവും ഈ പഞ്ചായത്തിൻെറ വിഭവ സമാഹരണത്തെപ്പറ്റി പരിഗണിക്കുമ്പോൾ വിസ്മരിക്കാനാവില്ല.

ചെറുകുന്ന് പഞ്ചായത്തിനകത്തും പുറത്തും പ്രവർത്തിക്കുന്ന വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നമ്മുടെ പഞ്ചായത്തിലുള്ളവർക്ക് ലഭിക്കുന്ന വായ്പകളും വിഭവങ്ങളിൽ ഉൾപ്പെടും. ചെറുകുന്ന് സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്കിൻെറ ഹെഡ് ഓഫീസ്, തറ ശാഖ, മാടായി കോ.ഓപ്പറേറ്റീവ് റൂറൽ ബാങ്കിൻെറ സായാഹ്നശാഖ, ലോർഡ് കൃഷ്ണാ ബാങ്കിൻെറ ശാഖ എന്നിവ പഞ്ചായത്തിനകത്ത് പ്രവർത്തിക്കുന്നു. കൂടാതെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൻെറയും സിൻഡിക്കേറ്റ് ബാങ്കിൻെറയും കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൻെറയും മാടായി കോ.ഓപ്പറേറ്റീവ് ബാങ്കിൻെറയും കണ്ണപുരം ശാഖയും, പഴയങ്ങാടി അർബൻ ബാങ്കിൻെറയും പ്രവർത്തന മേഖലകളിൽ ചെറുകുന്ന് പഞ്ചായത്ത് ഉൾപ്പെടുന്നു.

വിഭവസമാഹരണത്തിൻെറ സാദ്ധ്യതകളും മേഖലകളും സംബന്ധിച്ചു വിശകലനം നടത്തുമ്പോൾ പ്രായോഗികവും ഭാവനാപൂർണ്ണവുമായ നയസമീപനങ്ങൾ അത്യന്താപേക്ഷിതമാണ്. വിഭവങ്ങൾ വ്യത്യസ്ത മേഖലകളിലൂടെ സമാഹരിക്കാനും ക്രിയാത്മകമായി ഉപയോഗിക്കുവാനും നാം ജാഗ്രത കാണിക്കേണ്ടതുണ്ട്.

**<u>കെട്ടിട നികുതി</u>**

പഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളിൽ നിന്ന് ഇപ്പോൾ കെട്ടിടനികുതി പിരിക്കാറുണ്ടല്ലോ. എന്നാൽ ആധുനിക സൗകര്യങ്ങളോടെ വിലപിടിപ്പുള്ള സാധനങ്ങൾ ഉപയോഗിച്ച് നിർമ്മിക്കുന്ന മണിമാളികകൾക്ക് ചുമത്തിയിട്ടുള്ള നികുതി ശാസ്ത്രീയമാനദണ്ഡം ഉപയോഗിച്ചാണെന്ന് പറയാനാവില്ല. അതുകൊണ്ട് കെട്ടിടത്തിൻെറ സ്വഭാവത്തിനനുസരിച്ച് നികുതി പുനർനിർണ്ണയിച്ചാൽ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കും. ഈ കാര്യം കെട്ടിട നിർമ്മാതാക്കളെ ബോദ്ധ്യപ്പെടുത്തുകയും വേണം.

**<u>തൊഴിൽനികുതി</u>**

സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽനിന്നും കച്ചവടക്കാരിൽ നിന്നും മറ്റു തൊഴിൽമേഖലകളിൽനിന്നും ഇപ്പോൾ തൊഴിൽ നികുതി പിരിച്ചെടുക്കുന്നുണ്ടല്ലോ. തൊഴിൽ എടുക്കുന്നവരിൽ നിന്നെല്ലാം നികുതി ഈടാക്കി ഗ്രാമ വികസനത്തിനായി വിഭവസമാഹരണം നടത്തേണ്ട കാര്യം നാം വിശദമായി പരിഗണിക്കേണ്ടതാണ്.

**<u>വിനോദനികുതി</u>**

നമ്മുടെ പഞ്ചായത്തിൽ രണ്ട് സിനിമാശാലകൾ പ്രവർത്തിക്കുന്നുണ്ട്. രണ്ട് ടാക്കീസിൽ നിന്നുമുള്ള വരുമാന പട്ടിക പരിശോധിച്ചാൽ വിനോദ നികുതി ഇനത്തിൽ പ്രതീക്ഷിച്ച വരുമാനം ഉണ്ടായിട്ടില്ല എന്ന് മനസിലാകും.

**<u>ലീസ്-</u>** പുഴപുറമ്പോക്കും മറ്റും ലീസിന് കൊടുക്കുന്ന വ്യവസ്ഥകളിൽ ഒരു പുനപരിശോധന ആവശ്യമാണ്. പുറമ്പോക്കു

ഭൂമി അളന്ന് തിട്ടപ്പെടുത്തി അനധികൃതമായി പുറമ്പോക്കു കൈവശം വച്ചു വരുന്നവരിൽനിന്നും യഥാർത്ഥ ലീസ് ഈടാക്കി അവർക്കു ഭൂമി ലീസിന് കൊടുക്കുവാൻ സാധിക്കണം. ലീസിനു അനുവദിക്കുന്ന സ്ഥലത്തിന്റെ സ്വഭാവം പരിശോധിച്ചു നിരക്കു പരിഷ്ക്കരിക്കാവുന്നതാണ്. പരിസ്ഥിതി പ്രശ്നമില്ലാതെ പുഴ പുറമ്പോക്ക് ചെമ്മീൻകൃഷിക്കുപയോഗിക്കാൻ സാധിക്കുമോ എന്ന കാര്യവും പരിഗണിക്കേണ്ടതാണ്.

## പാടിയിൽകണ്ടി

പാടിയിൽ കടവിൽ നിലവിലുള്ള കണ്ടിചിറയിൽ നിന്നും കുണ്ടുപള്ള കണ്ടിചിറയുമായി ബന്ധിപ്പിക്കുന്ന ഒരു ചിറ നിർമ്മിച്ചാൽ നൂറ് കണക്കിന് ഏക്കർ കയ്പ്പാട് കർഷകർക്ക് മഴക്കാലത്ത് ഞാറ് കയ്പ്പാടിൽ എത്തിക്കുന്നതിനും കൊയ്ത്തു കാലത്ത് നെല്ല് കരയ്ക്കെത്തിക്കാനും വളരെയേറെ സഹായകരമാകും. പ്രസ്തുത ചിറയിൽ ഒരു മഞ്ച നിർമ്മിച്ച മത്സ്യബന്ധന സൗകര്യംകൂടി ഉണ്ടാക്കിയാൽ ലക്ഷക്കണക്കിന് രൂപയുടെ വരുമാനം പഞ്ചായത്തിന് ലഭിക്കും.

## പരസ്യനികുതി

പഞ്ചായത്ത് പരിധിക്കകത്തു പ്രദർശിപ്പിക്കുന്ന വിവിധതരം പരസ്യങ്ങൾക്ക് നികുതി ഈടാക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയാൽ പുതിയ വരുമാന മാർഗ്ഗം കണ്ടെത്താൻ കഴിയും.

## ഷോപ്പിങ്ങ് കോംപ്ലക്സ്

ചെറുകുന്ന് തറക്ക് സമീപം ഷോപ്പിങ്ങ് കോംപ്ലക്സ്, കമ്മ്യൂണിറ്റി ഹാൾ, ടാക്സി സ്റ്റാൻറ് എന്നിവ നിർമ്മിക്കുവാൻ സാധിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. അതിവേഗം വികസിച്ചു കൊണ്ടിരിക്കുന്ന തറയും പരിസരവും ദീർഘവീക്ഷണത്തോടെയും ആസൂത്രിതമായും സംവിധാനം ചെയ്യാൻ നമുക്ക് കഴിഞ്ഞാൽ അതിലൂടെ വമ്പിച്ച വരുമാനം കണ്ടെത്താനാവും. ഇക്കാര്യത്തിൽ ഭാവനാപൂർണ്ണവും പ്രായോഗികവുമായ നടപടികൾ സ്വീകരിക്കാൻ സാധിക്കണം. ഇക്കാര്യവുമായി ബന്ധപ്പെട്ട് ഗ്രാമവികസന ബോർഡ് പോലുള്ള സ്ഥാപനങ്ങളെ സമീപിക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണ്.

## മനുഷ്യാദ്ധ്വാനം.

മനുഷ്യാദ്ധ്വാനം ഫലപ്രദവും ആസൂത്രിതമായും വിനിയോഗിച്ചാൽ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്ന് സമ്പൂർണ്ണസാക്ഷരതാ പ്രവർത്തനം തെളിയിച്ചിട്ടുണ്ടല്ലോ. പാഴായിപോകുന്ന മനുഷ്യശക്തിയെ നമ്മുടെ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചേ തീരൂ. ഇക്കാര്യത്തിൽ ഫലപ്രദമായ ബോധവല്ക്കരണം അനിവാര്യമാണ്.

## പ്രശ്നങ്ങൾ

1. തൊഴിൽ ചെയ്യുന്ന എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ സാധിക്കുന്നില്ല.
2. വിനോദ നികുതിയിൽനിന്നും പ്രതീക്ഷിച്ചത്ര വരുമാനം ലഭിക്കുന്നില്ല.
3. മുഴുവൻ പുറംപോക്കു ഭൂമി സംബന്ധിച്ചും കൃത്യമായി കണക്കുകളോ രേഖകളോ ഇല്ല.
4. ടൂറിസം വികസനം സംബന്ധിച്ച സാധ്യതകൾ ഉപയോഗിക്കുന്നില്ല.
5. മനുഷ്യാദ്ധ്വാനം സൗജന്യസേവനം എന്ന നിലയിൽ പൊതുവികസന പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

6. വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന ചെറുകുന്ന് പഞ്ചായത്ത്കാരുടെ സമ്പത്ത് പഞ്ചായത്തിന്റെ സമഗ്രവികസന പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

7. കോൺട്രാക്റ്റർമാരും ഇടത്തട്ടുകാരും പഞ്ചായത്തിന്റെ വികസന കാര്യം മറന്ന് തങ്ങളുടെ അമിതലാഭത്തിൽ മാത്രം ശ്രദ്ധിക്കുന്നു.

## സാധ്യതകൾ

1. ആവശ്യങ്ങളേക്കാൾ ആഡംബരത്തിനും ആർഭാടത്തിനും പ്രാധാന്യം നല്കി നിർമ്മിച്ച വലിയ കെട്ടിടങ്ങൾക്ക് പ്രത്യേക അനുപാതത്തിൽ നികുതി ചുമത്തുക.

2. തൊഴിൽനികുതി തൊഴിൽ ചെയ്യുന്നവരിൽ നിന്നെല്ലാം ഈടാക്കുക.

3. പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കാതെ മത്സ്യബന്ധനസൗകര്യങ്ങൾ വിപുലപ്പെടുത്തുക.

4. കെട്ടിട നികുതിയിൽ നിന്നു് ഒഴിവാക്കപ്പെട്ട സ്ഥാപനങ്ങൾക്കും പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കും ശാസ്ത്രീയ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി ഏർപ്പെടുത്തുക.

5. ചെറുകുന്ന് തറക്ക് സമീപം അനുയോജ്യമായ സ്ഥലം കണ്ടെത്തി ഷോപ്പിങ് കോംപ്ലക്സ്, കമ്മ്യൂണിറ്റി ഹാൾ, ടാക്സി സ്റ്റാൻറ് എന്നിവ നിർമ്മിക്കുക.

6. പഴങ്ങോട് "പയ" എന്ന ദ്വീപ് ടൂറിസ്റ്റ് കേന്ദ്രമാക്കുക.

7. പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തി മത്സ്യബന്ധനത്തിനും മത്സ്യകൃഷിക്കും ഉപയോഗിക്കുക.

8. ലീസിന് നല്കിയ സ്ഥലത്തിന്റെ ഉപയോഗക്രമം മനസ്സിലാക്കി ലീസ് നിരക്ക് പുതുക്കി നിശ്ചയിക്കുക.

9. വിനോദ നികുതി വർദ്ധിപ്പിക്കാനുള്ള സാദ്ധ്യതകൾ കണ്ടെത്തുക.

10. വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന ചെറുകുന്ന് നിവാസികളുടെ വരുമാനം ഫലപ്രദമായി ഉപയോഗപ്പെടുത്തി വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുക.

11. പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കക്ക സംഭരണവും വിതരണവും ആരംഭിക്കുക.

12. കൊവ്വപ്പുറത്ത് മത്സ്യ മാർക്കറ്റ് ആരംഭിക്കുക.

13. പരസ്യനികുതി ഏർപ്പെടുത്തുക.

14. പഞ്ചായത്ത് പരിധിക്കകത്തുണ്ടാക്കുന്ന കാർഷികവ്യാവസായിക കരകൗശല വസ്തുക്കളുടെ വിപണനത്തിന് ചന്തകൾ ഏർപ്പെടുത്തുക.

15. പഞ്ചായത്ത് പുറമ്പോക്കിൽ അനുഭവങ്ങൾ വെച്ചുണ്ടാക്കാൻ പറ്റുന്ന സ്ഥലങ്ങളിൽ അനുഭവങ്ങൾ വെച്ചു ണ്ടാക്കുക.

### ചെലവ് സംബന്ധിച്ച വിവരങ്ങൾ 1995-96

| ഇനം | തുക. |
|---|---|
| 1 | 2 |
| ഭരണം | 452900.00 |
| പൊതുമരാമത്ത് | 605000.00 |
| വിദ്യാഭ്യാസം | 52000.00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 69000.00 |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | 34287.00 |
| മറ്റുള്ളവ | 15700.00 |
| ആകെ | 1228887 |

## പഞ്ചായത്തിലെ സർക്കാർ ഓഫീസുകൾ

1 ഗ്രാമ വികസന ഓഫീസ്. ചെറുകുന്ന്
2 വില്ലേജ് ഓഫീസ്
3 പോലീസ് സ്റ്റേഷൻ
4 കൃഷിഭവൻ
5 ഗോസംവർദ്ധക ഉപകേന്ദ്രം ( ICDP Sub Centre)
6 ഗ്രാമ പഞ്ചായത്ത് ഓഫീസ്
7 ആയുർവേദ ആശുപത്രി
8 കുടുംബക്ഷേമ ഉപകേന്ദ്രം (2 എണ്ണം)
9 താവം ബ്രാഞ്ച് പോസ്റ്റാഫീസ് -
10 ചെറുകുന്ന് (R.S) ”
11 ഒതയമ്മാടം ”
12 ടെലിഫോൺ എക്സ്ചേഞ്ച്
13 ഇലക്ട്രിസിറ്റിബോർഡ് സെക്ഷൻ ഓഫീസ്

# റിപ്പോർട്ട് തയ്യാറാക്കുന്നതിൽ നേതൃത്വം നൽകിയവർ

1 കെ. കുമാരൻ മാസ്റ്റർ
2 എ. വി. ചന്ദ്രൻ മാസ്റ്റർ
3 എം. ശെൽവകുമാർ മാസ്റ്റർ
4 അഡ്വ. ഇ. കെ. രാമകൃഷ്ണൻ
5 പി. കൃഷ്ണൻ നമ്പ്യാർ. ( റിട്ട: അസി: എഞ്ചിനീയർ)
6 സി. എച്ച്. പ്രദീപ്കുമാർ
7 സി. ഗോപിനാഥൻ
8 എൻ. സന്തോഷ്കുമാർ
9 കെ. മോഹനൻ
10 എം. എം. അനിത
11 വി. വിജയരാഘവൻ
12 എൻ. ദാമോദരൻ
13 ടി. ഗ്രേഷ്യൻ മാസ്റ്റർ
14 വി.വി. നാരായണൻ മാസ്റ്റർ
15 കെ. വി. ഇന്ദിര
16 പി. വിനോദ് കുമാർ
17 എ. കുഞ്ഞമ്പാടി
18 പി. പി. നാണി
19 എം. കെ. സുരേഷ്

## കണ്ണൂർ ജില്ല



# അധികാരം ജനങ്ങൾക്ക്

ഒൻപതാം പദ്ധതി

ജനകീയ പദ്ധതി

ഗ്രാമസഭകളിലൂടെ

വികസന സെമിനാറിലൂടെ

പുതിയൊരു വികസന സംസ്കാരം